www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 40 | 2017 OCT 14 | ₹10



# സലഫി വിരോധികളുടെ 'മുഖ്യധാരാ' വിമർശനങ്ങൾ

## പേപ്പർ കറൻസി: ലോകം വഞ്ചിക്കപ്പെട്ടുവോ?

ഫിത്‌നയുടെ രണ്ട് വഴികൾ || തകർന്നടിയുന്ന നോട്ട് കൊട്ടാരം

വസ്‌വാസ് കേവലമൊരു മനോവൈകല്യമോ?





WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

# നേർപഥം
വാരിക

0040 / 2017 ഒക്ടോബർ 14 / 1439 മുഹർറം 23 / പുസ്തകം 01 / ലക്കം 40






# സലഫി വിരോധികളുടെ 'മുഖ്യധാരാ' വിമർശനങ്ങൾ

സുഫ്‌യാൻ അബ്ദുസ്സലാം / 10


**മുഖമൊഴി**
കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്ന അത്യാർത്തി / 05
എഡിറ്റർ

**ലേഖനങ്ങൾ**
പേപ്പർ കറൻസി: ലോകം വഞ്ചിക്കപ്പെട്ടുവോ? / 06
ഷാബു മുഹമ്മദ് ഷബീൻ. ടി

വസ്‌വാസ് കേവലമൊരു മനോവൈകല്യമോ? / 15
ഡോ. സബീൽ, പട്ടാമ്പി

ഫിത്‌നയുടെ രണ്ട് വഴികൾ / 24
അബ്ദുൽ മാലിക് സലഫി

ആത്മസമർപ്പണം: വിജയത്തിന്റെ കാതൽ / 30
ഹംസ മദീനി

**ബാലപഥം**
പരോപകാരം / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
നമ്മുടെ ഉമ്മ / 19
ശുക്കൂർ കടലുണ്ടി

**ചരിത്രപഥം**
ധിക്കാരികളുടെ പതനം / 20
ഹുസൈൻ സലഫി, ഷാർജ

**കാഴ്ച**
തണൽ തേടി ഒരു വെള്ളിയാഴ്ച / 26
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ പഠനം**
നിയന്ത്രിക്കേണ്ട ദുഃസ്വഭാവം / 27
ശമീർ മദീനി

**പാരന്റിംഗ്: 33**
അതിരു തീർക്കേണ്ട അനുകരണ ഭ്രമം / 28
അശ്‌റഫ് എകരൂൽ

**ഹദീസ് പാഠം**
ചിരിയിലുമുണ്ട് ചില കാര്യങ്ങൾ / 33
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**
തകർന്നടിയുന്ന നോട്ട് കൊട്ടാരം / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു



### ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ച മതമോ?

സൃഷ്ടിക്കുകയും സംരക്ഷിക്കുകയും പരിപാലിക്കുകയും എല്ലാ ജീവികൾക്കും അനിവാര്യമായ മാർഗദർശനം നൽകുകയും ചെയ്യുന്ന ഏകനായ അല്ലാഹു മാനവരാശിക്ക് അവതരിപ്പിച്ച മതമാണ് ഇസ്‌ലാം. അത് തികച്ചും മനുഷ്യപക്ഷത്ത് നിൽക്കുന്ന കാരുണ്യത്തിന്റെ മതമാണ്. എന്നാൽ ഈയൊരു മതത്തെ 'വാൾകൊണ്ട് പ്രചരിച്ച' മതമാണ് എന്ന് വരുത്തിത്തീർക്കാൻ കാലമേറെയായി ശ്രമം തുടങ്ങിയിട്ട്. അതുപോലെ അടിസ്ഥാനരഹിതമായ ധാരാളം ആരോപണങ്ങൾ വേറെയും പണ്ടുമുതലേ ഉന്നയിക്കപ്പെടുണ്ട്; ഇന്നും അത് തുടരുന്നുമുണ്ട്.

'ജിഹാദ്' എന്ന അറബി പദമാണ് വിമർശകരുടെ കയ്യിലെ 'വലിയൊരു' ആയുധം. ക്വുർആനിൽ ജിഹാദിന് ആഹ്വാനമുള്ളതായി കാണാം; അത് അന്യമതസ്ഥരെ കണ്ടേടത്തുവെച്ച് കൊല്ലാനുള്ള ആഹ്വാനമാണ് എന്നാണ് ഇവർക്ക് പറയാനുള്ളത്. മധ്യകാല ക്രൈസ്തവ രചനകളുടെ വെളിച്ചത്തിൽ ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിച്ചവരെല്ലാം ജിഹാദിനെകുറിച്ച് മനസ്സിലാക്കിയത് അമുസ്‌ലിംകളെ നിർബന്ധിച്ച് മതം മാറ്റുന്നതിന് വേണ്ടി മുസ്‌ലിംകൾ നടത്തുന്ന യുദ്ധത്തിന്റെ പേരാണ് ജിഹാദ് എന്നാണ്. കോടിക്കണക്കിന് കോപ്പികൾ വിറ്റഴിക്കുകയും റഫറൻസിന് ഏറ്റവുമധികം ഉപയോഗിക്കുന്നതുമായ ഇംഗ്ലീഷ് നിഘണ്ടുവായ 'റീഡേഴ്സ് ഡൈജസ്റ്റ് ഓക്സ്ഫോർഡ് കംപ്ലീറ്റ് വേർഡ് ഫൈൻഡർ' ജിഹാദിനെ നിർവചിച്ചത് 'അവിശ്വാസികൾക്കെതിരെ മുസ്‌ലിംകൾ നടത്തുന്ന യുദ്ധം (ദ ഹോളിവാർ) വിശുദ്ധ യുദ്ധം' എന്നാണ്!

യഥാർഥത്തിൽ എന്താണ് ജിഹാദ്? നബിﷺയുടെ നീണ്ട പതിമൂന്ന് വർഷത്തെ ജിഹാദിനുള്ള ആയുധം ക്വുർആനായിരുന്നു. അവതരിക്കുന്നതിനനുസരിച്ച് ക്വുർആൻ വചനം ഉപയോഗിച്ച് സമൂഹത്തിൽ നിലനിന്നിരുന്ന തിന്മകൾക്കും അധർമങ്ങൾക്കുമെതിരെയായിരുന്നു ജിഹാദ്. ഈ ജിഹാദാണ് മക്കയിലെ പലരുടെയും മനസ്സിൽ പരിവർത്തനത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിച്ചത്. സ്വന്തം മാതാപിതാക്കൾക്ക് അവരുടെ വാർധക്യകാലത്ത് വേണ്ടുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുക എന്നത് ശരീരം കൊണ്ടുള്ള ജിഹാദാണ്. പാവപ്പെട്ടവന്റെ പട്ടിണി മാറ്റൽ സമ്പത്തുകൊണ്ടുള്ള ജിഹാദാണെന്നും മതം പഠിപ്പിക്കുന്നു. എന്നാൽ ജിഹാദെന്ന് കേൾക്കുമ്പോൾ ഈ ചിത്രങ്ങൾ ജനഹൃദയങ്ങളിൽ എത്തുന്നില്ല; അനിവാര്യമായ ഘട്ടത്തിൽ നടക്കുന്ന യുദ്ധത്തിന്റെ ചിത്രം മാത്രമെ എത്തുന്നുള്ളൂ എന്നതാണ് വസ്തുത.

ഇസ്‌ലാമിനെതിരിൽ ശത്രുക്കൾ കാലങ്ങളായി നടത്തുന്ന കള്ളപ്രചാരണമാണ് ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണ് എന്നത്. അതുകൊണ്ടു തന്നെ ഈ കുപ്രചാരണത്തെ മുസ്‌ലിം പണ്ഡിതന്മാർ എക്കാലത്തും എതിർത്തുപോന്നിട്ടുണ്ട്.

വിശുദ്ധ ക്വുർആൻ കൊണ്ട് ജിഹാദ് ചെയ്യുന്ന പ്രവാചകൻﷺ അതിലെ സൂക്തങ്ങൾക്കതിരായി ഒന്നും ചെയ്യാറില്ല; കാരണം അത് ലോകരക്ഷിതാവിന്റെ വചനമാണ്. വിശുദ്ധ ക്വുർആനിൽ (2:256) ഇപ്രകാരം കാണാം: "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു."

ഒരാളെയും വാളുകൊണ്ടോ ബോംബുകൊണ്ടോ ഭീഷണിപ്പെടുത്തി മതത്തിൽ പ്രവേശിക്കാൻ നിർബന്ധിക്കുവാൻ ഇസ്‌ലാം പറയുന്നില്ലെന്നും അത് ഇസ്‌ലാമിനെതിരാണെന്നും ഈ വചനം വ്യക്തമാക്കിത്തരുന്നു.

നബിﷺ ഒരാളെയും മതത്തിൽ ചേർക്കാൻ യാതൊരു ബലപ്രയോഗവും നടത്തിയിട്ടേയില്ല. യഥാർഥ ദൈവത്തെ മനസ്സിലാക്കുകയും ജീവിതലക്ഷ്യം എന്തെന്ന് അറിയുകയും ചെയ്തപ്പോൾ ജനങ്ങൾ സ്വമനസ്സാലെ അതിന്റെ വക്താക്കളായി മാറുകയായിരുന്നു. ഇസ്‌ലാം വാളുകൊണ്ടാണ് പ്രചരിച്ചത് എന്നു പറയുന്നവരോട് നമുക്ക് ചോദിക്കാനുള്ള ചോദ്യമിതാണ്; അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും ഏഷ്യൻ രാജ്യങ്ങളിലും ആസ്ട്രേലിയയിലും മറ്റുമെല്ലാം ഇക്കാലത്തും ധാരാളമാളുകൾഇസ്‌ലാമിലേക്ക് കടന്നുവന്നിട്ടുണ്ട്; ഇപ്പോഴും വരുന്നുമുണ്ട്. ഏത് വാൾ കണ്ട് ഭയന്നാണ് ഇത് സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും? ഇസ്‌ലാം വാളുകൊണ്ടല്ലാതെ പ്രചരിച്ചിട്ടില്ല എന്ന ഓറിയന്റലിസ്റ്റുകളുടെ വാദം കളവാണെന്ന് ഇസ്‌ലാമിക ചരിത്രത്തെ തനതായ സ്രോതസ്സിൽ നിന്ന് പഠിച്ചു മനസ്സിലാക്കുന്ന ഏതൊരു വ്യക്തിക്കും ബോധ്യപ്പെടാവുന്നതാണ്.

**-അബ്ദുർറഊഫ്, ജാമിഅ അൽഹിന്ദ്**

മുഖമൊഴി

# കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്ന ധനത്തോടുള്ള അത്യാർത്തി

**ഈ** ലോകത്ത് അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് ജീവിക്കുന്നവനാണ് മനുഷ്യൻ. ആ അനുഗ്രഹങ്ങളൊന്നും തന്നെ തന്റെ കഴിവു കൊണ്ടോ പ്രയത്നം കൊണ്ടോ നേടിയെടുത്തവയല്ല. അല്ലാഹു നമുക്ക് പണം നൽകി. ഐശ്വര്യം നൽകി. അനുവദനീയമായ മാർഗത്തിലൂടെ ധനം സമ്പാദിക്കാൻ അനുമതി നൽകി. എന്നാൽ ഏതുവിധേനയും പണം സമ്പാദിക്കാൻ മനുഷ്യരിൽ അധികവും നെട്ടോട്ടമോടുന്നു. ഹലാലാണോ ഹറാമാണോ എന്നൊന്നും നോക്കാതെ! എങ്ങനെ തന്റെ സമ്പാദ്യം ഇരട്ടിപ്പിക്കാം എന്ന ആലോചനയിലാണവനെപ്പോഴും. അതിനു വേണ്ട എല്ലാവിധ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പല കെണികളിലും ചെന്നുചാടിക്കുന്നു മനുഷ്യന്റെ ഈ അത്യാർത്തി.

സാമ്പത്തിക രംഗത്ത് മനുഷ്യൻ പുതിയ വഴികൾ തേടുമ്പോൾ അത് അവനെ വലിയ അപകടങ്ങളിലേക്കും പരാജയങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത് സ്വാഭാവികമാണ്. അതിന്റെ പേരിൽ കുടുംബവും ബന്ധുക്കളും അനുഭവിക്കുന്ന പ്രയാസങ്ങളും തീരാവേദനകളും വറ്റാത്ത കണ്ണീരായി അവശേഷിക്കുന്ന എത്രയോ സംഭവങ്ങൾ ദിനപത്രങ്ങളിലൂടെയും വാർത്താചാനലുകളിലൂടെയും നാം കണ്ടുകൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള സംഭവങ്ങളിൽ പ്രതിയായി മാറുന്നവരും ഇരയായിമാറുന്നവരും ആരാണ്? അവരിൽ പാവപ്പെട്ടവരുണ്ട്. ഇടത്തരക്കാരുണ്ട്. വൻ സമ്പന്നരുണ്ട്. സാമ്പത്തിക പരാധീനതകളുള്ളവർ അതിൽ നിന്ന് കരകേറുവാനും സമ്പന്നർ അതിമോഹംമൂത്ത് ഇരട്ടിയിരട്ടിയായി വർധിപ്പിക്കുവാനുമുള്ള ശ്രമം നടത്തുമ്പോഴാണ് ഇരകളോ പ്രതികളോ ആയി മാറുന്നത്. ഇസ്‌ലാം പഠിപ്പിച്ച 'ഉള്ളത് കൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കണം' എന്ന തത്ത്വം ഉൾക്കൊണ്ട് ജീവിക്കാൻ മനുഷ്യർ ശ്രമിക്കുന്നില്ല. കിടമത്സരത്തിലാണവനെപ്പോഴും. താൻ മറ്റുള്ളവരെക്കാൾ ഉയർന്നു നിൽക്കണം; എല്ലാ കാര്യത്തിലും എന്നതാണവന്റെ ചിന്ത. അതിന് ഏതു നീച മാർഗവും അവലംബിക്കാൻ മടികാണിക്കുന്നില്ല. ഒരു സത്യവിശ്വാസി ഏത് നിലക്കുള്ള ജീവിത ശൈലി സ്വീകരിക്കണമെന്ന് നബിﷺ കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്.


'നിങ്ങൾ നിങ്ങളുടെ താഴെയുള്ളവരിലേക്ക് നോക്കുക. നിങ്ങൾ നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തു തരുന്ന അനുഗ്രഹത്തെ നിസ്സാരമായി കാണാതിരിക്കാൻ അതാണ് ഉത്തമം' എന്നാണ് അവിടുന്ന് കൽപിച്ചിരിക്കുന്നത്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ച് ജീവിക്കുമ്പോൾ തന്നെ അതിന് നന്ദികാണിക്കുകയും വേണം.

'സമ്പത്തും സന്താനങ്ങളും ഐഹിക ജീവിത്തിന്റെ അലങ്കാരങ്ങളാണ്' എന്നാണ് വിശുദ്ധ ക്വുർആൻ അറിയിക്കുന്നത്. പ്രത്യക്ഷമായി മതനിഷ്ഠയുള്ളവരായി ജീവിക്കുന്നവർ എന്ന് നാം മനസ്സിലാക്കുന്നവരിൽ ചിലരെങ്കിലും സാമ്പത്തിക രംഗത്ത് വിശുദ്ധി പാലിക്കുന്നില്ലെന്ന യാഥാർഥ്യം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു! അന്യന്റെ മുതൽ അപഹരിക്കുന്ന കാര്യത്തിൽ പരസ്പരം മത്സരിച്ചു കൊണ്ടിരിക്കുന്ന ദുരന്ത വാർത്തകൾ ദിനം പ്രതി കേൾക്കാനിടവരുന്നു. 'തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായുള്ളവനാകുന്നു' എന്ന അല്ലാഹുവിന്റെ വചനം എത്ര ശരിയാണ്. അതുകൊണ്ടാണല്ലോ ധനത്തിന്റെ പേരിൽ മക്കൾ പിതാവിനെയും പിതാവ് മക്കളെയുമൊക്കെ വെട്ടിക്കൊന്നതിന്റെ റിപ്പോർട്ടുകൾ നമുക്ക് വായിക്കേണ്ടിവരുന്നത്.

ഭൗതികലോകത്തിലെ അലങ്കാരമായ സമ്പത്തിനെ അഹങ്കാരത്തിനും ദുർനടപ്പിനും വിനിയോഗിച്ച ചിലരുടെ മുൻകാല ചരിത്രങ്ങൾ വിശുദ്ധ ക്വുർആൻ പറഞ്ഞുതരുന്നുണ്ട്. ഇന്നും അത്തരക്കാരുണ്ട്; അവർ സമൂഹത്തിന് വരുത്തിവെക്കുന്ന ദോഷങ്ങൾ ചെറുതല്ല. എങ്ങനെ സമ്പാദിച്ചു, ഏതുവഴിയിൽ വിനിയോഗിച്ചു എന്ന ചോദ്യത്തിന് നാളെ പടച്ചവന്റെ കോടതിയിൽ മറുപടി പറയേണ്ടിവരുമെന്ന ചിന്ത ഒരു മുസ്‌ലിമിന് വിനഷ്ടമായിക്കൂടാ.

ഷാബു മുഹമ്മദ് ഷബീൻ. ടി
shabushebeen@gmail.com

ലേഖനം



# പേപ്പർ കറൻസി ലോകം വഞ്ചിക്കപ്പെട്ടുവോ?

വർഷങ്ങൾക്ക് മുമ്പ് വായിച്ച ഒരു ചെറുകഥ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നുന്നുണ്ട്. "A horse and two goats' എന്ന കഥയുടെ രചയിതാവ് ഇന്ത്യയുടെ മുൻ പ്രസിഡന്റ് കെ.ആർ നാരായണനാണ്. ഒരു തമിഴനോട് ഒരു അമേരിക്കൻ സായിപ്പ് കുതിരയുടെ വലിയ ഒരു പ്രതിമക്കായി വിലപേശുകയും തമിഴൻ തന്റെ രണ്ട് ആട്ടിൻ കുട്ടികളെയാണ് സായിപ്പ് ചോദിക്കുന്നത് എന്ന ധാരണയിൽ വളരെ വിഷമത്തോടെ വിൽപനക്ക് തയ്യാറാകുന്നതുമാണ് ഇതിന്റെ ഇതിവൃത്തം. ശേഷം വലിയ ഒരു വാഹനത്തിൽ പ്രതിമ ഇളക്കിപ്പറിച്ച് തന്റെ നാട്ടിലെക്ക് അതിന്റെ ചരിത്ര പ്രാധാന്യം മുൻനിത്തി വിഭവ ശേഖരണം നടത്തുന്ന സായിപ്പ്, അതിന്റെ വിലയായി തമിഴന്ന് നൽകുന്നത് ഒറ്റക്കണ്ണുള്ള പേപ്പർ കറൻസിയാണ്. ഇനി കാര്യത്തിലേക്കു കടക്കാം. അപ്പോൾ അറിയാം ഈ കഥയുടെ സാരം.

അമേരിക്ക എന്ന രാഷ്ട്രം വിഭവസമ്പന്നമാണ് എന്നും സാമ്പത്തികമായി വളരെ മുൻപന്തിയിൽ നിൽക്കുന്ന ലോക നേതൃത്വമാണ് എന്നുമൊക്കെ പരാമർശിക്കപ്പെടാറുണ്ട്. എങ്ങനെയാണ് ഇത് സാധ്യമായത് എന്ന അന്വേഷണത്തിലൂടെ ലോകത്തെ മുഴുവൻ പേപ്പറും മഷിയും നൽകി അമേരിക്ക വഞ്ചിക്കുകയായിരുന്നു എന്ന സത്യമാണ് കാണാൻ കഴിയുക. പേപ്പറും മഷിയും അല്ലാതെ മറ്റെന്താണ് കറൻസിയിൽ ഉള്ളത്? ഉണ്ടെങ്കിൽ തന്നെ അതിന്റെ ഉള്ളിലുള്ള ഒരു നൂലു മാത്രം!

ഈ വിഷയം ചർച്ച ചെയ്യുന്നതിന് മുന്നോടിയായി മൂന്ന് കൊലപാതകങ്ങൾ പരാമർശിക്കപ്പെടേണ്ടതുണ്ട്. അല്ലാത്ത പക്ഷം ഈ ചർച്ച തീർത്തും അപൂർണമോ നിരർഥകമോ ആയിത്തീരും.

1) സുഊദി രാജാവായിരുന്ന, ആലുസുഊദ് കുടുംബത്തിൽ പെട്ട 'കിംഗ് ഫൈസലി'ന്റെ മരണം.

2) ബഹുജന നാശകാരികളായ ആയുധങ്ങൾ (weapons of mass destruction) കൈവശം വെച്ചു എന്ന് ആരോപിക്കപ്പെട്ട് തൂക്കിലേറ്റപ്പെട്ട 'സദ്ദാം ഹുസൈൻ' എന്ന ഇറാഖിലെ ഭരണാധികാരി.

3) ആഫ്രിക്കൻ ഉപഭൂഖണ്ഡത്തിന്റെ ലിബിയൻ ഭരണാധികാരിയായി വാണിരുന്ന 'മുഹമ്മർ ഗദ്ദാഫി' യുടെ മരണം. ലോകം ഈയിടെ കണ്ട ഒരു വലിയ മനുഷ്യവേട്ടയുടെ ഇര.

ആലു സുഊദ് കുടുംബത്തിൽ നിന്ന് കൊല്ലപ്പെട്ട ഏക രാജാവ് കിംഗ് ഫൈസലാണ്. ഈയിടെയായി അദ്ദേഹത്തിന്റെ ഒരു പ്രസംഗം ശ്രവിച്ചപ്പോൾ മനസ്സിലായത് അദ്ദേഹത്തെ പോലെ ഒരു ഭരണാധികാരിയെ ഇന്ന് കാണാൻ കഴിയില്ല എന്നാണ്. അത്രയേറെ മൂല്യങ്ങളോട് കൂറുള്ള ഒരു വ്യക്തി.

1960കളുടെ തുടക്കത്തിലാണ് സുഊദിയിൽ എണ്ണയുടെ സാന്നിധ്യം കണ്ടെത്തുന്നത്. അതിന് വേണ്ട സാങ്കേതിക സഹായങ്ങളും മറ്റുമെല്ലാം നൽകിയത് അമേരിക്കയാണ്. ആ ഒരു സാഹചര്യത്തിൽ കിംഗ് ഫൈസലിന്റെ ധീരമായ ഒരു ആവശ്യപ്പെടലുണ്ടായി: "അമേരിക്ക, തങ്ങൾക്ക് ലഭിക്കേണ്ട വരുമാനത്തിന്റെ വിഹിതം ഡോളറായി നൽകുന്നത് ഞങ്ങൾക്ക് സ്വീകാര്യമല്ല, അത് ഗോൾഡായി തന്നെ നൽകണം." ഒരു പക്ഷേ, ഈ ഒരു ആവശ്യപ്പെടലാണ് കിംഗ് ഫൈസലിന്റെ മരണത്തിലേക്ക് നയിച്ചത് എന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയും. പ്രത്യേകിച്ചും ശേഷം വന്ന ഒരു സുഊദി ഭരണാധികാരിയും ഈയൊരു ആവശ്യം മുന്നോട്ട് വെക്കാൻ ധൈര്യം കാണിച്ചിട്ടില്ല എന്ന വസ്തുത കൂടി മുഖവിലക്കെടുക്കുമ്പോൾ. കിംഗ് ഫൈസലിന്റെ ആവശ്യവും അതിനോട് അനുബന്ധമായുണ്ടായിട്ടുള്ള സംഭവവികാസങ്ങളും വെളിച്ചം വീശുന്നത് എന്തോ അതിലാണ് നമ്മുടെ ചർച്ചയുടെ മർമം പരന്നുകിടക്കുന്നത്.

ബഹുജന നാശകാരികളായിട്ടുള്ള ആയുധശേഖരം സൂക്ഷിച്ചുവെച്ചിട്ടുണ്ട് എന്ന് ആരോപിച്ച് ചെന്നായയെ പിടിക്കുന്ന പോലെ പിടിച്ച് ബങ്കറിലിട്ട് വിചാരണ എന്ന ഒരു പ്രഹസനവും നടത്തി അമേരിക്ക തൂക്കിക്കൊന്ന ഇറാഖിന്റെ ഭരണാധികാരിയാണ് 'സദ്ദാം ഹുസൈൻ.' സദ്ദാം ഹുസൈനും അമേരിക്കയും തമ്മിലുള്ള നയതന്ത്ര ബന്ധം പരാജയപ്പെട്ട് ഇറാഖ് 'ഡോളറു'മായുള്ള ബന്ധം അവസാനിപ്പിക്കുകയും 'യൂറോ'യുമായി ബന്ധം സ്ഥാപിക്കാൻ സദ്ദാം തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് രംഗം രക്തകലുഷിതമാകുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

**Intrinsic Value**

ഗദ്ദാഫിയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ യൂണിയൻ സ്വർണ നാണമായ ദീനാറും വെള്ളി നാണയമായ ദിർഹമും പുനഃസ്ഥാപിക്കാൻ തീരുമാനിക്കുന്ന വളരെ നിർണായകമായ ഘട്ടത്തിലാണ് മുഹമ്മർ ഗദ്ദാഫിയുടെ ഭരണാധികാര നഷ്ടവും അന്ത്യവും സംഭവിക്കുന്നത്!

യഥാർഥത്തിൽ ഒരു 2000 രൂപ കറൻസി നോട്ടും 2000രൂപ വിലയുള്ള സ്വർണത്തകിട് ഉൾക്കൊള്ളിച്ചിട്ടുള്ള (Intrinsic Value) കറൻസിനോട്ടും വിപണിയിൽ വന്നാൽ സ്വാഭാവികമായും ഡിമാന്റ് ചെയ്യപ്പെടുന്നത് രണ്ടാമത് പരാമർശിക്കപ്പെട്ടത് തന്നെയായിരിക്കും. ഉദാഹരണമായി ഇറാഖിന്റെ കറൻസി വലിയ മൂല്യമുള്ളതായിരുന്നു; അവ സദ്ദാം ഹുസൈന്റെ പതനത്തോടെ ആർക്കും വേണ്ടാത്ത കടലാസ് തുണ്ടുകളായി; അവ ഇറാഖിന്റെ പ്രാന്തപ്രദേശത്ത് കാറ്റത്ത് പാറിനടക്കുന്നത് അവസ്ഥാവിശേഷമുണ്ടായി. നരേന്ദ്ര മോഡി എന്ന നമ്മുടെ പ്രധാനമന്ത്രിക്ക് കേവലം ഒരു രാത്രി കൊണ്ട് നിരോധിക്കാൻ കഴിഞ്ഞതും ജനങ്ങൾ തങ്ങളുടെ അധ്വാനഫലത്തിനായി നെട്ടോട്ടമോടിയതും അടുത്തകാലത്താണല്ലോ. കള്ളപ്പണവും കള്ളനോട്ടും അവസാനിപ്പിക്കാനെന്ന പേരിൽ നടത്തിയ നോട്ട് നിരോധനംകൊണ്ട് അതൊന്നും അവസാനിച്ചില്ല എന്നു മാത്രമല്ല വർധിച്ചിട്ടേയുള്ളൂ എന്ന വസ്തുതയാണ് നാൾക്കുനാൾ വെളിവായിക്കൊണ്ടിരിക്കുന്നത്. വിയർപ്പൊഴുക്കി അധ്വാനിച്ചവർ ഒരു സുപ്രഭാതത്തിൽ കഠിനമായി വഞ്ചിക്കപ്പെട്ടു എന്നതാണ് യാഥാർഥ്യം.

പേപ്പർ കറൻസി ലോകത്ത് ഒരു ആകമാനം സ്വീകരിക്കപ്പെടുന്നത് രണ്ടാം ലോകയുദ്ധ ശേഷം (1940ന് ശേഷം) നിലവിൽ വന്ന യുണൈറ്റഡ് നാഷൻസിന്റെ (UNO) തുടർച്ചയായി നിലവിൽ വന്ന IMF(International Monetory Fund)ന്റെ പ്രവർത്തനാനന്തരമാണ് എന്നത് ശ്രദ്ധേയമാണ്. അതുവരെയും ലോകത്ത് പലയിടങ്ങളിലും ദീനാറും (gold) ദിർഹമും (silver) നിലനിന്നിരുന്നു. എന്നാൽ പേ

**കിംഗ് ഫൈസലിന്റെ ധീരമായ ഒരു ആവശ്യപ്പെടലുണ്ടായി: "അമേരിക്ക, തങ്ങൾക്ക് ലഭിക്കേണ്ട വരുമാനത്തിന്റെ വിഹിതം ഡോളറായി നൽകുന്നത് ഞങ്ങൾക്ക് സ്വീകാര്യമല്ല, അത് ഗോൾഡായി തന്നെ നൽകണം." ഒരു പക്ഷേ, ഈ ഒരു ആവശ്യപ്പെടലാണ് കിംഗ് ഫൈസലിന്റെ മരണത്തിലേക്ക് നയിച്ചത് എന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയും.**

പ്പർ കറൻസിയുടെ തുടക്കം ഒരിക്കലും 1940ന് ശേഷമല്ല. അത് പൗരാണിക ചൈനയിലാണ് (BC 158) എന്നും പറയപ്പെടുന്നുണ്ട്. ഇതിന്റെ തുടക്കം ഒരു രസീതി രൂപത്തിലാണ്. കച്ചവടക്കാർ തങ്ങളുടെ കയ്യിൽ ഇത്ര രൂപയുടെ സാധനം ഉണ്ട് എന്ന് കാണിക്കുന്ന ഒരു രസീതിയിലാണ് ഇതിന് നാന്ദി കുറിക്കപ്പെടുന്നത്.

അതായത് ഇന്ന് നാം കാണുന്ന ഫിയറ്റ് മണിയുടെ തുടക്കം ഇങ്ങനെ ഒരു 'പ്രോമിസറി നോട്ട്' വഴിയാണ് ഈ പ്രോമിസറി നോട്ടാണ് ബാങ്ക് നോട്ടായി മാറുന്നത്. പണ്ടു മുതലേ ബാങ്കിംഗ് രംഗത്ത് അഗ്രഗണ്യരായിരുന്നത് ജൂതന്മാരാണ്. 'ഷേക്സ്പിയ'റുടെ 'മെർച്ചന്റ് ഓഫ് വെനീസ്' എന്ന കൃതിയിലെ 'ഷൈലോക്' പ്രതിനിധീകരിക്കുന്നത് ഈ ഒരു കഥാപാത്രത്തെയാണ്. അമേരിക്കൻ കേന്ദ്രബാങ്കായ ഫെഡറൽ റിസർവ്വിന്റെ 80% ഉടമസ്ഥാവകാശവും ശിയാ കുടുംബങ്ങളുടേതാണ് എന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

ഈ ഒരു സാഹചര്യത്തിൽ നിന്ന് പേപ്പർ കറൻസിയിലേക്ക് ഉണ്ടായ ആഗോളമാറ്റത്തിന് പ്രധാനമായും പറയപ്പെട്ട കാരണം "സൗകര്യപ്രദമാണ് കൊണ്ടുനടക്കാനും കൈകാര്യം ചെയ്യാനും എന്നതാണ്." യഥാർഥത്തിൽ സൗകര്യമായിട്ടുണ്ടോ? 8 ഗ്രാം സ്വർണത്തിന്റെ തകിടും അതിന്റെ പേപ്പർ കറൻസിയും (ഉദാ: 2200 രൂപ) ഒരു ത്രാസിൽ വെച്ചാൽ കൂടുതൽ ഭാരം കറൻസിക്കാണ്. പിന്നെ എന്ത് സൗകര്യം? സ്വർണത്തെ മറ്റുള്ള എല്ലാ ലോഹങ്ങളെക്കാളും നേർത്ത തകിടുകളാക്കാനും കടലാസിനെക്കാൾ നേർത്തതാക്കാനും പറ്റുമെന്നിരിക്കെ എന്ത് സൗകര്യമാണ് കറൻസി നോട്ടിനുള്ളത്?

മാത്രമല്ല പേപ്പർ കറൻസിയിലെ ഒരു വലിയ വെല്ലുവിളി 'പണപ്പെരുപ്പം' എന്നതാണ്. അത് സ്വർണത്തിന്റെയോ, വെള്ളിയുടെയോ കടന്നുവരവോടെ ഇല്ലാതാകും. അതായത് അത്രയേറെ ഡോളറുകൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് നിലവിലുള്ള മൊത്തം ഡോളറുകൾ സംഭരിച്ച് അമേരിക്കൻ പ്രസിഡന്റിനെയും കൂട്ടി ഫെഡറൽ റിസർവ്വിൽ പോയാൽ അതിനു തുല്യമായ സ്വർണം നൽകാൻ ഒരിക്കലും അമേരിക്കക്ക് സാധ്യമല്ല. അതിന് സുഊദി അറേബ്യയുടെ വടക്കൻ പ്രദേശം കുഴിച്ച് മുഴുവൻ സ്വർണം എടുത്താലും സാധ്യമല്ല. അത്രയേറെ കറൻസികൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. പിന്നെയും എന്തുകൊണ്ട് ഡോളറിന് മൂല്യം നില നിർക്കുന്നു? അവിടെയാണ് ആയുധ സൈനിക ബലം കാട്ടി ബാക്കിയുള്ളവരെയെല്ലാം അടക്കിവാഴുന്നു മാടമ്പിത്തരം പ്രകടമാകുന്നത്.

ഇപ്പോഴത്തെ ആഗോള വിപണിയിലെ എണ്ണ വിലയിടിവും സമ്പന്ന രാജ്യമായ സുഊദിക്ക് പോലും ഇടക്കാലത്ത് വായ്പക്ക് കാത്തുനിൽക്കേണ്ട അവസ്ഥ സംജാതമാക്കിയതും ഇത്തരം പുകമറ സൃഷ്ടിക്കലാണ് എന്നതിൽ സന്ദേഹിക്കേണ്ടതില്ല. അധിനിവേശത്തിലൂടെയും ഭീഷണിയിലൂടെയും ലോകരാജ്യങ്ങളിലെ വിഭവങ്ങൾ നിഷ്കരുണം ചൂഷണം ചെയ്തുകൊണ്ട് തന്നെയാണ് അമേരിക്ക സമ്പന്നമായിട്ടുള്ളത്. ഭീകരവാദം പോലുള്ള ഒരു പുകമറ സൃഷ്ടിച്ചു കഴിഞ്ഞാൽ പിന്നെ ആർക്കും അവിടെ എന്ത് നടക്കുന്നു എന്ന വസ്തുത അറിയാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ഒരു പത്ര പ്രവർത്തകൻ പോലും അത് അറിയാൻ ശ്രമിച്ചാൽ അയാൾ നോട്ട് ചെയ്യപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്യും. വെബ്സൈറ്റുകൾ വഴി ഒരു അന്വേഷണം നടത്തിയാൽ അതിലേറെ വലിയ ഒരു പുകമറയിലേക്കാണ് എത്തിപ്പെടുക. അങ്ങനെയുള്ള പുകമറക്കുള്ളിൽ നിന്ന് എണ്ണ ഖനനം ചെയ്യിച്ച്, മറുവശത്തിലൂടെ വളരെ തുച്ഛമായ വിലയ്ക്ക് അത് വാങ്ങി മറ്റൊരു കുപ്പായം ധരിപ്പിച്ച് വിപണിയിൽ എത്തിക്കുന്നുന്നു, കൈകാര്യം ചെയ്യപ്പെടുന്നു. തീർത്തും വഞ്ചനാത്മകമായ സമീപനം വഴി ലോക വിഭവങ്ങൾ സ്വന്തമാക്കുന്ന അജണ്ട വഴി തന്നെയാണ് അമേരിക്ക സമ്പന്നമായി മാറിയത് എന്നർഥം. പകരം നൽകുന്നത് ഡോളർ എന്ന പേരിലുള്ള കടലാസുകളും!

ക്വുർആൻ പറയുന്ന രണ്ടേ രണ്ട് കറൻസികൾ ഒന്ന് സ്വർണവും മറ്റൊന്ന് വെള്ളിയുമാണ്. അതിന് എല്ലാകാലത്തും, ആര് ഭരണാധികാരിയായി വന്നാലും പോയാലും കാര്യമായ മാറ്റങ്ങൾ വരുന്നില്ല. അതുകൊണ്ട് സ്വർണവും വെള്ളിയും നിധിയാക്കി വെക്കുന്നതിന്റെ ദുരവസ്ഥ വളരെ വലിയതാണ്. അതിനെതിരെ ക്വുർആൻ താക്കീത് ചെയ്യുന്നത് നമുക്ക് കാണാൻ കഴിയും:

"സ്വർണവും വെള്ളിയും നിക്ഷേപമായി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപറ്റി സന്തോഷവർത്ത അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കുകയും എന്നിട്ടതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെ

**കൊണ്ടുനടക്കാനും കൈകാര്യം ചെയ്യാനും സൗകര്യമാണ് എന്നാണ് പേപ്പർ കറൻസിയെ കുറിച്ച് പറയാറ്. 8 ഗ്രാം സ്വർണത്തിന്റെ തകിടും അതിന്റെ പേപ്പർ കറൻസിയും (ഉദാ: 2200 രൂപ) ഒരു ത്രാസിൽ വെച്ചാൽ കൂടുതൽ ഭാരം കറൻസിക്കാണ്. സ്വർണത്തെ മറ്റുള്ള എല്ലാ ലോഹങ്ങളെക്കാളും നേർത്ത തകിടുകളാക്കാനും കടലാസിനെക്കാൾ നേർത്തതാക്കാനും പറ്റുമെന്നിരിക്കെ എന്ത് സൗകര്യമാണ് കറൻസി നോട്ടിനുള്ളത്?**

ക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങൾ നിങ്ങൾക്കു വേണ്ടി തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ച് വെച്ചത് ആസ്വദിച്ച് കൊള്ളുക" (9:34,35).

അഥവാ സ്വർണവും വെള്ളിയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് നിധിയായി സൂക്ഷിച്ച് വെക്കാനല്ല, മറിച്ച് കൈമാറ്റം ചെയ്യപ്പെടുവാനും മനുഷ്യർക്കിടയിലെ ഒരു ഇടപാട് മാധ്യമവും ആയിട്ടാണ്. പരലോകത്ത് സത്യവിശ്വാസികൾക്ക് സ്വർണത്തിന്റെ; മണിമാളികകളും കയറിപ്പോകാനുള്ള ഏണിപ്പടികളും വളകളും പാത്രങ്ങളുമൊക്കെ ഉണ്ടാകുമെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഇതിൽ നിന്നൊക്കെ ഗ്രഹിക്കാൻ കഴിയുന്നത് ഇവയുടെ സ്ഥിരമായൊരു മൂല്യം അല്ലാഹുവിന്റെ അത്യുന്നതമായ ഒരു തീരുമാനമാണ് എന്നാണ്. അല്ലാഹു നൽകിയ അനുഗ്രഹം. ഒരിക്കലും പണപ്പെരുപ്പ ഭീഷണിയോ കള്ളപ്പണ ഭീഷണിയോ ഇതിന് നേരിടേണ്ടിയും വരുന്നില്ല.

വളരെ പണ്ടുണ്ടായിരുന്നു ഒരു പഠന ശാഖയായ 'ആൽക്കെമി' ഇവിടെ ശ്രദ്ധേയമാണ്. അറബിയിലെ 'അൽകീമിയ' ആണ് ഫ്രഞ്ചിൽ ആൽക്കെമിയായി തിരിച്ചുവന്നത്. അതാണ് പിന്നീട് 'കെമിസ്ട്രി'യി മാറിയത്. ആദ്യകാലത്ത് ആൽക്കെമിയെ ഇപ്പോഴത്തെ ഒരു രസതന്ത്ര തലത്തിൽ അല്ല കണ്ടിരുന്നത്, മറിച്ച് ഒരു പ്രത്യേക താൽപര്യത്തോടെ കെമിക്കൽസിനെ കുറിച്ചുള്ള പഠനമായിരുന്നു അത്. അതായത് 'ഫിലോസഫേഴ്സ് സ്റ്റോൺ' കണ്ടെത്തുക എന്ന ഉദ്ദേശത്തോടെയുള്ള പഠനം. ഈ സ്റ്റോൺ കൊണ്ട് ഏത് അടിസ്ഥാന ലോഹത്തിൽ ഉരസിയാലും ഗോൾഡായി മാറും എന്നതായിരുന്നു അതിന് അക്കാലഘട്ടത്തിൽ പ്രചരിക്കപ്പെട്ട സവിശേഷത. ●

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ആരോഗ്യ വിചാരം**
ഹൃദയാഘാതം: നാം അറിയാൻ
ഡോ. ഷഫീക്ക് മാട്ടുമ്മൽ
(സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ്
ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, കോഴിക്കോട്)
ഡോ. അബ്ദുൽ മലിക് പി.പി
(പീസ് റേഡിയോ പ്രധിനിതി )
16.10.17 തിങ്കൾ 9:00 PM, 11:15 PM
17.10.17 ചൊവ്വ 10:30 AM

**ചുവരെഴുത്ത്**
ആരാണ് ഹുസൈൻ വധിച്ചത്?
അബ്ദുൽ ജബ്ബാർ മദീനി
16.10.17 തിങ്കൾ, 8:20 PM
17.10.17 ചൊവ്വ 8:20 AM, 12:20 AM

**ഇ മദ്രസ**
സ്വർഗവഴിയിലെ തടസ്സങ്ങൾ
എപ്പിസോഡ്: 2
ഹസൻ അൻസാരി
17.10.17 ചൊവ്വ 07:05 AM, 06:05 PM

**സവിശേഷം**
പിന്നിട്ട വഴിയോരങ്ങൾ
ഉമർ ഇരുമ്പുഴി
അബ്ദുസമദ് കല്ലടിക്കോട്
17.10.17 ചൊവ്വ, 09:00 PM, 11:15 PM
18.10.17 ബുധൻ, 10:30 AM

**കൂടിക്കാഴ്ച**
അഭിമുഖം
കെ എം ഷാജി MLA, ഷംസീർ സ്വലാഹി
18.10.17 ബുധൻ, 09:00 PM, 11:15 PM
19.10.17 വ്യാഴം, 10:30 AM

**സലഫി ദുറൂസ്**
നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 74
അബൂബക്കർ സലഫി
19.10.17 വ്യാഴം 4:30 PM, 9:30 PM, 20.10.17 വെള്ളി 9:30 PM

**സുപഥം**
അന്ധവിശ്വാസങ്ങളുടെ ലോകം
എപ്പിസോഡ്: 5
ഫൈസൽ മൗലവി
20.10.17 വെള്ളി 04:30 PM, 09:30 PM
21.10.17 ശനി 09:30 AM

**സ്നേഹക്കൂട്**
ഇണയെ തേടുന്നവരോട്
ഹാരിസ് ബിൻ സലീം, താജുദ്ധീൻ സ്വലാഹി
20.10.17 വെള്ളി 08:20 AM
21.10.17 ശനി 12:20 AM, 8:20 AM

**ടീൻസ് ടൈം**
പരീക്ഷണങ്ങളിൽ പതറരുത്
അർഷദ് താനൂർ
21.10.17 ശനി 9:00 PM, 11:15 PM, 22.10.17 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# സലഫി വിരോധികളുടെ 'മുഖ്യധാരാ' വിമർശനങ്ങൾ



ഒരു വിഭാഗത്തോടുള്ള വിദ്വേഷം നിങ്ങളെ അനീതി പ്രവർത്തിക്കാൻ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന വിശുദ്ധ ക്വുർആനിന്റെ സന്ദേശം വിശ്വാസികൾക്കെല്ലാം ബാധകമാണ്. മുസ്‌ലിം സംഘടനകൾക്കിടയിൽ നിലനിൽക്കുന്ന ആശയപരമായ വ്യത്യാസങ്ങൾ പണ്ഡിതോചിതമായി പരിശോധിക്കുവാനും വിലയിരുത്തുവാനും എല്ലാ വിഭാഗങ്ങൾക്കും അവകാശമുണ്ട്. തെറ്റുശരികളെ നിർണയിക്കുവാൻ ഓരോരുത്തരും സ്വീകരിച്ചുവരുന്ന അളവുകോലുകൾ ഉപയോഗിച്ചുകൊണ്ട് ഭിന്നവീക്ഷണങ്ങളിൽ അടിയുറച്ച് നിൽക്കുന്നതും അതാത് വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. പക്ഷേ, തങ്ങളുടെ വീക്ഷണത്തെ അംഗീകരിക്കുന്നില്ല എന്ന കാരണത്താൽ മറുവിഭാഗത്തോടുണ്ടാകുന്ന എതിർപ്പ് അതിരുകവിഞ്ഞ് അവരെ സമൂഹമധ്യത്തിൽ താറടിച്ചു കാണിക്കുവാനും ഭരണകൂടത്തിന്റെ മുന്നിൽ വലിയ കുറ്റക്കാരായി അവതരിപ്പിക്കുവാനും ശ്രമിക്കുന്നത് ആശയപരമായ പരാജയമാണ്.

കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ പേരിൽ ഏതാനും പേർ പുറത്തിറക്കുന്ന 'മുഖ്യധാര' മാസികയിൽ ഹുസൈൻ രണ്ടത്താണി എഴുതിയ 'ഹിന്ദുത്വം, സലഫിസം സാമ്രാജ്യത്വത്തിന്റെ സന്താനങ്ങൾ' എന്ന ലേഖനം ഇത്തരം വിദ്വേഷ പ്രചാരണത്തിന്റെ ഭാഗം മാത്രമാണ്. തലക്കെട്ട് വായിക്കുമ്പോൾ തന്നെ സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും രോഗം മനസ്സിലാവും. 'സലഫിസം' എന്ന ഒരു ഇസം ലോകത്ത് സലഫി മാർഗം സ്വീകരിക്കുന്ന പണ്ഡിതന്മാരോ രാജ്യങ്ങളോ സ്വീകരിച്ചിട്ടില്ല എന്നത് ആദ്യമേ സൂചിപ്പിക്കട്ടെ. ഇന്ത്യാ രാജ്യത്തെ സവർണ ഭീകരതയുടെ പ്രതീകമായ 'ഹിന്ദുത്വ ഫാഷിസത്തെ സുഊദി അറേബ്യയുമായും അവർ ആദർശമായി സ്വീകരിച്ച ക്വുർആനിന്റെയും സുന്നത്തിന്റെയും സലഫുസ്സാലിഹുകളുടെയും മാർഗവുമായി ബന്ധിപ്പിക്കുവാനും താരതമ്യം ചെയ്യാനുമുള്ള ശ്രമമാണ് രണ്ടത്താണി നടത്തിയിരിക്കുന്നത്. ഇത്തരം താരതമ്യത്തിന്റെ ശിൽപികൾ ലോകത്തെ ഓറിയന്റലിസ്റ്റുകളും സിയോണിസ്റ്റുകളുമടങ്ങുന്ന സാമ്രാജ്യത്വത്തിന്റെ അപ്പം ഭുജിക്കുന്ന ചില ബുദ്ധിജീവികളാണെന്നത് മുസ്‌ലിം ലോകം നേരത്തെ വിലയിരുത്തിയിട്ടുള്ള കാര്യമാണ്. അതിന്റെയൊരു ആധുനിക പതിപ്പ് മാത്രമാണ് ഇദ്ദേഹമെന്നത് അദ്ദേഹത്തിന്റെ എഴുത്തിലൂടെ വ്യക്തമായിരിക്കുകയാണ്. ലോകമാകമാനം പടർന്നു പന്തലിക്കുമായിരുന്ന മുസ്‌ലിം തീവ്രവാദത്തെയും ഭീകരതയെയും കടിഞ്ഞാണിടുകയും ഭീകരസമൂഹത്തെ ഉന്മൂലനം ചെയ്യുകയും ശക്തമായ ശിക്ഷാനടപടികളിലൂടെ ഭീകരതയെ തുരത്തുകയും ചെയ്ത പാരമ്പര്യമാണ് സുഊദി അറേബ്യക്കും ഇതര ഗൾഫ് രാജ്യങ്ങൾക്കുമുള്ളതെന്ന കാര്യം ലോകത്തെ മുഴുവൻ ഇസ്‌ലാമിക സമൂഹം അംഗീകരിക്കുമ്പോഴാണ് 'മുഖ്യാധാര'യിലൂടെ ഇദ്ദേഹത്തിന്റെ സുഊദി വിരുദ്ധ തൂലികാഭ്യാസം! സാമ്രാജ്യത്വം എന്നും തെറ്റുധരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക ശരീഅത്തിനെതിരെ ഇന്ത്യയിൽ ചില പ്രചാരണങ്ങളുണ്ടാവുകയും കേരളത്തിൽ ഇടതുപക്ഷ സൈദ്ധാന്തികർ ആ പ്രചാരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ ശരീഅത്ത് സംരക്ഷണത്തിന് വേണ്ടി കേരള മുസ്‌ലിംകൾ ഒന്നിച്ചു നിൽക്കുകയുണ്ടായി. അന്ന് ശരീഅത്ത് വിരുദ്ധർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച വിഭാഗത്തിന്റെ 'ബുദ്ധിജീവി'യായ ലേഖകൻ പഴയ ചരിത്രം മറന്നു പോകാതിരിക്കുന്നത് നല്ലതാണ്. ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന

'മുഖ്യധാര'യുടെയും ഹിന്ദുത്വ ഫാഷിസത്തിന്റെ പഴയ 'വിചാരധാര'യുടെയും അന്തർധാര ഒന്നുത ന്നെയാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മുഖ്യധാരയിലെ ഒരു വരി ശ്രദ്ധിക്കൂ: 'ലോക ത്ത് ഭീകരത വിതച്ച ഹിന്ദുത്വ സലഫി പ്രസ്ഥാന ങ്ങളെ വിലയിരുത്തുമ്പോൾ ഈ വസ്തുത നമു ക്ക് ബോധ്യപ്പെടും... രണ്ടിന്റെയും ജനയിതാക്കൾ സാമ്രാജ്യത്വം തന്നെയാണെന്ന് കാണാം.' ഒരിക്ക ലും യോജിക്കാത്ത രണ്ടു ചിന്താധാരകളെ ഒന്നി പ്പിക്കാൻ ശ്രമിക്കുന്നതോടൊപ്പം സലഫിപ്രസ്ഥാ നത്തിന്റെ ജനയിതാവ് സാമ്രാജ്യത്വമാണെന്നു ഒ രു തെളിവും ഉളുപ്പുമില്ലാതെ തറപ്പിച്ചുപറയുവാ നാണ് ഇദ്ദേഹം ശ്രമിക്കുന്നത്. കേരളീയ മുസ്‌ലിം സമൂഹം ഹിന്ദുത്വ ഫാഷിസത്തിന് നേരെ മതേതര പ്രസ്ഥാനങ്ങളോട് കൈകോർത്ത് പിടിക്കുമ്പോഴും ഹിന്ദുത്വ ഫാഷിസത്തിന് മലയാളി മുസ്‌ലിം ഹൃ ദയങ്ങളിൽ പരവതാനി വിരിച്ചുകൊടുക്കുവാൻ ശ്ര മിച്ച പ്രസ്ഥാനത്തിന്റെ മലപ്പുറത്തെ വിദ്യാഭ്യാസ സമുച്ചയത്തിന്റെ അക്കാദമിക ഡയറക്ടറായി ഇരി ക്കുന്നയാളാണ് ഇത് പറയുന്നതെന്നോർക്കുമ്പോൾ ആ ചർമ സൗഭാഗ്യത്തിന് മുമ്പിൽ തലതാഴ്ത്തുകയ ല്ലാതെ നിവൃത്തിയില്ല. സലഫികൾക്കാണ് ഹിന്ദു ത്വ ഫാഷിസവുമായി ബന്ധമുള്ളതെന്ന കള്ളങ്ങൾ പറയുന്നവർ ഹിന്ദുത്വ ഫാഷിസ്റ്റുകളുമായി കൈ കോർത്തുകൊണ്ട് കാന്തപുരം മുസ്‌ല്യാർ കഴിഞ്ഞ വർഷം മാർച്ചിൽ ഡൽഹിയിൽ നടന്ന ലോക സ്വൂ ഫി സമ്മേളനത്തിൽ പങ്കെടുത്തത് സൗകര്യപൂർവം വിസ്മരിക്കുന്നു. അതിനെ ഹിന്ദുത്വ സ്വൂഫീ അ ന്തർധാരയാണെന്നു മാധ്യമങ്ങൾ നിരീക്ഷിച്ചു. ഇ ന്ത്യയിലെ ഹിന്ദുത്വ ഫാഷിസത്തിന്റെയും ഗുജറാത്തി ലെ മുസ്‌ലിം നരഹത്യയുടെയും അപ്പോസ്തലൻ ആ സമ്മേളനത്തിന്റെ വേദിയിൽ പ്രകീർത്തിച്ചത് സലഫി പ്രസ്ഥാനത്തെയായിരുന്നില്ല; മറിച്ച് സ്വൂ ഫികളെയായിരുന്നുവെന്നും മറന്നുപോവരുത്.

ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും കെട്ടുകെ ട്ടിക്കുവാൻ അശ്രാന്തം പരിശ്രമിച്ച സലഫികൾ ബ്രിട്ടീഷുകാരുടെ ഉൽപന്നമാണെന്നാണ് ഹു സൈൻ രണ്ടത്താണിയുടെ കണ്ടുപിടുത്തം! യ ഥാർഥത്തിൽ ഈ ആരോപണം ഉന്നയിക്കുന്നവർ തന്നെയാണ് ബ്രിട്ടീഷുകാരുടെ ഉൽപന്നമെന്നു തെ ളിയിക്കുന്നതാണ് ചരിത്രത്തിൽ ആരും ഓർക്കാൻ ആഗ്രഹിക്കാത്ത ചില സത്യങ്ങൾ. 1933ൽ സമസ് ത കേരള ജംഇയ്യത്തുൽ ഉലമ കോഴിക്കോട് ഫ റോക്കിൽ നടത്തിയ സമ്മേളനത്തിൽ ബ്രിട്ടീഷ് ഭ രണത്തെ അനുകൂലിച്ച് പ്രമേയം പാസ്സാക്കി മു സ്‌ലിം സമുദായത്തെ ബ്രിട്ടീഷുകാരുടെ പാദസേ വകരാക്കി മാറ്റാൻ ശ്രമിച്ച ചരിത്രമാണ് സൂചിപ്പി ക്കുന്നത്. സമസ്തയുടെ പ്രമേയം ഇതായിരുന്നു: 'സാധുക്കളും നിരപരാധികളുമായ കേരള മുസ് ലിംകളെ കോൺഗ്രസ്സ് കക്ഷിക്കാർ അവരുടെ ഉ ദ്ദേശ്യ നിർവഹണത്തിനായി ഖിലാഫത്ത് കമ്മിറ്റി എന്ന പേരും പ്രസിദ്ധം ചെയ്ത് അവരുടെ മായാ വലയിൽ പെടുത്തുകയും അവിവേകികളും പാമ രന്മാരുമായ മുസ്‌ലിമീങ്ങളെ മുമ്പിലേക്കുതള്ളി ക ക്ഷിവഴക്കുകളും ബഹളവുമുണ്ടാക്കി കേരളം മി ക്കവാറും സ്ഥലങ്ങളിൽ വമ്പിച്ച ലഹള നടന്നതി ന്റെ ഫലമായി എത്രയോ അനവധി മുസ്‌ലിം സ ഹോദരങ്ങൾ തോക്കിന്നിരയാവുകയും ജയിൽ ശി ക്ഷക്ക് കാരണഭൂതരായിത്തീരുകയും ചെയ്തുവ ല്ലോ. ഭരണകർത്താക്കളോട് എതിർക്കലും അവ രുടെ കൽപന അനാദരവ് ചെയ്യലും മതവിരോധ മായിട്ടുള്ള കാര്യമായിരിക്കെ കോൺഗ്രസ്സ് കക്ഷി ക്കരുമായി യോജിക്കലും അവരോട് സഹകരിക്ക ലും യഥാർഥ മുസ്‌ലിംകൾക്ക് ചെയ്യാൻ പാടില്ലാ ത്തതാകുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉ ലമാ സംഘത്തിലെ അംഗങ്ങളായ മുസ്‌ല്യാന്മാർ എല്ലാവരും കോൺഗ്രസ്സുകാർ അല്ലാത്തവരും ഗ വൺമെന്റ് കക്ഷിയും ആയിരിക്കണമെന്നും അഹ് ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസ നടപ ടികളെയും അതിനുള്ള ഉപകരണങ്ങളെയും പൊ തുസമാധാനപാലനത്തെയും പുനരുജ്ജീവിപ്പി ക്കൽ മേപ്പടി സംഘത്തിന്റെ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുമുള്ള മുൻനിശ്ചയത്തെ ഈ യോ ഗം പുനരാവർത്തിച്ചു ശക്തിപ്പെടുത്തുകയും ചെ യ്യുന്നു' എന്നായിരുന്നു പ്രസ്തുത പ്രമേയം.

ഖാൻ ബഹാദൂർ മമ്മുട്ടി സാഹിബ് അവതരി പ്പിച്ച ഈ പ്രമേയത്തെ പിന്താങ്ങിയത് പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ല്യാരടക്കമുള്ള പ്രഗത്ഭരായ സ മസ്ത പണ്ഡിതനായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സ മരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ കേരള ജംഇ യ്യത്തുൽ ഉലമയിലെ സലഫി ആശയങ്ങൾ ഉൾ ക്കൊണ്ട പണ്ഡിതന്മാർ നൽകിയ ബൗദ്ധികവും ആ ശയപരവും നേതൃപരവുമായ പങ്ക് ചരിത്രതാളു കളിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അതൊന്നും ചരിത്രവിഷയങ്ങളിൽ ഉന്നതബിരുദം നേടിയെന്നവകാശപ്പെടുന്ന ഏതെങ്കിലും ആധുനിക 'ഡോക്ടർമാർ' നിഷേധിച്ചാൽ മാഞ്ഞുപോകുന്നതല്ല.

ഇത്തരം അബദ്ധചരിത്രങ്ങൾ എഴുതി പ്രസി ദ്ധീകരിക്കുന്ന മുഖ്യധാര ബുദ്ധിജീവികളോടും ചി ലത് പറയാനുണ്ട്. 1942ലെ ക്വിറ്റ് ഇന്ത്യ സമരത്തി നെതിരെ ഇന്ത്യൻ മനഃസാക്ഷിക്കെതിരായ നില പാടെടുത്ത കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും സാമ്രാ ജ്യത്വ ശക്തികൾക്ക് വേണ്ടി ദാസ്യവേല ചെയ്യുക യായിരുന്നില്ലേ? കമ്യൂണിസ്റ്റ് ആചാര്യനായിരുന്ന നമ്പൂതിരിപ്പാട് തന്നെ അദ്ദേഹത്തിന്റെ 'ഒരു ഇ ന്ത്യൻ കമ്യൂണിസ്റ്റുകാരന്റെ ഓർമക്കുറിപ്പുകൾ' എ ന്ന പുസ്തകത്തിൽ ബ്രിട്ടീഷുകാരെ പിന്തുണക്കേ ണ്ട ആവശ്യകത വളരെ വ്യക്തമായി എഴുതിയി ട്ടുണ്ടല്ലോ. സാർവദേശീയ തൊഴിലാളിത്വ ശക്തി യായ റഷ്യയുടെ സഖ്യകക്ഷിയായ ബ്രിട്ടനെ എ

തിർക്കാൻ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സാധിക്കില്ലെന്നാണ് ഇ.എം.എസ് സൂചിപ്പിച്ചത്. അനേകം നിരപരാധികളെ കൊന്നൊടുക്കിയ കമ്യൂണിസ്റ്റ് റഷ്യയുടെ സ്വേച്ഛാധിപതിയായിരുന്ന സ്റ്റാലിനും തത്തുല്യമോ അതിലുപരിയോ പേരെ കൊന്നൊടുക്കിയ ജർമനിയിലെ ഹിറ്റ്ലറും തമ്മിൽ പരസ്പരം ആക്രമിക്കാതിരിക്കാൻ സന്ധി ചെയ്തിരുന്നു. എന്നാൽ സന്ധി ലംഘിച്ച് ജർമനി റഷ്യയെ ആക്രമിച്ചു. അതിനെ തുടർന്നാണ് റഷ്യ ബ്രിട്ടനുമായി സഖ്യത്തിലേർപ്പെട്ടത്. അതുകൊണ്ട് തന്നെ റഷ്യയുടെ സഖ്യകക്ഷിയായ ബ്രിട്ടനെ ലോക രാഷ്ട്രീയത്തിൽ പിന്തുണക്കൽ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടിക്കും അനിവാര്യമായി എന്നും തുറന്നു പറയാൻ അദ്ദേഹം മടിച്ചില്ല. അതുകൊണ്ടുതന്നെ ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യ നയിച്ച സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാതെ ബ്രിട്ടന് അനുകൂലമായ നിലപാട് കമ്യൂണിസ്റ്റുകൾ സ്വീകരിച്ചുവെന്നത് അവർ തന്നെ സമ്മതിക്കുന്ന ചരിത്രമാണ്.

ഒരു ഘട്ടത്തിൽ ഗാന്ധിജിക്ക് അന്നത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന പി. സി. ജോഷിക്ക് രൂക്ഷമായ ഭാഷയിൽ കത്തയക്കേണ്ടി വന്നു. 'നിങ്ങൾ സ്വാതന്ത്ര്യ സമര സേനാനികളെ ഒറ്റു കൊടുക്കുന്നില്ലേ? നിങ്ങളെ നിയന്ത്രിക്കുന്നത് ഇന്ത്യക്ക് പുറത്തു നിന്നല്ലേ? നിങ്ങൾക്ക് ലഭിക്കുന്ന പണത്തിന്റെ കണക്ക് പൊതുജന സമക്ഷം വെക്കാൻ തയ്യാറാണോ? എനിക്ക് അത് കാണാൻ സാധിക്കുമോ? നിങ്ങൾ ദുരുദ്ദേശ്യ ലക്ഷ്യങ്ങളോടെ കോൺഗ്രസ് പാർട്ടിയിൽ നുഴഞ്ഞു കയറുന്നില്ലേ?' ഇതായിരുന്നു കത്തിന്റെ ഉള്ളടക്കം. ഗാന്ധിജിയുടെ ഈ കത്ത് പുരൺ ചന്ദ്ര ജോഷി എഴുതിയ 'Correspondence between Mahatma Gandhi and PC Joshi' എന്ന പുസ്തകത്തിൽ ഇപ്പോഴും ലഭ്യമാണ്. 1947ൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യ മുഴുവൻ ആനന്ദിച്ചപ്പോൾ 'യെ ആസാദി ചൂട്ടി ഹേ' (ഈ സ്വാതന്ത്ര്യം കളവാണ്) എന്ന് പറഞ്ഞു രാജ്യം മുഴുവൻ സായുധസമരത്തിനു ആഹ്വാനം ചെയ്തതും ജോഷിയുടെയും ബി. ടി രണദിവെയുടെയും നേതൃത്വത്തിലായിരുന്നു. സലഫി പ്രസ്ഥാനത്തോട് ഇസ്‌ലാമികമായ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവർ അനവസരത്തിൽ ഉന്നയിക്കുന്ന അസത്യജഡിലവും പ്രകോപനപരവുമായ ആരോപണങ്ങൾക്ക് കുടപിടിക്കുന്ന സമീപനം 'മുഖ്യധാര' സ്വീകരിക്കുന്നത് കൊണ്ട് തന്നെ ഈ ചരിത്രം ഓർമിപ്പിക്കൽ അനിവാര്യമാകുന്നു.

സുഊദി അറേബ്യയെക്കുറിച്ചും അത് പ്രതിനിധാനം ചെയ്യുന്ന സലഫി ആശയത്തെക്കുറിച്ചും കടുത്ത ആരോപണങ്ങളും വിമർശനങ്ങളുമാണ് ലേഖകൻ തൊടുത്തുവിട്ടിരിക്കുന്നത്. ഹംഫർ എന്ന ബ്രിട്ടീഷ് ചാരനാണ് സുഊദിയെ സൃഷ്ടിച്ചതെന്ന് പറയുന്ന അതേ തൂലിക തന്നെ പ്രസ്തുത ആരോപണങ്ങൾക്ക് പലരും മറുപടി പറഞ്ഞിട്ടുണ്ടെന്നും എന്നാൽ അത് സ്ഥാപിക്കുന്ന പുതിയ തെളിവുകളുണ്ടെന്നും പറയുന്നു. തെളിവുകൾ പുറത്തുവിട്ടതുമില്ല! ഈ പഴകിപ്പുളിച്ച ആരോപണങ്ങൾക്ക് പല തവണ മറുപടി പറഞ്ഞിട്ടുള്ളതാണ്. സുഊദി അറേബ്യ വെച്ചുപുലർത്തുന്ന സലഫി ആശയം തീവ്രതയുടെതോ ഭീകരതയുടെതോ അല്ല എന്ന കാര്യം ലോകരാഷ്ട്രങ്ങൾക്കും അന്താരാഷ്ട്ര സമൂഹങ്ങൾക്കും അറിയാവുന്ന കാര്യമാണ്. സമാധാനത്തിന്റെ മതമായ ഇസ്‌ലാം ഏകനായ അല്ലാഹുവിനുള്ള സമ്പൂർണമായ സമർപണം കൂടിയാണ്. ഏകനായ സ്രഷ്ടാവിനെയല്ലാതെ ആരാധിക്കുന്നതും പ്രാർഥിക്കുന്നതും സഹായാർഥന നടത്തുന്നതും ഇസ്‌ലാം വൻപാപമായ ശിർക്കാണെന്ന് വ്യക്തമാക്കുന്നു. അത് അമ്പിയാക്കളോടായിരുന്നാലും ഔലിയാക്കളോടായിരുന്നാലും ശിർക്ക് തന്നെ. മക്ബറകളിൽ നടമാടിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും അല്ലാഹുവിനോട് മാത്രമെ ദുആ ചെയ്യാവൂ എന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഈ ആശയങ്ങളാണ് സുഊദി അറേബ്യ പ്രതിനിധാനം ചെയ്യുന്ന സലഫി ആശയങ്ങളുടെ കാതൽ. പ്രവാചകനും സ്വഹാബത്തും അവർക്ക് ശേഷമുള്ള മൂന്നു നൂറ്റാണ്ടുകളിലെ പൂർവസൂരികളും ഉൾക്കൊള്ളുന്നതാണ് സലഫ്. മതകാര്യങ്ങൾ ഈ സലഫുകൾ മനസ്സിലാക്കിയ പോലെത്തന്നെ മനസ്സിലാക്കണമെന്നും അവർക്ക് ശേഷം പല ഘട്ടങ്ങളിലായി ഇസ്‌ലാമിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തള്ളപ്പെടേണ്ടതാണെന്നുമുള്ള സന്ദേശമാണ് സലഫി ആശയങ്ങൾ പഠിപ്പിക്കുന്നത്. ഈ ആശയങ്ങൾ എങ്ങനെയാണ് തീവ്രവാദവും ഭീകരവാദവുമായി വ്യാഖ്യാനിക്കപ്പെടുന്നത്? ഈ ആശയങ്ങളോട് യോജിക്കാം; വിയോജിക്കാം. ആരെയും അതിനു നിർബന്ധിക്കുന്നില്ല. വിശുദ്ധ ക്വുർആൻ പഠിപ്പിച്ച, പ്രവാചകൻﷺ അനുചരന്മാരെ ഉൽബോധിപ്പിച്ച ആദർശങ്ങൾ കൈയൊഴിഞ്ഞ, മതത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന പൗരോഹിത്യം സ്വാഭാവികമായും ശുദ്ധമായ തൗഹീദിൽ അധിഷ്ഠിതമായ ആശയങ്ങൾക്കെതിരെ ദുഷ്പ്രചാരണം നടത്തും. ആശയത്തെ ആശയംകൊണ്ട് നേരിടാൻ സാധിക്കാത്തത് കൊണ്ടാണ് നട്ടാൽ മുളക്കാത്ത ആരോപണങ്ങൾ ഉന്നയിക്കുകയെന്ന ഗീബൽസിയൻ തിയറി സുഊദിക്കെതിരെ വിമർശകർ സ്വീകരിച്ചിരിക്കുന്നത്.

ബ്രിട്ടീഷ് അധികാരികൾക്ക് മുഹമ്മദ്ബ്നു അബ്ദുൽവഹാബിനോടും സലഫി ചിന്താധാരയോടും ശക്തമായ എതിർപ്പും വിരോധവുമാണുണ്ടായിരുന്നതെന്നു വ്യക്തമാക്കുന്ന ധാരാളം രേഖകളുണ്ട്.

സലഫി ആഭിമുഖ്യമൊന്നുമില്ലാതിരുന്ന പ്രമുഖ ഈജിപ്ഷ്യൻ ചരിത്രകാരൻ ഡോ: അഹ്മദ് ശലബി ഇസ്‌ലാമിക വിജ്ഞാന കോശം' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: 'വഹാബി പ്രസ്ഥാനത്തിന്റെ മറ്റൊരു ശത്രു തത്സമയം രംഗത്തുവന്ന ബ്രിട്ടീഷ് കോളനി വാഴ്ചയായിരുന്നു. അവർക്കു ഗൾഫിൽ വർധിച്ച താൽപര്യമുണ്ടായിരുന്നു. ഉപദ്വീപിൽ ദുർബല ശക്തികൾ ഭരിച്ചാലേ അവരുടെ താൽപര്യസംരക്ഷണം സാധ്യമാകൂ. സുഊദികൾ കെട്ടിപ്പെടുത്തുകൊണ്ടിരിക്കുന്ന ശക്തവും പ്രവിശാലവുമായ ഭരണം തങ്ങളുടെ രാഷ്ട്രീയ താൽപര്യത്തിനെതിരാണെന്നവർ മനസ്സിലാക്കി. വഞ്ചനയിലൂടെയും ഭീഷണി മുഖേനയും ആവശ്യഘട്ടങ്ങളിൽ സൈന്യം മുഖേനയും അവർ തക്കസമയത്തു ഇടപെട്ടു കൊണ്ടിരുന്നു' (വാ. 7, പേ. 125).

മറ്റൊരു ചരിത്രകാരനായ സർവത് സൗലത് എഴുതുന്നു: 'ഉസ്മാനിയ സുൽത്താനത്തും ബ്രിട്ടീഷുകാരും സുഊദി ഗവർമെന്റിനെ യശോഹത്യ ചെയ്യുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അവർ തെറ്റിദ്ധാരണാജനകവും അതിശയോക്തിപരവുമായ വാർത്തകൾ ലോകത്തെങ്ങും പ്രചരിപ്പിച്ചു. ബ്രിട്ടീഷുകാരും ഉസ്മാനികളും സുഊദികളുടെ ശത്രുക്കളായിരുന്നുവല്ലൊ. ഉസ്മാനികളുമായി അവർ നേർക്കുനേരെത്തന്നെ സംഘട്ടനത്തിലായിരുന്നു. പേർഷ്യൻ ഗൾഫ് തീരങ്ങളുടെ മേലുള്ള സുഊദി ആധിപത്യം ഇവിടെ വർധിച്ചുവരുന്ന ബ്രിട്ടീഷ് സ്വാധീനത്തിനു തടസ്സമാണെന്ന് കണ്ട ബ്രിട്ടീഷുകാർ ഒമാനിലെ അമീറായ സുഊദിനു പണംകൊടുത്തുകൊണ്ട് സുഊദി കുടുംബത്തോട് യുദ്ധം ചെയ്യിച്ചിരുന്നു. ഈ കാലത്താണ് ഇന്ത്യയിൽ മുജാഹിദീൻ പ്രസ്ഥാനം ശക്തിപ്രാപിച്ചത്. മുജാഹിദീൻ പ്രസ്ഥാനക്കാരെ തകർക്കുന്നതിനു വേണ്ടി ബ്രിട്ടീഷുകാർ മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ ചിന്തകളെക്കുറിച്ച് പലതരത്തിലുള്ള തെറ്റിദ്ധാരണകൾ പരത്തുകയും മുജാഹിദ് പ്രസ്ഥാനക്കാരെ വഹാബികളായി ചിത്രീകരിക്കുകയും ചെയ്തു. മുഹമ്മദ്ബ്നു അബ്ദിൽ വഹാബിനെ 'വഹാബി' എന്ന പുതിയ കക്ഷിയുടെ സ്ഥാപകനായി ബ്രിട്ടീഷുകാർ അവതരിപ്പിച്ചു. വാസ്തവത്തിൽ അദ്ദേഹം ഒരു പുതിയ കക്ഷിയുടെ സ്ഥാപകനേ അല്ല. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിലെ ഹമ്പലി മദ്ഹബുകാരനായിരുന്ന അദ്ദേഹം ക്വുർആനിന്റെയും സുന്നത്തിന്റെയും അധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുക മാത്രമെ ചെയ്തിട്ടുള്ളൂ' (ഇസ്‌ലാമിക സമൂഹം ചരിത്ര സംഗ്രഹം, വാല്യം 2, പേ. 531).

ചരിത്ര വസ്തുതകൾ ഇങ്ങനെയായിരിക്കെ ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽ വഹാബിനെയും സുഊദി അറേബ്യയെയും സലഫി പ്രസ്ഥാനത്തെയും ബ്രിട്ടീഷുകാരുടെ ഉൽപന്നമായി അവതരിപ്പിക്കുന്നവരുടെ പ്രശ്നം പൗരോഹിത്യവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനഃപ്രതിഷ്ഠിക്കാൻ സാധിക്കാത്തതിലുള്ള ഇച്ഛാഭംഗമാണെന്നു മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല.

ആധുനിക സുഊദി അറേബ്യയുടെ നയനിലപാടുകൾ വളരെ സുവ്യക്തമാം വിധം സുതാര്യമാണ്. അറബ് മേഖലയിൽ വളർന്നുവന്ന തീവ്രവാദത്തോട് ആശയപരമായും പ്രായോഗികമായും ശക്തമായ നിലപാടാണ് സുഊദി സ്വീകരിച്ചിട്ടുള്ളത്. ജുഹൈമാൻ തൊട്ട് ബിൻലാദിൻ വരെയും അൽഖാഇദ, ദാഇശ് തുടങ്ങി മുഴുവൻ ഭീകരപ്രസ്ഥാനങ്ങളെയും അറബ് ലോകത്ത് കലാപത്തിന്റെയും തീവ്രതയുടെയും നാമ്പുകൾ കൊണ്ടുവരാൻ ശ്രമിച്ച മുഴുവൻ വ്യക്തികളുടെയും വഴിപിഴച്ച സംഘങ്ങളുടെയും തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും അറബ് ലോകത്ത് നിന്നും ഇല്ലായ്മ ചെയ്യുന്നതിൽ സുഊദി അറേബ്യയിലെ സലഫി പണ്ഡിതന്മാരുടെയും ഭരണകൂടത്തിന്റെയും ശ്രമങ്ങളെ സുഊദിയോട് മറ്റു പല കാര്യങ്ങളിലും വിയോജിപ്പ് പുലർത്തുന്നവർ പോലും ശ്ലാഘിച്ചതായി കാണാൻ സാധിക്കും. സുഊദിയിൽ തീവ്രവാദം നട്ടുവളർത്താൻ ശ്രമിച്ച വൈദേശിക ശക്തികളെക്കുറിച്ചും ഭരണകൂടത്തിനറിയാം. സുഊദി യുവാക്കളെ മസ്തിഷ്ക പ്രക്ഷാളനം നടത്തി തെറ്റായ വിധത്തിൽ 'ജിഹാദിയൻ' ചിന്തകൾ തിരുകിക്കയറ്റി ഭരണകൂടങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ച ബ്രദർഹുഡ് അടക്കമുള്ള സംഘങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സുഊദി ഭരണകൂടത്തിന് സാധിച്ചു.

സുഊദി അറേബ്യയോടും അഹ്‌ലുസ്സുന്നയോടും ശക്തമായ വിരോധം സൂക്ഷിക്കുന്ന ഇറാൻ പോലെയുള്ള രാജ്യങ്ങൾ അഹ്‌ലുസ്സുന്നക്കിടയിൽ ഭിന്നതകളുണ്ടാക്കിയും വിവിധ രാജ്യങ്ങളിലെ തീവ്രവാദികളെ വിലക്കെടുത്തും നടത്തിക്കൊണ്ടിരിക്കുന്ന 'ഫിത്ന'കളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കാനുള്ള ഭഗീരഥ യത്നത്തിലാണ് സുഊദി അറേബ്യ. ഇവരൊക്കെ നടത്തിക്കൊണ്ടിരിക്കുന്ന ലോകതീവ്രവാദത്തെയും ഭീകരതയെയും സലഫി ആശയങ്ങളിൽ കെട്ടിവെക്കാനാണ് വിമർശകർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് എഴുതിക്കൊണ്ടിരിക്കുമ്പോഴും തീവ്രവാദികൾ സുഊദി അറേബ്യക്കെതിരെ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന വാർത്തയാണ് വരുന്നത്. റിയാദിൽ സുഊദി ആഭ്യന്തര മന്ത്രാലയം തകർക്കാനാണ് ഐ.എസ്. ഭീകരർ ശ്രമിച്ചത്. ജിദ്ദയിൽ അൽസലാമ കൊട്ടാരത്തിനു നേരെയാണ് ആക്രമണമുണ്ടായത്. ഭീകരതയെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളിൽ ഒട്ടനവധി സുഊദി ഭടന്മാർ വീരചരമം പ്രാപിച്ചിട്ടുണ്ട്. തീവ്ര ആശയങ്ങൾക്കെതിരെ സുഊദിയുടെ സന്ധിയില്ലാ നയമാണ് ഇത് വ്യക്തമാക്കുന്നത്.

തീവ്രചിന്തകൾ മുളച്ചുപൊങ്ങിയത് സലഫീ ആശയങ്ങളിൽ നിന്നല്ല; മറിച്ച് സലഫി വിരുദ്ധ ആശയങ്ങളിൽ നിന്നാണ്. സുഊദി ഭരണകൂടം രാജാധിപത്യമാണെന്നും അവിടെ ഇസ്‌ലാമിക ഖിലാഫത്തില്ലെന്നും പറഞ്ഞുകൊണ്ട് ലേഖകനടക്കം ഉന്നയിക്കുന്ന ആരോപണത്തിന്റെ ഉൽപന്നമാണ് ഐ.എസ്സും ഇതര ഭീകര സംഘങ്ങളും. ഇസ്‌ലാമിന്റെ മധ്യമ കാഴ്ചപ്പാടാണ് സലഫി മാർഗത്തിന്റെ ആദർശാടിത്തറയും പ്രയോഗികരൂപവും. ഇസ്‌ലാമിക ആശയങ്ങൾ പ്രമാണങ്ങളിലൂടെ മനസ്സിലാക്കുകയും അത് ജീവിതത്തിൽ പകർത്തുകയും പ്രബോധനം ചെയ്യുകയും അതിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ നടത്തുകയും ചെയ്യുകയാണ് സലഫികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഏതൊരാളുടെ മേലും മതനിയമങ്ങൾ അടിച്ചേൽപിക്കുവാനോ നിർബന്ധിതമായി ആശയ പരിവർത്തനം നടത്തിക്കാനോ ഇസ്‌ലാം സ്വീകരിക്കാത്തതിന്റെ പേരിൽ ശിക്ഷിക്കാനോ ശ്രമിക്കുന്നത് സലഫി മാർഗമല്ല. അതിനു വിരുദ്ധമാവയ സമീപനങ്ങൾ ആരിൽനിന്നുണ്ടായാലും സലഫി പണ്ഡിതരും സുഊദി ഭരണകൂടവും ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്.

ലോകത്തെ മുഴുവൻ ഇസ്‌ലാമിക സമൂഹങ്ങളോടും തുറന്ന സമീപനമാണ് സുഊദിക്കുള്ളത്. സുഊദിയിൽ വരുന്ന ലക്ഷോപലക്ഷം മുസ്‌ലിംകളുടെ വിശ്വാസരീതികളോ ത്വരീഖത്തോ മദ്ഹബോ നോക്കിയല്ല അവരെ സ്വീകരിക്കുന്നത്. സുഊദി ഭരണകൂടം എല്ലാ വിഭാഗം ജനങ്ങളോടും നല്ല ബന്ധം പുലർത്തുകയും ലോക മുസ്‌ലിംകളുടെ വിവിധ പ്രശ്‌നങ്ങളിൽ സൗമ്യമായി ഇടപെടുകയും അവർക്കാവശ്യമായ മുഴുവൻ സഹായങ്ങൾ എത്തിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ വളരെ കൃത്യമായി പാലിക്കപ്പെടണമെന്ന കാഴ്ചപ്പാടുള്ളതുകൊണ്ട് ശഹാദത്ത് മുതൽ ഹജ്ജ് വരെയുള്ള മുഴുവൻ കർമ കാര്യങ്ങളിലും ഇസ്‌ലാമിക സമൂഹത്തിനാവശ്യമായ സേവനങ്ങൾ രാജ്യം നിർവഹിക്കുന്നു. അതിനാവശ്യമായ സാമ്പത്തികച്ചെലവുകൾ ഒരു രാജ്യത്തോട് പോലും ആവശ്യപ്പെടാതെ സ്വന്തമായി തന്നെ അത് നടത്തിവരുന്നു. 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്' എന്ന സത്യസാക്ഷ്യത്തിന്റെ പ്രചാരണം പ്രകോപനങ്ങളൊന്നുമില്ലാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാൻ ഈ രാഷ്ട്രത്തിനു കഴിയുന്നുണ്ട്. അഞ്ചു നേരത്തെ നമസ്‌കാരം പള്ളിയിൽ തന്നെ നിർവഹിക്കൽ ഒരു വിശ്വാസിയുടെ അവകാശമായി പ്രഖ്യാപിക്കുകയും അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. നമസ്‌കാരവേളകളിൽ നമസ്‌കരിക്കുന്നവർക്ക് അത് നിർവഹിക്കുന്നതിനായി വ്യപാര സ്ഥാപനങ്ങളടക്കം അടച്ചുപൂട്ടുകയും ചെയ്യുന്നു. റമദാനിൽ ജോലി സമയം കുറക്കുകയും കൂടുതൽ ആരാധനകാര്യങ്ങളിൽ കേന്ദ്രീകരിക്കാൻ വിശ്വാസികൾക്ക് അവസരം നൽകുകയും ചെയ്യുന്നു. സകാത്ത് നിർബന്ധമായവരിൽ നിന്നും അത് സ്വീകരിക്കുവാനും വിതരണം ചെയ്യുവാനുമുള്ള സംവിധാനങ്ങൾ സമയബന്ധിതമായി നിർവഹിച്ചുകൊണ്ടിരിക്കുന്നു. ലോകമുസ്‌ലിംകൾക്ക് ഹജ്ജ് കർമം സുഗമമായി നിർവഹിക്കുവാൻ സുഊദി അറേബ്യ ഒരുക്കുന്ന സൗകര്യങ്ങളെക്കുറിച്ച് കൂടുതൽ എഴുതാതെ തന്നെ ലോകത്തെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്നതാണ്. സുഊദിയിലെ വളരെ ന്യൂനപക്ഷം വരുന്ന ശിആ വിഭാഗത്തിന് അവരുടേതായ ആരാധനാ സ്വാതന്ത്ര്യവും സംരക്ഷണവും സുഊദി ഭരണകൂടം നൽകിയിട്ടുണ്ട്. ഇതൊക്കെയാണ് സുഊദി അറേബ്യ ചെയ്യുന്ന 'തീവ്രവാദ'മായി കാണുന്നതെങ്കിൽ ലേഖകന്റെ പരമോന്നത ആത്മീയനേതാവ് പോലും സുഊദിയിൽ വന്നു ലോക മുസ്‌ലിംകൾക്കായി സുഊദി അറേബ്യ ചെയ്യുന്ന സേവനങ്ങളെ പ്രകീർത്തിക്കുന്നത് എന്തിനാണെന്ന് അദ്ദേഹത്തോട് ചോദിക്കുക.

നൂറു ശതമാനം മുസ്‌ലിംകളും ഇസ്‌ലാമിക ശരീഅത്ത് അംഗീകരിക്കുന്നവരുമാണ് സുഊദി പൗരന്മാർ. അവരിൽ ഇസ്‌ലാമിക വിശ്വാസികളല്ലാത്തവരായി ആരുമില്ല. ഇസ്‌ലാമിക വിശ്വാസം രാജ്യത്തെ പൗരന്മാരുടെ മൗലികാവകാശമാണ്. അവ നിർബന്ധിച്ച് നടപ്പാക്കിയതല്ല. മുഴുവൻ പൗരന്മാരും മുസ്‌ലിംകളാണെന്നിരിക്കെ ഇസ്‌ലാമിക ശരീഅത്തിന് വിരുദ്ധമായ യാതൊന്നും സുഊദിയിൽ അനുവദിക്കേണ്ട കാര്യമില്ല. സുഊദി അറേബ്യ ഇസ്‌ലാമിക വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിനെ ലോകരാജ്യങ്ങളൊന്നും തന്നെ തീവ്രവാദമായി കാണുന്നില്ല. ഇസ്‌ലാമിക വ്യക്തിത്വം കാത്തുസൂക്ഷിക്കുകയും തീവ്രവാദത്തെ തള്ളിപ്പറയുകയും ചെയ്യുന്നതോടൊപ്പം ഇസ്രായേൽ ഒഴികെയുള്ള ലോകത്തെ മുഴുവൻ രാഷ്ട്രങ്ങളുമായും ഏറ്റവും നല്ല ബന്ധം പുലർത്തുന്ന രാജ്യമാണ് സഊദി. ഇസ്‌ലാമിക ലോകവും റഷ്യയുമായുള്ള അകൽച്ച ഒഴിവാക്കി പരസ്പരം അറിയുന്നതിനുവേണ്ടി റിയാദിൽ ഇസ്‌ലാമിക ലോക റഷ്യൻ സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചതായി റഷ്യയിൽ സന്ദർശനം നടത്തി തിരിച്ചെത്തിയ തിരുഗേഹങ്ങളുടെ സേവകൻ സൽമാൻ രാജാവ് പറഞ്ഞത് സുഊദി അറേബ്യ ലോകരാജ്യങ്ങളുമായി ഏറ്റവും നല്ല സൗഹൃദം കാത്തുസൂക്ഷിക്കുന്നതിന്റെ മകുടോദാഹരണമാണ്. സലഫി മാർഗം സ്വീകരിച്ച സുഊദി അറേബ്യ ഇതര രാജ്യങ്ങളോട് വെച്ചുപുലർത്തുന്ന ഈ നല്ല ബന്ധങ്ങളെ തിരിച്ചറിയാതെ സലഫി വിരോധികൾ എഴുതിവിടുന്ന ആരോപണങ്ങൾ ഏറ്റുപിടിക്കുകയല്ല ഉത്തരവാദിത്വമുള്ള പ്രസിദ്ധീകരണങ്ങൾ ചെയ്യേണ്ടത്. ●

ലേഖനം

ഡോ. സബീൽ, പട്ടാമ്പി
mail@nerpatham.com




# വസ്‌വാസ് കേവലമൊരു മനോവൈകല്യമോ?

സാധാരണയായി കണ്ടു വരുന്ന ഒരു മാനസിക വൈകല്യമാണ് സംശയ രോഗം. ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തെ കുറിച്ച് മനസ്സിൽ തുടരെ തുടരെ ചിന്തകൾ കടന്നുവരികയും അത് വീണ്ടും വീണ്ടും ഉറപ്പുവരുത്തുകയും ചെയ്യുവാനുള്ള ഒരു പ്രവണതയാണിത്. 'വസ്‌വാസ്' എന്ന് നാമൊക്കെ ഇതിനെ വിശേഷിപ്പിക്കാറുണ്ട്.

മനോരോഗ വിദഗ്ധരുടെ ഭാഷയിൽ ഇതിന് പറയുന്ന പേരാണ് Obsessive Compulsive Disorder (OCD). (Obsession=വിടാതെ പിൻതുടർന്ന് ശല്യം ചെയ്യുക. Compulsion=നിർബന്ധിക്കുക. Disorder=വൈകല്യം). അതാത് വ്യക്തിയെ നിരന്തരമായി ചില പ്രത്യേക സംശയങ്ങൾ/ചിന്തകൾ പിൻതുടർന്ന് വേട്ടയാടുന്നത് മൂലം എന്തെങ്കിലും ഒരു പ്രവർത്തനം ആവർത്തിച്ചു ചെയ്യാൻ/ഉറപ്പു വരുത്താൻ വ്യക്തി നിർബന്ധിതനാകുന്ന അവസ്ഥ. ഉദാഹരണ സഹിതം ഇത് വ്യക്തമാക്കാം.

1. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കതക് അടച്ചിട്ടുണ്ടോ എന്ന തോന്നൽ, അതിനാൽ അടിക്കടി വാതിൽക്കൽ വന്ന് കാര്യം ഉറപ്പു വരുത്തുന്നു.

2. കുളിയും പല്ലു തേപ്പും കഴിഞ്ഞാൽ എന്തോ ഒരു അശുദ്ധി അല്ലെങ്കിൽ ചെയ്തത് ശരിയായില്ലെന്ന് കരുതി വീണ്ടും ആവർത്തിക്കുക.

3. കത്തി കണ്ടാൽ അത് ഉപയോഗിച്ച് ആരെയെങ്കിലും വ്രണപ്പെടുത്തണമെന്ന് തോന്നുക, തീ കണ്ടാൽ എപ്പോഴും എടുത്തു ചാടണമെന്നു തോന്നുക.

4. തന്റെ ഭാര്യയെയോ മക്കളെയോ കുറിച്ച് എപ്പോഴും സംശയം തോന്നുക. അവരുടെ പ്രവർത്തനങ്ങൾ എപ്പോഴും നിരീക്ഷിച്ചുകൊണ്ടിരിക്കുക.

ഇവയെല്ലാം ഭൗതികമായ കാര്യങ്ങളാണെങ്കിൽ (ഇവയാണ് സാധാരണയായി Psychiatry Clinic കളിൽ വരാറ്). മതപരമായ മേഖലകളിൽ ഈ വൈകല്യം കാണുന്നതിന് ചില ഉദാഹരണങ്ങൾ കാണുക.

1. നമസ്കരിക്കാൻ നിൽക്കുമ്പോഴോ മറ്റു മതപരമായ കാര്യങ്ങൾ നിർവഹിക്കാൻ തയ്യാറെടുക്കുമ്പോഴോ സംശയങ്ങൾ ഉണ്ടാവുക.

ഉദാ: വുദൂഅ് എടുക്കുമ്പോൾ അവയവങ്ങൾ എത്ര തവണ കഴുകി, ശരിയായി നനഞ്ഞിട്ടുണ്ടോ എന്നിങ്ങനെ എപ്പോഴും സംശയം തോന്നുക. നമസ്കാരത്തിൽ റക്അതുകളുടെ എണ്ണത്തിൽ സ്ഥിരമായി സംശയിക്കുക. നമസ്കരിക്കാൻ നിൽക്കുമ്പോൾ ഉദ്ദേശ്യത്തിൽ (നിയ്യത്തിൽ) സംശയിക്കുക.

**കാരണങ്ങൾ**

ഈ രോഗത്തിന്റെ കാരണങ്ങളെ കുറിച്ചുള്ള ചർച്ചയിൽ മനോരോഗ വിദഗ്ധരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. ചിലർ അതിന് മസ്തിഷ്കത്തിലെ ചില രാസമാറ്റങ്ങൾ കാരണമായി കാണുന്നു. (ഇതിൽ വീണ്ടും അഭിപ്രായ വ്യത്യാസമുണ്ട്. ഒരു കൂട്ടർ പറയുന്നു: Serotonin Imbalance മൂലമാണ് രോഗങ്ങൾ ഉണ്ടാകുന്നതെന്ന്. മറ്റൊരു വിഭാഗം പറയുന്നു; രോഗമുണ്ടായത് കാരണമാണ് Serotonin Imbalance ഉണ്ടാകുന്നതെന്ന്). വേറെ ചിലർ ഇതിന് ശാരീരികവും മാനസികവുമായ പ്രതിഭാസങ്ങളുമായും ബന്ധപ്പെടുത്തുന്നുണ്ട്. മനോരോഗ ഗവേഷണ മേഖലയിലെ ആധികാരിക ശബ്ദമായ അമേരിക്കയിലെ Diagnostics and Statical Manuelന്റെ നാലാമത്തെ പതിപ്പിന്റെ 457ാം പേജിൽ പറയുന്ന ഒരു കാരണം കാണുക:

The Individual Senses That The Content of Obsession is alien, Not withing His/Her Own Controll and not the Kind of Thought that he/she would ever expect to have.

"വ്യക്തിക്ക് ഇത്തരം തോന്നലുണ്ടാക്കുന്നത് ബാഹ്യമായ ഒരു ചോദനയാണെന്ന് അനുഭവപ്പെടുന്നു; അത് ഒരിക്കലും അവന്റെ/അവളുടെ നിയന്ത്രണത്തിലല്ല. അവൻ/അവൾ ആഗ്രഹിക്കുന്ന ചിന്തകളല്ല താനും."

വ്യക്തിക്ക് ഇത്തരം ചിന്തകൾ വരുന്നത് തന്റേതല്ലാത്ത മറ്റേതോ ഉറവിടത്തിൽ നിന്നാണ്; അത്തരം ചിന്തകൾ അയാൾ ആഗ്രഹിക്കാത്തതുമാണ്. ഈ ഉറവിടം പിശാച് ആയിക്കൂടേ?

**ചികിത്സ**

ഇതിന് ധാരാളം ചികിത്സാരീതികൾ Psychiatrist കൾ നിർദേശിക്കുന്നുണ്ട്. പക്ഷേ ഒന്നും തന്നെ രോഗത്തെ പൂർണമായി ഭേദപ്പെടുത്തുന്നതല്ല തന്നെ.

"..However, OCD Symptoms Persists at moderate levels even following adequate treatment course, and a completely Symptom free period is uncommon.''

"മതിയായ ചികിത്സകൾക്കു ശേഷവും ചെറിയ രീതിയിൽ OCD ലക്ഷണങ്ങൾ നിലനിൽക്കും, പൂർണമായി ലക്ഷണങ്ങൾ വിട്ടുമാറുന്ന സാഹചര്യം വിരളമാണ്" (Clinical Psychology : Eddy KT, Datra Bradly, P: 1011).

**ഇസ്‌ലാമിക നിർദേശങ്ങൾ**

സംശയങ്ങൾ ജനിപ്പിക്കുക എന്നത് പിശാചിന്റെ ഒരു പ്രവർത്തനമായി ക്വുർആൻ എടുത്തു പറയുന്നുണ്ട്.

"പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ദൈവത്തോട്. ദുർബോധനം നടത്തി പിൻമാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ"(ക്വുർആൻ 114:1-6).

ഇത്തരം പൈശാചിക ഉപദ്രവങ്ങളിൽ നിന്ന് രക്ഷ നേടാനുള്ള മാർഗമായി നബിﷺ ക്വുർആനിലെ അവസാനത്തെ മൂന്ന് ചെറിയ അധ്യായങ്ങളായ അൽ ഇഖ്‌ലാസ്, അൽ ഫലക്, അന്നാസ് എന്നിവയും ആയത്തുൽ കുർസിയ്യും മറ്റും ഓതാൻ നിർദേശിച്ചിട്ടുണ്ട്. നബിﷺ പൈശാചിക ഉപദ്രവങ്ങളിൽനിന്നും ഒഴിവാകുവാൻ മറ്റു പല പ്രാർഥനകളും പഠിപ്പിച്ചിട്ടുണ്ട്.

പിശാചിന് മനുഷ്യനെ വഴിതെറ്റിക്കുന്നതിന് ചില മുൻഗണനാക്രമണങ്ങളുണ്ടെന്ന് പണ്ഡിതന്മാർ പറയുന്നു. അത് ഇപ്രകാരമാണ്:

പിശാച് സ്വർഗത്തിൽ നിന്ന് പുറത്താവാൻ കാരണക്കാരനായ മനുഷ്യനെയും അവന്റെ വർഗത്തെയും സ്വർഗത്തിൽ നിന്നും തടഞ്ഞ് നരകത്തിലേക്കെത്തിക്കുവാനാണ് ഒന്നാമതായി ശ്രമിക്കുക:

**സാധാരണയായി കണ്ടു വരുന്ന ഒരു മാനസിക വൈകല്യമാണ് സംശയരോഗം. ഈ രോഗത്തിന്റെ കാരണങ്ങളെ കുറിച്ചുള്ള ചർച്ചയിൽ മനോരോഗ വിദഗ്ധരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. ചിലർ അതിന് മസ്തിഷ്കത്തിലെ ചില രാസമാറ്റങ്ങൾ കാരണമായി കാണുന്നു. വേറെ ചിലർ ഇതിന് ശാരീരികവും മാനസികവുമായ പ്രതിഭാസങ്ങളുമായും ബന്ധപ്പെടുത്തുന്നുണ്ട്.**

“പിശാച് അവന്റെ അനുയായികളെ ക്ഷണിക്കുന്നത് നരകാഗ്നിയിലേക്കാണ്” (ക്വുർആൻ 35:6).

1) അതിനായി ഒന്നാമതായി പിശാച് ക്ഷണിക്കുന്നത് ബഹുദൈവാരാധനയിലേക്കും സത്യനിഷേധത്തിലേക്കുമാണ്.

“...മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു...” (59:16).

2) ഒരാളെ സത്യനിഷേധത്തിലേക്ക് നയിക്കാനായില്ലെങ്കിൽ പിന്നെ പിശാചിന്റെ അടുത്ത ശ്രമം, ആ വിശ്വാസിയുടെ വിശ്വാസത്തിൽ സംശയം ജനിപ്പിക്കലാണ്.

പ്രവാചകൻﷺ പറഞ്ഞു: “പിശാച് നിങ്ങളുടെ അടുക്കൽ വരും. എന്നിട്ട് ചോദിക്കും: (ദുർബോധനം നടത്തും) ‘നിന്നെ സൃഷ്ടിച്ചതാരാണ്.’ അവൻ പറയും: ‘അല്ലാഹു’. പിശാച്: ‘അപ്പോൾ അല്ലാഹുവിനെ സൃഷ്ടിച്ചതാര്?’ അങ്ങനെ നിങ്ങൾക്ക് സംശയം തോന്നിയാൽ നിങ്ങൾ പിശാചിൽ നിന്നും അല്ലാഹുവിനോട് അഭയം തേടുക.”

3) ഒരാൾ ശിർക്കിൽ നിന്നും രക്ഷപ്പെടുകയും ശരിയായ വിശ്വസം ഉൾക്കൊള്ളുകയും ചെയ്താൽ പിന്നീട് പിശാചിന്റെ ശ്രമം അയാളെ മതത്തിൽ പുത്തനാചാരങ്ങളിലേക്ക് (ബിദ്അത്ത്) നയിക്കലാണ്. ബിദ്അത്ത് എന്നാൽ പ്രവാചകൻﷺ മതത്തിൽ പഠിപ്പിക്കാത്ത കാര്യങ്ങൾ മനുഷ്യന്റെ വകയായി കടത്തിക്കൂട്ടലാണ്. അത് കേവല പാപങ്ങളെക്കാൾ ഗൗരവമേറിയതാണ്. കാരണം പാപം എന്നത് ഒരു വ്യക്തിയിൽ നിക്ഷിപ്തമാണ്. എന്നാൽ മതത്തിലെ പുത്തനാചാരം എന്നത് മതവിശ്വാസികളെ മൊത്തത്തിൽ വഴി തെറ്റിക്കുന്നുവെന്ന് മാത്രമല്ല, ഇസ്‌ലാമിനെ മാറ്റിമറിക്കലുമാണ്. അതുകൊണ്ട് തന്നെ പ്രവാചകൻﷺ പറഞ്ഞു: “എല്ലാ പുത്തനാചാരങ്ങളും വഴികേടിലാകുന്നു. എല്ലാ വഴികേടും നരകത്തിലും.”

സുഫ്‌യാനുസ്സൗരി(റഹി) പറഞ്ഞു: “പുത്തനാചാരങ്ങൾ (ബിദ്അത്ത്) പിശാചിനു മറ്റു പാപങ്ങളെക്കാൾ ഇഷ്ടമാണ്. കാരണം പാപങ്ങളിൽ നിന്നും ഒരാൾ പാപമോചനം (തൗബ) ചെയ്തേക്കാം. എന്നാൽ ബിദ്അത്തിൽ നിന്നും ഒരാൾ തൗബ ചെയ്യില്ല (കാരണം അത് നല്ലതും മതത്തിന്റെ ഭാഗവുമാണെന്ന് അവൻ തെറ്റുധരിക്കുന്നു).”

4) ബിദ്അത്തിലേക്ക് ഒരു വിശ്വാസിയെ നയിക്കാൻ സാധിച്ചില്ലെങ്കിൽ പിശാചിന്റെ അടുത്ത ശ്രമം മനുഷ്യനെ തിൻമയിലേക്കും പാപത്തിലേക്കും കൊണ്ടു പോകലാണ്.

ക്വുർആൻ പറയുന്നു: “ദുഷ്‌കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപെടുവാനും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത്” (2:169)

5) അടുത്ത ശ്രമം സൽകർമങ്ങൾ ചെയ്യുന്നതിൽ നിന്നും തടയലാണ്. അവൻ ദാനം ചെയ്യുന്നതിൽ നിന്നും നമസ്കരിക്കുന്നതിൽ നിന്നും മറ്റും വിശ്വസിയെ പുറകോട്ട് പോകാൻ പ്രേരിപ്പിക്കും.

6) ഒരു വിശ്വസിയെ നന്മ ചെയ്യുന്നതിൽ നിന്ന് തടയാൻ സാധിച്ചില്ലെങ്കിൽ പിശാചിന്റെ അടുത്ത തന്ത്രം; മനുഷ്യൻ ചെയ്യുന്ന സൽകർമങ്ങളുടെ ഉദ്ദേശ്യത്തിലും ആത്മാർഥതയിലും സംശയിപ്പിക്കലാണ്.

ഒരിക്കൽ പ്രവാചകൻﷺയുടെ അടുക്കൽ ഒരു അനുചരൻ തനിക്ക് നമസ്കാരത്തിൽ ഉണ്ടാകുന്ന ചില ശ്രദ്ധക്കുറവിനെ കുറിച്ച് പരാതി പറഞ്ഞപ്പോൾ അവിടുന്ന് പിശാചിന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവോട് രക്ഷചോദിക്കുവാൻ നിർദേശിക്കുകയുണ്ടായി.

നമസ്കാരത്തിൽ പിശാച് ചെയ്യുന്നത് എന്താണെന്നും പ്രവാചകൻﷺ പറഞ്ഞു തരുന്നു: “(പിശാച്) നമസ്കാരത്തിന്റെയും അവന്റെയും ഇടയിൽ വന്ന് പറയുന്നു: നീ ഇത് ഓർക്കുക, അത് ഓർക്കുക എന്നിങ്ങനെ. അക്കാര്യങ്ങൾ ആ മനുഷ്യൻ മുമ്പ് ചിന്തിക്കാത്തതായിരിക്കും. അങ്ങനെ എത്ര നമസ്കരിച്ചുവെന്ന് അവൻ മറക്കും”(ബുഖാരി).

വിശ്വാസതലം മുതൽ കർമങ്ങളിൽ വരെ മനുഷ്യമനസ്സിൽ സംശയവും ആശയക്കുഴപ്പവും ഉണ്ടാക്കാൻ പിശാച് ശ്രമിക്കും. അങ്ങനെ ചിലർക്ക് അത് വിടാതെ പിന്തുടരുന്ന ഒരു സംശയരോഗം (OCD) തന്നെ ആയിത്തീരും.

ഉരുവിടലാണ് നിയ്യത്ത് എന്ന് തെറ്റായി മനസ്സിലാക്കിയ വ്യക്തിയാണെങ്കിൽ താൻ പഠിച്ചിട്ടുള്ള വാക്യങ്ങൾ അവർ ആവർത്തിച്ച് പറഞ്ഞു കൊണ്ടേയിരിക്കും! വുദൂഅ് പലതവണ ആവർത്തിക്കും. മണിക്കൂറുകളോളം കുളിച്ചാലും ശുദ്ധിയായില്ല എന്ന തോന്നൽ അവരെ അലട്ടും. അങ്ങനെ ചെയ്യുന്നത് സുക്ഷ്മതയാണെന്നായിരിക്കും അത്തരക്കാർ കരുതുക.

മതം എളുപ്പമാണെന്നും സ്വയം അതിനെ കർക്കശമാക്കുവാൻ പാടില്ലെന്നും പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ നിലപാട് നമ്മെ മതത്തിൽനിന്നും വിദൂരമാക്കിക്കളയുമെന്ന് നാം മനസ്സിലാക്കുക.

ഈ രോഗത്തിന് ഒരു വിശ്വാസിക്ക് ചെയ്യാവുന്ന കാര്യം നമസ്കാരത്തിൽ സംശയരോഗം പിടിപെട്ട സ്വഹാബിയോട് പ്രവാചകൻ പറഞ്ഞതുപോലെ പിശാചിൽ നിന്നും അല്ലാഹുവിൽ ശരണം തേടുക എന്നതാണ്. ●

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം

ബാലപഥം

ആശയ വിവർത്തനം



# പരോപകാരം

**ബാ**സിം ഒരു നല്ല കുട്ടിയാണ്. അവന്റെ പിതാവ് നാട്ടിലെ വലിയ സമ്പന്നനാണ്. അതിനാൽ അവൻ എന്ത് ആവശ്യപ്പെട്ടാലും അവന്റെ പിതാവ് അത് നിർവഹിച്ചുകൊടുക്കും. എന്നാൽ അതിന്റെ പേരിൽ അവൻ അഹങ്കാരം നടിച്ചിരുന്നില്ല. പാവങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കിയിരുന്ന, അവർ എങ്ങനെ ജീവിക്കുന്നു എന്ന് അറിയാമായിരുന്ന കുട്ടിയാണ് ബാസിം. മദ്‌റസയിൽ അവന്റെ കൂടെ പഠിക്കുന്ന കുട്ടികളിൽ അധികവും പാവങ്ങളായിരുന്നു.

ഫുട്‌ബോൾ കളിയിൽ തൽപരനായിരുന്ന ബാസിം ഒരു ദിവസം കളിക്കാൻ പോകുമ്പോൾ ഒരു നായ അവനെ പിന്തുടർന്നു. കടിക്കാനായി കുരച്ച് വരുന്ന നായയിൽനിന്ന് രക്ഷപ്പെടുവാനായി പേടിച്ചുവിറച്ചുകൊണ്ട് അതിവേഗത്തിൽ അവൻ ഓടി. എന്നാൽ നായയുണ്ടോ വിടുന്നു. ഒരു ഇടുങ്ങിയ ഇടവഴിയിൽ വെച്ച് നായ അവന്റെ വസ്ത്രത്തിൽ കടിക്കുകയും ഒരു കല്ലിൽ തട്ടി അവൻ വീഴുകയും ചെയ്തത് ഒരുമിച്ചായിരുന്നു.

പിന്നെ ഒന്നും അവന് ഓർമയില്ല. കുറെ സമയം കഴിഞ്ഞാണ് ബോധം വന്നത്. കണ്ണു തുറന്നപ്പോൾ മുന്നിൽ കണ്ടത് സമപ്രായക്കാരനായ ഒരു ബാലനെയും അവന്റെ മാതാവിനെയുമാണ്. അവൻ ബാസിമിന്റെ കൂടെ മദ്‌റസയിൽ പഠിക്കുന്നവനായിരുന്നു. മാതാവ് അവന്റെ മുറിവിൽ മരുന്ന് തേച്ചു കൊടുക്കുകയാണ്. ബാസിമിനെ നായയിൽനിന്നും കടികൊള്ളാതെ രക്ഷിച്ചത് അവരായിരുന്നു. അവരുടെ വീട്ടിലാണ് അവനിപ്പോൾ കിടക്കുന്നത്.

ബാസിം പതുക്കെ എഴുന്നേറ്റിരുന്നു. അവൻ വീടിനുള്ളിലേക്ക് ആകമാനം കണ്ണോടിച്ചു. ചെറിയൊരു വീട്. വിലകൂടിയതും മുന്തിയതുമായ ഒന്നും വീട്ടിൽ കാണാനില്ല. വളരെ പാവപ്പെട്ടവരുടെ വീടാണതെന്ന് അവന് മനസ്സിലായി.

“നീ ഓടി വീഴുന്നത് ഉമ്മയാ ആദ്യം കണ്ടത്?” അജ്മൽ പറഞ്ഞു.

“നായ എന്നെ കടിച്ചുപറിക്കുമെന്ന് ഞാൻ ഉറപ്പിച്ചതാ” ബാസിം ചിരിച്ചുകൊണ്ട് പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ ബാസിം പോകാനൊരുങ്ങി. ഭക്ഷണം കഴിച്ചിട്ടാകാമെന്ന് അവർ നിർബന്ധിച്ചു. അവൻ അവരുടെ കൂടെ ഭക്ഷണം കഴിച്ചു. മുന്തിയ തരം ഭക്ഷണം മാത്രം കഴിച്ച് പരിചയിച്ച ബാസിം അവർ നൽകിയ ഭക്ഷണം കഴിക്കാൻ നന്നേ പ്രയാസപ്പെട്ടു. എങ്കിലും അവൻ അത് പുറത്തു കാണിക്കാതെ എല്ലാം തിന്നുതീർത്തു.

തനിച്ചു പോകേണ്ട എന്നു പറഞ്ഞ് അജ്മലിന്റെ ഉമ്മയും അജ്മലും കുറച്ചു ദൂരം അവന്റെ കൂടെ പോയി. അവർ സലാം പറഞ്ഞു പിരിഞ്ഞു.

ബാസിം വീട്ടിൽ ചെന്ന ശേഷം സംഭവിച്ചതെല്ലാം അവന്റെ വീട്ടിൽ അറിയിച്ചു. കാലിലെ മുറിവ് മാറിയശേഷം ഒരു ദിവസം അവന്റെ ഉമ്മ കൊതിയൂറുന്ന ഭക്ഷണമുണ്ടാക്കി ബാസിമിനോട് അത് അജ്മലിന്റെ വീട്ടിൽ എത്തിക്കാൻ പറഞ്ഞു. അവന് വളരെ സന്തോഷമായി.

അജ്മലിന്റെ വീടിനു മുന്നിലുള്ള വഴിയിലൂടെ കാറിന് പോകാൻ കഴിയില്ല. അത് വളരെ വീതി കുറഞ്ഞതാണ്. അതിനാൽ കുറച്ചകലെ കാർ നിർത്തി. ഞാൻ ഇപ്പോൾ വരാം എന്ന് ഡ്രൈവറോടു പറഞ്ഞ് ഭക്ഷണവുമായി ബാസിം അജ്മലിന്റെ വീട്ടിലേക്ക് നടന്നു.

അവിടെ അജ്മലിന്റെ ഉപ്പയും ഉമ്മയും അജ്മലുമുണ്ടായിരുന്നു. അവർക്ക് ബാസിമിന്റെ പ്രവൃത്തിയിൽ അത്ഭുതവും സന്തോഷവും തോന്നി. അവരുടെ കൂടെ അവരിലൊരാളായി ഇരുന്ന് അവനും ഭക്ഷണം കഴിച്ചു. അങ്ങനെ വളരെ സന്തോഷത്തോടെ ബാസിം തിരിച്ചുപോയി.

ശുക്കൂർ കടലുണ്ടി
mail@nerpatham.com

കവിത



# നമ്മുടെ ഉമ്മ

കരുണക്കടലാണ് നമ്മുടെയുമ്മ
കനിവിന്റെ കേദാരം നമ്മുടെയുമ്മ
ഏറെ നാൾ ഗർഭത്തിൻ ഭാരം ചുമന്നും
പേറ്റിന്റെ കഠിനമാം നോവു സഹിച്ചും
നമ്മൾക്കു ജന്മം നൽകിയതുമ്മ
താരാട്ടു പാടി നമ്മെയുറക്കി
പാലൂട്ടി നമ്മുടെ വിശപ്പവരാറ്റി
പാൽകുടിച്ചു നമ്മൾ ഏറെ വളർന്ന്
പാവമാം ഉമ്മയോ ഏറെ തളർന്ന്
മാമുണ്ണാൻ നേരത്ത് മാനത്ത് ചൂണ്ടി
മാമനെ കാണിച്ച് മാമൂട്ടിയില്ലേ?
പനിവന്നു നമ്മൾ കരയുന്ന രാവിൽ
പാതിര പകലാക്കി അവർ നമ്മെ നോക്കി
പകലന്തിയോളവും പ്രതിഫലം പറ്റാതെ
പണിയെടുക്കും ഒട്ടും പരിഭവമില്ലാ
അവരുടെ തൃപ്തി നേടണം നമ്മൾ
അല്ലാഹുവിൻ തൃപ്തി നമ്മൾക്കു കിട്ടാൻ
ലോഭമില്ലാതെ നാം സ്നേഹിക്കയവരെ
ജീവിച്ചിരിക്കുന്ന കാലമത്രയും.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ധിക്കാരികളുടെ പതനം

**സ്വാ**ലിഹ് عليه السلام നോട് അവർ ആവശ്യപ്പെട്ട ഒട്ടകം അവർക്ക് ലഭിച്ചു. ആ ഒട്ടകം അവർക്കുള്ള ഒരു ദൃഷ്ടാന്തം കൂടിയായിരുന്നു. അതിനാൽ ആ ഒട്ടകത്തോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്ന് കൂടി സ്വാലിഹ് عليه السلام അവരെ അറിയിച്ചു. ആ ഒട്ടകത്തെ കുറിച്ച് ക്വുർആൻ വിവരിക്കുന്നത് കാണുക.

“അദ്ദേഹം പറഞ്ഞു: ഇതാ ഒരു ഒട്ടകം അതിന്ന് വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട് നിങ്ങൾക്കും ഒരു ഊഴമുണ്ട്; ഒരു നിശ്ചിത ദിവസത്തിൽ.നിങ്ങൾ അതിന് യാതൊരു ദ്രോഹവും ഏൽപിക്കരുത് (അങ്ങനെ ചെയ്യുന്ന പക്ഷം) ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടും” (ക്വുർആൻ 26:155,156).

“നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്തമായ ഒരു തെളിവ് നിങ്ങൾക്കു വന്നിട്ടുണ്ട്. നിങ്ങൾക്കൊരു ദൃഷ്ടാന്തമായിട്ട് അല്ലാഹുവിന്റെ ഒട്ടകമാണിത്. ആകയാൽ അല്ലാഹുവിന്റെ ഭൂമിയിൽ (നടന്നു) തിന്നുവാൻ നിങ്ങൾ അതിനെ വിട്ടേക്കുക. നിങ്ങളതിന് ഒരു ഉപദ്രവവും ചെയ്യരുത്. എങ്കിൽ വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും” (ക്വുർആൻ 7:73).

‘അല്ലാഹുവിന്റെ ഒട്ടകം’ എന്ന് അല്ലാഹുവിലേക്ക് ചേർത്തിക്കൊണ്ടാണ് ഇവിടെ ഈ ഒട്ടകത്തെ കുറിച്ച് പറഞ്ഞിട്ടുള്ളത്. എല്ലാം അല്ലാഹുവിന്റേത് തന്നെയാണ്. പക്ഷേ, ഈ ഒട്ടകത്തെ മാത്രം എന്തുകൊണ്ട് അല്ലാഹു അവനിലേക്ക് ചേർത്തിപ്പറഞ്ഞു? ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നത് ഇത് അതിന്റെ മഹത്ത്വവും ശ്രേഷ്ഠതയുമാണ് വ്യക്തമാക്കുന്നത് എന്നാണ്. ആ ഒട്ടകം പ്രസവിക്കപ്പെട്ടതല്ല. അത് ഇന്ന ആളുടേതാണെന്ന് അവകാശപ്പെടാനും കഴിയില്ല. കാരണം അത് അല്ലാഹു അവർ ആവശ്യപ്പെട്ട ആ പാറക്കെട്ടുകളിൽ നിന്നും പുറത്ത് കൊണ്ടുവന്നതാണ്. അത് അല്ലാഹു അവർക്ക് നൽകിയ ഒരു ദൃഷ്ടാന്തമായിരുന്നു.

അതിനെ ഉപദ്രവിക്കരുത്. അതിനെ ഭൂമിയിൽ ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും വിടണം, യാതൊരു പ്രയാസവും അതിന് വരുത്തരുത്, അപ്രകാരം ചെയ്യുന്ന പക്ഷം അല്ലാഹുവിങ്കൽ നിന്ന് കഠിനമായ ശിക്ഷ ലഭിക്കുന്നതാണ് എന്നെല്ലാം അവർ അറിയിക്കപ്പെട്ടു. അവർ ആവശ്യപ്പെട്ടത് പ്രകാരം അവർക്ക് ലഭിച്ച ആ ദൃഷ്ടാന്തം അവർക്ക് വലിയ ഒരു പരീക്ഷണം കൂടിയായിരുന്നു.

എന്നാൽ അവരുടെ ധിക്കാരം അവർക്ക് വിനയായി. അവസാനം എന്താണ് അവർ ചെയ്തതെന്ന് ക്വുർആൻ വിവരിക്കുന്നു:

“അങ്ങനെ അവർ ആ ഒട്ടകത്തെ അറുകൊല ചെയ്യുകയും തങ്ങളുടെ രക്ഷിതാവിന്റെ കൽപന യെ ധിക്കരിക്കുകയും ചെയ്തു. അവർ പറഞ്ഞു: സ്വാലിഹേ, നീ ദൈവദൂതൻമാരിൽ പെട്ട ആളാ

ണെങ്കിൽ ഞങ്ങളോട് നീ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് (ശിക്ഷ) ഞങ്ങൾക്ക് നീ കൊണ്ടുവാ" (ക്വുർആൻ 7:77).

അവരുടെ ധിക്കാരത്തിന്റെ കാഠിന്യമാണിത് വ്യക്തമാക്കുന്നത്. സ്വാലിഹ്ﷺനോട് നീയൊരു പ്രവാചകനാണെങ്കിൽ ഈ പാറക്കെട്ടിൽ നിന്നൊരു ഒട്ടകത്തെ കൊണ്ടുവാ എന്ന് ആവശ്യപ്പെട്ടു. അത് ലഭിച്ചപ്പോൾ വേറെ പലതും പറഞ്ഞ് അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ കളവാക്കി. അല്ലാഹുവിന്റെ ഒട്ടകത്തെ അവർ കൊന്നു കളഞ്ഞു. ഇപ്പോൾ അവർ ആവശ്യപ്പെടുന്നത് നീ അല്ലാഹുവിന്റെ ദൂതനാണെങ്കിൽ നീ ഞങ്ങളെ പറഞ്ഞു പേടിപ്പിക്കുന്ന ആ ശിക്ഷ കൊണ്ടുവാ എന്നും!

അവർ ആ ഒട്ടകത്തെ എന്താണ് ചെയ്തതെന്ന് ക്വുർആൻ മറ്റൊരിടത്തും ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

"ഥമൂദ് ഗോത്രം അതിന്റെ ധിക്കാരം മൂലം (സത്യത്തെ) നിഷേധിച്ചു തള്ളുകയുണ്ടായി. അവരുടെ കൂട്ടത്തിലെ ഏറ്റവും ദുഷ്ടതയുള്ളവൻ ഒരുങ്ങി പുറപ്പെട്ട സന്ദർഭം. അപ്പോൾ അല്ലാഹുവിന്റെ ദൂതൻ അവരോട് പറഞ്ഞു: അല്ലാഹുവിന്റെ ഒട്ടകത്തെയും അതിന്റെ വെള്ളം കുടിയും നിങ്ങൾ സൂക്ഷിക്കുക. അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളുകയും അതിനെ (ഒട്ടകത്തെ) അറുകൊല നടത്തുകയും ചെയ്തു. അപ്പോൾ അവരുടെ പാപം നിമിത്തം അവരുടെ രക്ഷിതാവ് അവർക്ക് സമൂല നാശം വരുത്തുകയും (അവർക്കെല്ലാം) അത് സമമാക്കുകയും ചെയ്തു. അതിന്റെ അനന്തരഫലം അവൻ ഭയപ്പെട്ടിരുന്നുമില്ല" (ക്വുർആൻ 91:11-15).

ഥമൂദ് സമുദായം സ്വാലിഹ്ﷺന്റെ ഉപദേശങ്ങളെയും താക്കീതുകളെയും അവഗണിച്ച് ആ കൊടുംകൈ ചെയ്തുകളഞ്ഞു. അവർ ആ കൃത്യം ചെയ്യാനായി അവരുടെ കൂട്ടത്തിലെ ഒരാളെ തെരഞ്ഞെടുക്കുകയാണുണ്ടായത്. അതിനാലാണ് കൃത്യം ചെയ്തത് ഒരാളാണെങ്കിലും അവർ അതിനെ കൊന്നു കളഞ്ഞുവെന്ന് പറഞ്ഞത്. അവർ എല്ലാവരും ആ കൊടും കൃത്യത്തിൽ സന്തുഷ്ടരും സംതൃപ്തരുമായിരുന്നു. ക്വതാദ رضي الله عنه പറയുന്നു:

"ഒട്ടകത്തെ അറുത്തു കൊന്നയാൾ പറഞ്ഞു: നിങ്ങൾക്കെല്ലാവർക്കും തൃപ്തിയുണ്ടാകുന്നത് വരെ ഞാൻ അതിനെ കൊല്ലില്ല. അങ്ങനെ അവർ ജനങ്ങളുടെ അടുത്തേക്ക് പോകുകയും ചോദിക്കുകയും ചെയ്തു. വീട്ടിന്റെ ഉള്ളറകളിൽ കഴിയുന്ന സ്ത്രീകളുടെ അടുത്ത് വരെ അവർ പ്രവേശിച്ചു. എന്നിട്ട് അവർ ചോദിച്ചു: നിങ്ങൾ (എല്ലാവരും) ഒട്ടകത്തെ അറുത്ത് കൊന്നു കളയുന്നതിൽ തൃപ്തരാണോ? അവർ എല്ലാവരും പറഞ്ഞു: അതെ (ഞങ്ങൾ തൃപ്തരാണ്). കുട്ടികളും സമ്മതം നൽകി. ഥമൂദുകാർ എല്ലാവരും (ആ ഒട്ടകത്തെ കൊല്ലുന്നതിൽ) തൃപ്തി കാണിച്ചു. അങ്ങനെ അയാൾ അതിനെ അറുത്തു കൊന്നു (ത്വബ്‌രി).

ഒട്ടകത്തെ അവർ നശിപ്പിച്ചുവല്ലോ. ഇനി അവരുടെ അടുത്ത ലക്ഷ്യം സ്വാലിഹ്ﷺനെ നശിപ്പിക്കലാണ്. ആ നാട്ടിൽ ഒരു ഒമ്പത് പേരുണ്ടായിരുന്നു. യാതൊരു നന്മയും ജീവിതത്തിലില്ലാത്ത, വല്ലതും ചെയ്യുന്നുവെങ്കിൽ കുഴപ്പം മാത്രം ചെയ്യുന്നവർ. ആർക്കും ഒരു നന്മയും ചെയ്യാത്തവർ. അവർ അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് സ്വാലിഹ്ﷺനെയും സ്വാലിഹ്ﷺന്റെ കുടുംബത്തെയും വകവരുത്തുവാൻ തീരുമാനിച്ചു. ഇനി കുടുംബത്തിലെ ആരെങ്കിലും ഈ കൊലപാതകത്തെ കുറിച്ച് ചോദിച്ചാൽ നമുക്കത് അറിയില്ലെന്നും പറയാം എന്നൊക്കെ പറഞ്ഞുറപ്പിച്ച് അവർ അതിന് ഒരുങ്ങി. അതു സംബന്ധമായി ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്:

"ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരും ഒരു നന്മയുമുണ്ടാക്കാത്തവരുമായ ഒമ്പതു പേർ ആ പട്ടണത്തിലുണ്ടായിരുന്നു. അവനെ(സ്വാലിഹിനെ)യും അവന്റെ ആളുകളെയും നമുക്ക് രാത്രിയിൽ കൊന്നുകളയണമെന്നും പിന്നീട് അവന്റെ അവകാശിയോട്, തന്റെ ആളുകളുടെ നാശത്തിന് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടില്ല, തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാകുന്നു എന്ന് നാം പറയണമെന്നും നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യണം എന്ന് അവർ തമ്മിൽ പറഞ്ഞുറച്ചു. അവർ ഒരു തന്ത്രം പ്രയോഗിച്ചു. അവർ ഓർക്കാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അതെ, അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തു കളഞ്ഞു" (ക്വുർആൻ 27:48-51).

അല്ലാഹുവിനെ സഹായിക്കുന്നവരെ അവനും സഹായിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണല്ലോ. അവർ സ്വാലിഹ്ﷺനെയും കുടുംബത്തെയും നശിപ്പിക്കാനുള്ള കുതന്ത്രം മെനഞ്ഞപ്പോൾ അവരുടെ കുതന്ത്രത്തെ അല്ലാഹു വിജയിപ്പിച്ചി

**ദൈവികശിക്ഷയെ കളിയാക്കിയ ജനതയോട് അല്ലാഹുവിന്റെ നിർദേശപ്രകാരം മൂന്ന് ദിവസത്തെ ആയുസ്സ് സ്വാലിഹ് നബിﷺ പ്രവചിച്ചു. ഒരു വ്യാഴാഴ്ചയായിരുന്നു ഇത്. വ്യാഴം കഴിയുന്നതിന് മുമ്പേ അവരുടെ മുഖം ഒരുതരം മഞ്ഞ നിറമായി. വെള്ളിയാഴ്ചയായപ്പോൾ മുഖം ചുവപ്പു നിറമായി. ശനിയാഴ്ച ആയപ്പോൾ മുഖം നന്നായി കറുത്തിരുണ്ടതായി. ഞായറാഴ്ച പ്രഭാതം പൊട്ടി വിടരുന്നതിന് മുമ്പേ അവർ ആവശ്യപ്പെട്ട ശിക്ഷ അവരിൽ ഇറങ്ങി.**

ല്ലെന്ന് മാത്രമല്ല. അവരെ മുഴുവനും അല്ലാഹു ന ശിപ്പിച്ചു കളഞ്ഞു.

അവരെ നശിപ്പിക്കുന്നതിന് മുമ്പേ അല്ലാഹു അവരെ ക്ഷാമം, വരൾച്ച മുതലായവകൊണ്ടെല്ലാം കടുത്ത പരീക്ഷണത്തിന് വിധേയമാക്കി. എന്നാൽ അതും സ്വാലിഹ്(عليه السلام)ന്റെ പേരിൽ അവർ ചാർത്തി. നീ കാരണമാണ് ഈ നാട്ടിൽ വറുതിയും ക്ഷാമവും എല്ലാം ഉണ്ടായിട്ടുള്ളത്. ഇതുവരെ ഈ നാട്ടുകാർക്ക് ഇങ്ങനെ അനുഭവിക്കേണ്ടി വന്നിട്ടില്ലല്ലോ. ഈ നാടിന് നീ ശകുനമാണ് എന്നെല്ലാം പറഞ്ഞ് ആക്ഷേപിച്ചു. അവർ ആക്ഷേപിച്ചതും അതിന് മഹാനായ സ്വാലിഹ്(عليه السلام) നൽകിയ മറുപടിയും ഇപ്രകാരമായിരുന്നു.

“അവർ പറഞ്ഞു: നീ മൂലവും, നിന്റെ കൂടെയുള്ളവർ മൂലവും ഞങ്ങൾ ശകുനപ്പിഴയിലായിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ശകുനം അല്ലാഹുവിങ്കൽ രേഖപ്പെട്ടതത്രെ. അല്ല, നിങ്ങൾ (ദൈവികമായ) പരീക്ഷണത്തിന് വിധേയരാകുന്ന ഒരു ജനതയാകുന്നു” (ക്വുർആൻ 27:47).

സത്യപ്രബോധകരെ സത്യവീഥിയിൽ നിന്നും മാറ്റി നിർത്തുവാനും ദൗത്യനിർവഹണത്തിൽനിന്ന് പിന്തിരിപ്പിക്കുവാനുമായി ശത്രുക്കൾ അവർക്കെതിരിൽ വ്യാജമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യാത്ത അപരാധങ്ങൾ അവരുടെ മേൽ കെട്ടിവെക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവർത്തനം ഏത് കാലത്തും നടത്തിയിട്ടുണ്ട്. സ്വാലിഹ്(عليه السلام)നെതിരിലും അവർ ഇതെല്ലാം പ്രയോഗിച്ചുവെങ്കിലും അദ്ദേഹം തന്റെ ദൗത്യവുമായി മുന്നോട്ട് പോയി.

സ്വാലിഹ്(عليه السلام)നോട് അവർ ഒട്ടകത്തെ ചോദിച്ചുവല്ലോ. അത് അവർക്ക് അല്ലാഹു നൽകി. അവർ അതിനെ വക വരുത്തുകയും ചെയ്തു. ശേഷം അവർ അദ്ദേഹത്തോട് ശിക്ഷക്ക് മുറവിളി കൂട്ടിയത് നാം വിവരിച്ചു. അങ്ങനെ അവരെ നശിപ്പിക്കുവാനായി ശിക്ഷയിറക്കുവാനും സ്വാലിഹ്(عليه السلام)നെയും കൂടെയുള്ളവരെയും രക്ഷപ്പെടുത്തുവാനും അല്ലാഹു തീരുമാനിച്ചു. സ്വാലിഹ്(عليه السلام) നിങ്ങൾക്ക് ശിക്ഷ ഇറങ്ങാറായിട്ടുണ്ടെന്നും മൂന്ന് ദിവസത്തിലധികം ഇനി നിങ്ങൾക്ക് ആയുസ്സില്ലെന്നും ഇത് ഉറച്ച ഒരു വാഗ്ദാനമാണെന്നും അവരോട് മുന്നറിയിപ്പ് നൽകി. ക്വുർആൻ പറയുന്നത് കാണുക:

“അങ്ങനെ നമ്മുടെ കൽപന വന്നപ്പോൾ സ്വാലിഹിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി. ആ ദിവസത്തെ അപമാനത്തിൽ നിന്നും (അവരെ നാം മോചിപ്പിച്ചു). തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാണ് ശക്തനും പ്രതാപവാനും” (ക്വുർആൻ 11:66).

“എന്നിട്ട് അവരതിനെ വെട്ടിക്കൊന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ മൂന്ന് ദിവസം നിങ്ങളുടെ വീടുകളിൽ സൗഖ്യമനുഭവിച്ചു കൊള്ളുക. (അതോടെ ശിക്ഷ വന്നെത്തും). തെറ്റാകാനിടയില്ലാത്ത ഒരു വാഗ്ദാനമാണിത്” (ക്വുർആൻ 11:65).

**അല്ലാഹു നശിപ്പിച്ചു കളഞ്ഞ പല ജനതയുടെയും അവശിഷ്ടങ്ങൾ ശേഷക്കാർക്ക് മനസ്സിലാക്കുവാനായി ദൃഷ്ടാന്തമെന്നോണം ഇന്നും നമുക്ക് കാണാം. ഇത്തരം സ്ഥലങ്ങളിലേക്ക് ഉല്ലാസ യാത്ര നടത്തി അവിടെ നിന്ന് ഫോട്ടോക്ക് പോസ് ചെയ്ത് നിന്ന് കൊടുത്തും ചിരിച്ചും കളിച്ചും നടക്കുന്ന ചിലരുണ്ട്. അതൊരിക്കലും പാടില്ലാത്തതാണ്.**

സ്വാലിഹ്(عليه السلام) അവരോടിത് പറഞ്ഞത് ഒരു വ്യാഴാഴ്ചയായിരുന്നു. വ്യാഴം കഴിയുന്നതിന് മുമ്പേ അവരുടെ മുഖം ഒരുതരം മഞ്ഞ നിറമായി. വെള്ളിയാഴ്ചയായപ്പോൾ മുഖം ചുവപ്പുനിറമായി. ശനിയാഴ്ച ആയപ്പോൾ മുഖം നന്നായി കറുത്തിരുണ്ടതായി. ഞായറാഴ്ച പ്രഭാതം പൊട്ടിവിടരുന്നതിന് മുമ്പേ അവർ ആവശ്യപ്പെട്ട ശിക്ഷ അവരിൽ ഇറങ്ങി. ഇബ്നു കഥീർ(رحمه الله) ഇതു സംബന്ധമായി പറയുന്നത് കാണുക:

“സ്വാലിഹ്(عليه السلام) അവരുടെ മുകൾ ഭാഗത്ത് ആകാശത്തുനിന്നും ഇടിത്തീയും താഴെ നിന്ന് ശക്തമായ (ഭൂമി)കുലുക്കവും ഉണ്ടാകുമെന്ന് അവർക്ക് വാഗ്ദാനം നൽകി. അങ്ങനെ ആത്മാക്കൾ (ശരീരത്തിൽ നിന്ന്) മാറി, ശരീരം തകർന്നടിഞ്ഞു. സത്യം വെളിപ്പെട്ടു (അങ്ങനെ നേരം പുലർന്നപ്പോൾ അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്നു വീണ് കിടക്കുന്നവരായിരുന്നു). അവരിൽ ആത്മാവില്ലാതെയായി, നിശ്ചലരായി.”

അവരെ പിടികൂടിയ ശിക്ഷയെ കുറിച്ച് ക്വുർആൻ പല സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

“അപ്പോൾ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ നേരം പുലർന്നപ്പോൾ അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്ന് വീണ് കിടക്കുന്നവരായിരുന്നു” (7:78).

“അക്രമം പ്രവർത്തിച്ചവരെ ഘോരശബ്ദം പിടികൂടി. അങ്ങനെ പ്രഭാതമായപ്പോൾ അവർ അവരുടെ വീടുകളിൽ കമിഴ്ന്ന് വീണ അവസ്ഥയിലായിരുന്നു” (11:67).

“എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അതെ, അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തു കളഞ്ഞു” (27:51).

“എന്നാൽ ഥമൂദ് ഗോത്രമോ, അവർക്ക് നാം നേർവഴി കാണിച്ചുകൊടുത്തു. അപ്പോൾ സൻമാർഗത്തേക്കാളുപരി അന്ധതയെ അവർ പ്രിയങ്കരമായി കരുതുകയാണ് ചെയ്തത്. അങ്ങനെ അവർ ചെ

യ്തുകൊണ്ടിരുന്നതിന്റെ ഫലമായി അപമാനകരമായ ഒരു ഭയങ്കര ശിക്ഷ അവരെ പിടികൂടി" (41:17).

"നാം അവരുടെ നേരെ ഒരു ഘോരശബ്ദം അയക്കുക തന്നെ ചെയ്തു. അപ്പോൾ അവർ ആല വളച്ച് കെട്ടുന്നവർ വിട്ടേച്ചുപോയ ചുള്ളിത്തുരുമ്പുകൾ പോലെ ആയിത്തീർന്നു" (54:31).

"എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അതെ, അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തു കളഞ്ഞു. അങ്ങനെ അവർ അക്രമം പ്രവർത്തിച്ചതിന്റെ ഫലമായി അവരുടെ വീടുകളതാ (ശൂന്യമായി) വീണടിഞ്ഞ് കിടക്കുന്നു. തീർച്ചയായും മനസ്സിലാക്കുന്ന ജനങ്ങൾക്കു അതിൽ ദൃഷ്ടാന്തമുണ്ട്" (27:51,52).

ശിക്ഷക്ക് ശേഷം ആ ജനതയുടെ അവസ്ഥ ക്വുർആൻ പറയുന്നത് ശ്രദ്ധിച്ചുവല്ലോ. അവർ അന്നാട്ടിൽ ഒരിക്കലും താമസിച്ചിട്ടില്ലാത്തത് പോലെയായി എന്നാണ് മുഫസ്സിറുകൾ പറയുന്നത്.

ഐഹിക സുഖങ്ങളിൽ അഭിരമിച്ച് ദേഹേച്ഛക്ക് മുൻതൂക്കം നൽകി അല്ലാഹുവിന്റെ കൽപനകളെ അവഗണിക്കുന്നവർ അറിയുക; ജീവിതത്തിൽ അനുഭവിക്കുന്ന ഏതേത് സൗകര്യങ്ങളാണെങ്കലും കടൽത്തീരത്ത് വരക്കുന്ന ചിത്രങ്ങളെ പോലെയാണ്. ഒരു തിര വന്നാൽ അത് ഇല്ലാതാകും. തിരയടിക്കുന്നത് വരെ മാത്രമെ ആഹ്ലാദിക്കാൻ അവസരമുള്ളൂ. നാം അനുഭവിക്കുന്ന ഏത് സുഖവും ഇന്നത്തെ സമ്പന്നനെ നാളത്തെ ദരിദ്രനും ഇന്നത്തെ ദരിദ്രനെ നാളത്തെ സമ്പന്നനുമാക്കി മാറ്റാൻ കഴിവുള്ള; സർവശക്തനായ അല്ലാഹുവാണ് നൽകിയതെന്ന ഓർമ നിലനിർത്തി അവന് വഴിപ്പെട്ട് ജീവിക്കണം. അല്ലാത്തവരെല്ലാം അല്ലാഹുവിന്റെ ശിക്ഷക്ക് അർഹരാകും. കയ്യിൽ കിട്ടിയ അനുഗ്രഹങ്ങളുടെ പേരിൽ അഹങ്കരിക്കരുത്. സ്വാലിഹ്ﷺന്റെ സമുദായത്തിന് വന്ന അവസ്ഥ നമുക്ക് വന്നു കൂടാ. അല്ലാഹു നമ്മെ അവന് വഴിപ്പെട്ട് ജീവിക്കുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ, ആമീൻ.

ആരായിരുന്നു ഥമൂദുകാർ? പാറ തുരന്ന് വീടുണ്ടാക്കിയ മല്ലന്മാരായിരുന്നില്ലേ അവർ?! പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങിയപ്പോൾ അവരുടെ ആരോഗ്യം അവരെ തുണച്ചില്ല. ഉറപ്പേറിയ താമസ സഥലവും തുണയേകിയില്ല.

നശിപ്പിക്കപ്പെട്ട നാട്ടുകാരെ കണ്ട് സ്വാലിഹ്ﷺ പറയുന്ന വാക്കുകൾ കാണുക:

"അനന്തരം സ്വാലിഹ് അവരിൽ നിന്ന് പിന്തിരിഞ്ഞു പോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്കു എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുതരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല" (7:79).

ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട എഴുപതോളം ശത്രുക്കൾ കിടക്കുന്ന സ്ഥലത്തേക്ക് നോക്കി നബിﷺ പറഞ്ഞത് ഈ സന്ദർഭത്തിൽ നാം ഓർക്കണം. നബിﷺ പറഞ്ഞു:

"നിങ്ങളോട് നിങ്ങളുടെ റബ്ബ് വാഗ്ദാനം ചെയ്തത് നിങ്ങൾ കണ്ടുവോ? ഞങ്ങളുടെ റബ്ബ് ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾ കണ്ടു." അപ്പോൾ ഉമർ(റ) നബിﷺയിലേക്ക് തിരിഞ്ഞു കൊണ്ട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അവർ മരിച്ചവരല്ലേ?" നബിﷺ പറഞ്ഞു: "അല്ലാഹുവാണെ സത്യം! ഉമറേ, നിങ്ങളെക്കാളും കൂടുതൽ അവർ എന്നിൽ നിന്ന് കേൾക്കുന്നുണ്ട്." ക്വതാദ(റ) പറയുന്നു: "നബിﷺ അവരെ ചെറുതാക്കുവാനും നിന്ദിക്കുവാനുമായി പറഞ്ഞത് കേൾപിക്കുവാനായി അപ്പോൾ അല്ലാഹു അവരെ ജീവിപ്പിച്ചു. (ആ സംസാരം) അവർക്കുള്ള ഒരു ശിക്ഷയും ഖേദവുമായിരുന്നു''(ബുഖാരി, മുസ്‌ലിം).

ഒരാൾ ഒരു കാര്യം പറഞ്ഞിട്ട് കേട്ടില്ലെങ്കിൽ അതിന്റെ പ്രത്യാഘാതം പിന്നീട് അനുഭവിക്കുമ്പോൾ നേരത്തെ മുന്നറിയിപ്പ് നൽകിയവർ ചോദിക്കുമല്ലോ; ഇപ്പോൾ എങ്ങനെയുണ്ടെന്ന്. അത് കേൾക്കുമ്പോൾ ഒന്നുകൂടെ വിഷമം കൂടും. അത് അവരെ നിന്ദ്യരുമാക്കും. ഇതൊക്കെയാണ് ഈ സംസാരത്തിന്റെ താൽപര്യം.

ഥമൂദുകാരുടെ വാസസ്ഥലം ഇന്ന് സുഊദി അറേബ്യയിൽ മദാഇനു സ്വാലിഹ് എന്ന പേരിൽ കാണാം എന്ന് നാം നേരത്തെ മനസ്സിലാക്കിയതാണല്ലോ.

അല്ലാഹു നശിപ്പിച്ചു കളഞ്ഞ പല ജനതയുടെയും അവശിഷ്ടങ്ങൾ (താമസസ്ഥലം, അവർ ഉപയോഗിച്ച വസ്തുക്കൾ മുതലായവ) ശേഷക്കാർക്ക് കണ്ട് മനസ്സിലാക്കുവാനായി ദൃഷ്ടാന്തമെന്നോണം ഇന്നും നമുക്ക് കാണാം. ഇത്തരം സ്ഥലങ്ങളിലേക്ക് ഉല്ലാസ യാത്ര നടത്തി അവിടെ നിന്ന് ഫോട്ടോക്ക് പോസ് ചെയ്ത് നിന്ന് കൊടുത്തും ചിരിച്ചും കളിച്ചും രസിച്ച് നടക്കുന്ന ചിലരുണ്ട്. അതൊരിക്കലും പാടില്ലാത്തതാണ്. അത്തരം സ്ഥലങ്ങളിലേക്ക് പോകുമ്പോൾ ശ്രദ്ധിക്കേണ്ടത് പണ്ഡിതന്മാർ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. കേവലം ഉല്ലാസ യാത്രയാണെങ്കിൽ അത് നിഷിദ്ധമാണെന്നും, അവിടെ കാണുന്ന അവശിഷ്ടങ്ങളിൽ നിന്ന് അവിടെ നശിപ്പിക്കപ്പെട്ട ജനത എന്ത് കാരണത്താലാണ് നശിപ്പിക്കപ്പെട്ടതെന്നു പഠിച്ച് മനസ്സിലാക്കി ദൈവ ഭക്തരായി ജീവിക്കുവാനുള്ള ഗുണപാഠം സ്വീകരിക്കുവാനാണെങ്കിൽ സന്ദർശിക്കുന്നത് അനുവദനീയമാണെന്നും പണ്ഡിതന്മാർ നമ്മെ ഉണർത്തിയിട്ടുണ്ട്. നബിﷺ സ്വഹാബിമാർക്ക് നൽകിയ ഉപദേശം അതായിരുന്നു.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# ഫിത്‌നയുടെ രണ്ട് വഴികൾ

**വി**വിധ തരത്തിലുള്ള ഫിത്‌നകൾ (കുഴപ്പങ്ങൾ) സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. മതരംഗവും ഇതിൽ നിന്ന് ഒഴിവല്ല. മതരംഗത്ത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന ഫിത്‌നകൾ പരിശോധിച്ചാൽ പ്രധാനമായും രണ്ട് കാരണങ്ങളാണ് അതിനു പിന്നിൽ നമുക്ക് കാണാനാവുക. അതിൽ ഒന്ന് യഥാർഥ ജ്ഞാനത്തിന്റെ അഭാവമാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നായിരിക്കണമല്ലോ ഒരു വിശ്വാസിയുടെ ഏറ്റവും പ്രാഥമിക ജ്ഞാനം. പക്ഷേ, അത് നാവുകൊണ്ട് ഉരുവിടുന്നതിനപ്പുറം അതിനെ ക്കുറിച്ച് അറിവില്ലാത്ത അവസ്ഥയുണ്ടായാൽ നിരവധി പ്രശ്നങ്ങൾ അതുവഴി സംഭവിക്കും. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുന്നവൻ ജാറങ്ങളിലെ സന്ദർശകനും അവിടെ ചെന്ന് സങ്കടം ബോധിപ്പിക്കുന്നവനും ആകുന്നത് ഇക്കാരണത്താലാണ്.

തട്ടമിട്ട പെൺകുട്ടികൾ രാഖി കെട്ടാൻ വേണ്ടി അന്യമതക്കാരന്റെ മുന്നിൽ കൈനീട്ടിക്കൊടുക്കുന്നതും ഇതുകൊണ്ടുതന്നെ. നാട്ടുകൽ എന്ന സ്ഥലത്തെ കല്ലിന്റെ അടുത്ത് ചന്ദനത്തിരികൾ കത്തിച്ചുവെക്കുകയും അവിടെ ഭക്തിയോടെ ആളുകൾ കൈകൂപ്പി നിൽക്കുകയും ചെയ്യുന്നതിന്റെ കാരണവും വ്യത്യസ്തമല്ല.

"...പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ?" എന്ന ക്വുർആൻ വചനം (39:90) അറിവില്ലായ്മയുടെ അപകടം വ്യക്തമാക്കുന്നതാണ്.

"അറിവില്ലാതെ നീ ഒന്നും പറയരുത്" എന്ന് അല്ലാഹു വിലക്കിയതും ഈ ഫിത്നയിൽ നിന്ന് രക്ഷ നേടാനാണ്. അറിവില്ലാത്തവരെ കൊണ്ടുള്ള ഫിത്ന സമൂഹത്തിൽ അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. പ്രമാണങ്ങളെക്കുറിച്ച് പ്രാഥമിക പരിജ്ഞാനം പോലുമില്ലാത്തവർ ഇന്ന് സംവാദങ്ങൾ വരെ സോഷ്യൽ മീഡിയയിൽ നടത്തുന്നുണ്ട്. അവസാനം അത് അവരുടെ വിശ്വാസം തെറ്റിപ്പോകാനും കാരണമാകാറുണ്ട്. പണ്ഡിതന്മാർ മരണപ്പെടുമ്പോൾ വിവരദോഷികളെ ജനം പണ്ഡിതരായി ഗണിച്ച് അവരോട് കാര്യങ്ങൾ അന്വേഷിക്കുമ്പോൾ അവർ വിവരമില്ലാതെ ഫത്‌വകൾ നൽകി സ്വയം വഴികേടിലായി മറ്റുള്ളവരെ വഴികേടിലേക്കെത്തിക്കുന്ന അവസ്ഥയുണ്ടാകുമെന്ന് നബിതിരുമേനിﷺ മുന്നറിയിപ്പു തന്നതും ഈ ഫിത്നയെ കുറിച്ചാണ്.

ഇബ്നു ഹസം‍ﷺയുടെ ഒരുവാക്ക് ഇവിടെ പ്രസക്തമാവുകയാണ്: "ഇൽമിനും അതിന്റെ അഹ്‌ലുകാർക്കും ഏറ്റവും പരിക്കേൽപിച്ച കാര്യമാണ് അറിവില്ലാത്തവർ ഇതിലേക്ക് കയറിവന്നു എന്നത്. അവർ വിവരം കെട്ടവരാണ്. പക്ഷേ, അവരുടെ ധാരണ ഞങ്ങൾ വിവരമുള്ളവരാണെന്നാണ്. യഥാർഥത്തിൽ അവർ ഫസാദുണ്ടാക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവർ വിചാരിക്കുന്നത് ഞങ്ങൾ നന്മയുണ്ടാക്കുന്നവരാണെന്നാണ്."

സലഫുകളിൽപെട്ട ചിലർ "അജ്ഞാനികൾ ഒന്നുമിണ്ടാതിരുന്നെങ്കിൽ തന്നെ ഈ ഭിന്നതകൾ അവസാനിക്കുമായിരുന്നു" എന്ന് പറഞ്ഞതായി കാണാം. അതുകൊണ്ട് ജ്ഞാനമില്ലാത്തതിന്റെ കാരണം കൊണ്ടുണ്ടാകുന്ന ഫിത്ന വലുതാണ്. അതിന് അറിവ് (ഇൽമ്) നേടുക എന്നത് മാത്രമാണ് പരിഹാരം.

അറിവ് യഥാർഥ ഉറവിടത്തിൽ നിന്ന് സ്വീകരിക്കാത്തത് മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന ഫിത്നയാണ് രണ്ടാമത്തേത്.

ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും ചടഞ്ഞിരുന്ന് വലിയ മുഫ്തിയായിത്തീരുന്ന ചില ഫിത്നക്കാർ സമൂഹത്തിലുണ്ട്. ഒരു തുണ്ടം ഫത്‌വയും അര തുണ്ടം അറബിയും സമം ചേർന്നാൽ ഫിത്നയുണ്ടാക്കാനുള്ള അർഹത നേടിയവനായി എന്നതാണ് അവസ്ഥ. വാക്സാമർഥ്യമുള്ളവരിൽ നിന്നെല്ലാം അറിവെടുക്കാം; പിന്നെ ഒന്നും നോക്കേണ്ടതില്ല എന്നത് വലിയൊരു ഫിത്നയായി വളർന്നുവരികയാണ്. ഇമാം ഇബ്നു സീരീൻ (റഹി) പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്:

"ഈ വിജ്ഞാനം എന്നത് മതമാണ്. അതിനാൽ ആരിൽ നിന്നാണ് നിങ്ങൾ ദീൻ സ്വീകരിക്കുന്നതെന്ന് ശരിക്കും പരിശോധിക്കണം."

മതനിഷേധികളും ഹദീഥ് നിഷേധികളും ഒക്കെ ചിലരുടെ ഉസ്താദുമാരാണ് ഇന്ന്. ഇതുമൂലം എത്രയാളുകളുടെ വിശ്വാസമാണ് തകരുന്നത്! ഇമാം മാലിക്(റഹി) പറഞ്ഞ ഒരു വാക്ക് ഇവിടെ പ്രസ്താവ്യമാണ്:

"നബിﷺ പറഞ്ഞു എന്ന് പറഞ്ഞ് ഹദീഥുകൾ പറയുന്ന എഴുപതിൽപരം ആളുകളെ നബിﷺയുടെ പള്ളിയിൽ ഞാൻ കണ്ടിട്ടുണ്ട്. ബൈത്തുൽ മാൽ അവരെ ഏൽപിച്ചാൽ പൂർണവിശ്വസ്തതയോടെ അവരത് കൈകാര്യം ചെയ്തേക്കും. എന്നാൽ അവരിൽ ഒരാളിൽ നിന്ന് പോലും ഞാൻ ഒരു വിജ്ഞാനവും സ്വീകരിച്ചിട്ടില്ല. കാരണം, അവർ അറിവിന്റെ അഹ്‌ലുകാർ ആയിരുന്നില്ല. അതേസമയം ഒരു തികഞ്ഞ യുവാവായ മുഹമ്മദ് സീൻ ശിഹാബ് സുഹ്‌രി പള്ളിയിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ഞങ്ങൾ തിരക്കുകൂട്ടിയിട്ടുമുണ്ട്."

ജ്ഞാനം ആരിൽ നിന്നാണ് സ്വീകരിക്കേണ്ടത് എന്നതിന് വ്യക്തമായ ചൂണ്ടുപലകയാണ് ഇമാമിന്റെ ഈ വാക്കുകൾ. അഥവാ ജ്ഞാനം അതിന്റെ യഥാർഥ ഉറവിടത്തിൽ നിന്നുതന്നെ എടുക്കണം. ഇല്ലെങ്കിൽ അപകടത്തിൽ പതിക്കും. അതാണ് ഇമാം ശാഫിഇ(റഹി) പറഞ്ഞത്:

"ആരെങ്കിലും ഗ്രന്ഥങ്ങളിൽ നിന്ന് മാത്രം അറിവ് നേടിയാൽ അവന് നിരവധി വിധികൾ നഷ്ടപ്പെടും."

അതുകൊണ്ട് അറിവ് നേടുക. അതിന്റെ യഥാർഥ ഉറവിടത്തിൽ നിന്ന്. എങ്കിൽ ഫിത്നകളിൽ നിന്ന് രക്ഷപ്പെടാം. ഇല്ലെങ്കിൽ ഫിത്നകൾ വർധിച്ചുകൊണ്ടേയിരിക്കും. അല്ലാഹു സഹായിക്കട്ടെ. ●



## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# തണൽ തേടി ഒരു വെള്ളിയാഴ്ച

നമസ്കരിക്കാൻ വിരിച്ച മുസ്വല്ലയിൽ പ്രാവിന്റെയൊരു ചെറുതൂവൽ.

ഇക്കഴിഞ്ഞ ഹജ്ജിന് ശേഷം മസ്ജിദുൽ ഹറമിലായിരുന്നു അത്.

ഹജ്ജ് കർമങ്ങൾ പൂർത്തിയാക്കിയ ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച. ഒന്നര മണിക്കൂർ മുമ്പേ മുറിയിൽ നിന്നിറങ്ങി പുറപ്പെട്ടെങ്കിലും വൈകിയിരുന്നു. ഹാജിമാർക്കുള്ള പതിവ് ബസ് ഓട്ടം നിർത്തിയിരുന്നു. കൈകാട്ടി നർത്തിയ കാറിലെ ഡ്രൈവർ വിവിധ ഭാഷകളിൽ പറഞ്ഞത് മനസ്സിലായി; റോഡ് ബ്ലോക്കാണ്, നടക്കുകയല്ലാതെ മറ്റു മാർഗമില്ല.

തലച്ചോറിലേക്കെത്തുന്ന തീവെയിലിൽ നടത്തം തുടങ്ങി. കൂടചൂടിയതറിയാത്തപോലെ; ചൂടിനൊരു കുറവുമില്ല. ഇത്തിരി ദൂരം നടന്നപ്പോഴേക്കും കെട്ടിടങ്ങളുടെ നിഴൽവീണ റോഡിലെ സ്ഥലമെല്ലാം വിശ്വാസികൾ കൈവശപ്പെടുത്തിയിരുന്നു; മുസ്വല്ല വിരിച്ച് ഇരിപ്പുണ്ടായിരുന്നു.

നടത്തം തുടർന്നെങ്കിലും ഹറമിന്റെ കുറെയകലെ ബാരിക്കേഡ് തീർത്ത് വഴി തടഞ്ഞിരുന്നു. പള്ളിയും പരിസരവും നിറഞ്ഞിരുന്നു. ഒരു മുസ്വല്ല വിരിക്കാൻ നിഴലുള്ളിടത്തെല്ലാം അത് ചെയ്തിരിക്കുന്നു വിശ്വാസികൾ, വിശ്വാസിനികൾ!

മെയിൻ റോഡിൽ നിന്ന് ചെറിയ ഒരു റോഡിലേക്ക് തിരിഞ്ഞെങ്കിലും നിഴലിടങ്ങളൊട്ടും ഒഴിവില്ല. ഇടവഴി പോലൊരിടത്തേക്ക് തിരിഞ്ഞു. അവിടെയും ആളുകൾ ഇരിപ്പുറപ്പിച്ചിരിക്കുന്നു. അതേ വഴി വീണ്ടും നടന്ന് കയറിയപ്പോൾ രണ്ട് കൂറ്റൻ കെട്ടിടങ്ങൾക്ക് നടുവിലെ ഇടുങ്ങിയ നടവഴിയിൽ നിഴലുണ്ട്. നിലം ചരിഞ്ഞതെങ്കിലും അവിടെ ഇരിക്കാൻ തീരുമാനിച്ചു.

മുസ്വല്ല വിരിച്ചിരുന്ന് ക്വുർആൻ പാരായണം തുടങ്ങി. ഒരു ഭാഗത്ത് നിന്ന് വേവുന്ന കോഴിയിറച്ചിയുടെ സുഗന്ധം, തൊട്ടടുത്ത ഹോട്ടലിന്റെ അടുക്കളയിൽ നിന്നാവാം. എന്നാൽ പക്ഷിക്കൂടുകളിൽ നിന്നെന്നപോലെ അസുഖകരമായ മണവുമുണ്ട്. കാഷ്ഠത്തിന്റെ അടയാളങ്ങളും തൂവലുകളും നാട്ടിലെ കോഴിഫാമിന്റെ സാന്നിധ്യം ഓർമപ്പെടുത്തി.

കുറച്ച് നേരം കൊണ്ട് ആ സ്ഥലവും ഭക്തര കൊണ്ട് നിറഞ്ഞു.

ഒരുപക്ഷേ, ഇത് മക്കയിലെ അവസാനത്തെ വെള്ളിയാഴ്ചയാവാം എനിക്ക്. പ്രാർഥനകളിൽ മുഴുകി. അന്നേരം മുകളിൽ നിന്നൊരു പ്രാവിന്റെ കുഞ്ഞുതൂവൽ അപ്പൂപ്പൻ താടിപോൽ അന്തരീക്ഷത്തിൽ ചുറ്റിക്കറങ്ങി മുസ്വല്ലയിലേക്ക് പതിച്ചു. തെല്ലത്ഭുതത്തോടെ മേലോട്ട് നോക്കിയപ്പോൾ കണ്ടത് രണ്ടിണപ്രാവുകൾ കെട്ടിടത്തിന്റെ ഉയരത്തിരുന്ന് എന്തോ നിശ്ശബ്ദമായി പങ്കുവെക്കുന്നതാണ്. പ്രാവുകൾ വേറെയുമുണ്ട്. അവ ഒരു കെട്ടിടത്തിൽ നിന്ന് അടുത്തതിലേക്ക് പറക്കുന്നു. അവിടെയിരുന്ന് തൂവലുകൾ കോതിയൊതുക്കുന്നു. ഇടക്ക് ചില ഇണപ്രാവുകൾ ഒന്നിച്ച് പറന്നുയർന്ന് ചുറ്റിയടിക്കുന്നു; വെയിലേറ്റിരിക്കുന്ന വിശ്വാസികളുടെ സുഖവിവരമന്വേഷിക്കാനെന്നപോലെ. എന്നാൽ, വിശ്വാസികളുടെ പ്രാർഥനക്ക് ഭംഗമുണ്ടാകാതിരിക്കാനെന്നോണം അവ അത്ഭുതകരമാം വിധം നിശ്ശബ്ദരായിരുന്നു.

ബാങ്ക് വിളിയുയർന്നു. ദൂരെയായിരുന്നത് കൊണ്ട് ഖുത്വുബ വേണ്ടത്ര വ്യക്തമായിരുന്നില്ല. വെയിൽ ചൂടിൽ നിന്നുള്ള ആശ്വാസവും പൊതിയുന്ന സമ്മിശ്ര ഗന്ധങ്ങളും നിമ്നോന്നതമായ ഇരിപ്പുനിലവും ഉയരത്തിൽ പ്രാവുകളുടെ നേർത്ത ചിറകടിയും പറന്ന് വീഴുന്ന വെൺതൂവലുകളും അകലെ നിന്ന് കേൾക്കുന്ന ഉദ്ബോധന ശകലങ്ങളും തീർത്ത വല്ലാത്തൊരു മായികലോകത്തെത്തിയ അവസ്ഥ!

ഹറം ഒരു മായിക ലോകമാണ്. ഓർമകൾ ഉൾപുളകം സമ്മാനിക്കുന്ന, എത്രയോ മഹാത്മാക്കളുടെ കാലടികൾ പതിഞ്ഞ സ്ഥലം! ജനലക്ഷങ്ങൾക്കിടയിൽ ഒരു ബിന്ദുവായി അലിഞ്ഞു ചേരുമ്പോൾ ഇല്ലാതാകുന്നത് മനസ്സിലെ ഞാനെന്ന ബോധംകൂടിയാണ്.

ശമീർ മദീനി
mail@nerpatham.com

ഖുർആൻ പാഠം

# നിയന്ത്രിക്കേണ്ട ദുഃസ്വഭാവം

**"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു, ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (41:34,35).**

എല്ലാവരും നമ്മളോട് നല്ല രീതിയിൽ പെരുമാറണം എന്നാണ് നാം ആഗ്രഹിക്കുന്നത്. ഭാര്യ, മക്കൾ, സഹോദര-സഹോദരിമാർ, മതാപിതാക്കൾ, സുഹൃത്തുക്കൾ, അയൽവാസികൾ.... തുടങ്ങി എല്ലാവരും. പക്ഷേ, ചിലപ്പോൾ നാം ആഗ്രഹിക്കാത്ത വാക്കുകളോ പെരുമാറ്റങ്ങളോ അവരിൽ നിന്നൊക്കെ ഉണ്ടാകാം. അത് സ്വാഭാവികമാണ്. അത് നമുക്ക് വിഷമമുണ്ടാക്കുകയും നമ്മെ ദേഷ്യം പിടിപ്പിക്കുകയും ചെയ്തെന്നും വരാം. അവിടെ നമ്മെത്തന്നെ നാം നിയന്ത്രിക്കാൻ ശ്രമിക്കേണ്ടതുണ്ട്. സ്വർഗത്തിനവകാശികളായിത്തീരുന്ന, ദൈവഹിതത്തിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുന്ന സൂക്ഷ്മതാ ബോധമുള്ള ഭക്തന്മാരുടെ (മുത്തക്വീങ്ങൾ) സ്വഭാവ ഗുണങ്ങൾ വിവരിച്ച കൂട്ടത്തിൽ 'കോപത്തെ കടിച്ചൊതുക്കുന്നവരുമാണവർ' എന്ന് വിശുദ്ധ ക്വുർആൻ 3:134ൽ എടുത്തു പറഞ്ഞത് ശ്രദ്ധേയമാണ്. കോപം കടിച്ചൊതുക്കുമ്പോൾ അതൊരു ചാപല്യമായി കാണുകയോ കോപാകുലനായി രണ്ടുവാക്കുപറഞ്ഞില്ലെങ്കിൽ എന്തിന് കൊള്ളും എന്ന് കരുതുകയോ വേണ്ടതില്ല. അഥവാ കോപം മഹത്ത്വമോ വിട്ടുവീഴ്ച ഒരു ചാപല്യമോ അല്ല. നബിﷺ പറയുന്നു:

"മൽപിടുത്തത്തിൽ ജയിക്കുന്നതുകൊണ്ടല്ല ഒരാൾ ശക്തവാനാകുന്നത്. പ്രത്യുത ദേഷ്യം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കുന്നവനാണ് യഥാർഥ ശക്തൻ" (ബുഖാരി, മുസ്‌ലിം).

ചിലർ മറ്റുള്ളവരോടുള്ള ദേഷ്യം 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന ചൊല്ല് അന്വർഥമാക്കുന്ന രൂപത്തിൽ ഭാര്യയോടും മക്കളോടുമൊക്കെ തീർക്കുമ്പോൾ ശാന്തിയും സ്നേഹവും കളിയാടേണ്ടുന്ന കുടുംബാന്തരീക്ഷം കലങ്ങിമറിയാറുണ്ട്. ശാന്തിക്കും സമാധാനത്തിനും വിട്ടുവീഴ്ച വളരെ അത്യാവശ്യമാണ് എന്നതോടൊപ്പം രക്തസമ്മർദത്തെ നിയന്ത്രിക്കുന്നതിലും അതിലൂടെ മാനസികവും ശാരീരികവുമായ നിരവധി ഗുണങ്ങൾ നേടിത്തരുന്നതിലും വിട്ടുവീഴ്ചയ്ക്കു പങ്കുള്ളതായി ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കോപാന്ധതകൊണ്ട് പലതും കാട്ടിക്കൂട്ടി 'മിടുക്ക്' തെളിയിക്കാൻ ശ്രമിക്കുന്നത് പക്വതയല്ലെന്നും സഹജീവികളിൽ നിന്നും വന്നുപോകുന്ന അബദ്ധങ്ങൾ ക്ഷമിക്കാനും പൊറുക്കാനും കഴിയുക എന്നതാണ് മഹത്ത്വത്തിന്റെയും പക്വതയുടെയും ലക്ഷണമെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന, എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നമുക്ക് നൽകിയ സ്രഷ്ടാവിനോട് നാം ചെയ്തുപോയ തെറ്റുകുറ്റങ്ങളിൽ അവൻ നമുക്കു മാപ്പുനൽകണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ ആ ഗുണം അൽപമൊക്കെ നമ്മിലും പ്രകടമാകണമെന്നു തന്നെയാണ് ദൈവിക വചനങ്ങൾ പഠിപ്പിക്കുന്നത്.


"നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നി ങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (24:22).

ഈ വസ്തുത മനുഷ്യർ ഉൾക്കൊണ്ടിരുന്നുവെങ്കിൽ ബസ്സിലും ട്രെയിനിലുമൊക്കെ യാത്ര ചെയ്യുമ്പോൾ മറ്റുള്ളവരുടെ കയ്യോ കാലോ ശരീരത്തിൽ അറിയാതെ തട്ടിപ്പോകുമ്പോഴേക്കും അടിപിടി കൂടുകയില്ലായിരുന്നു. റോഡിലൂടെ നടന്നുപോകുമ്പോൾ വാഹനത്തിൽ നിന്നും ചെളി തെറിച്ചതിന്റെ പേരിൽ ഡ്രൈവറെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയതുപോലുള്ള വാർത്തകൾ നമുക്ക് കേൾക്കേണ്ടിവരില്ലായിരുന്നു.

മാനവർക്ക് മാതൃകയായ മുഹമ്മദ് നബിﷺയുടെ ജീവിതത്തിൽ ഈ സദ്സ്വഭാവം നിഴലിച്ചുകാണാവുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. സ്വന്തം കാര്യത്തിൽ അവിടുന്ന് ആരോടും ദേഷ്യപ്പെട്ടിട്ടില്ല. അറിവില്ലാതെ തെറ്റ് ചെയ്തുപോയവർക്ക് അവിടുന്ന് മാപ്പ് നൽകിയിട്ടുണ്ട്. ആ മാതൃക പിൻപറ്റേണ്ടവരാണല്ലോ വിശ്വാസികൾ.

**അശ്റഫ് എകരൂൽ**
ashrafekarul@gmail.com






# അതിരു തീർക്കേണ്ട അനുകരണ ഭ്രമം

**വേ**രറുക്കേണ്ട ദുസ്സ്വഭാവങ്ങളെ കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ നാം വായിച്ചത്. അത്തരം ദുസ്സ്വഭാവങ്ങളിൽ ചേർത്ത് വായിക്കേണ്ട ഒന്നാണ് അനുകരണഭ്രമം. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇസ്‌ലാമിന്റെ വ്യക്തിത്വവും വ്യതിരിക്തതയും എന്താണെന്ന് പരിഗണിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ, ജീവിക്കുന്ന ചുറ്റുപാടിലുള്ളതിനെ അന്ധമായി അനുകരിക്കുന്ന പ്രവണത ഭൂഷണമല്ല. സംസ്‌കാരത്തിന്റെ സ്വാംശീകരണത്തിൽ ശരി തെറ്റുകളുടെ ഒരു പരിശോധനയുമില്ലാതെ എല്ലാം വാരിപ്പുണരുന്ന കൂട്ടംകൂടികളാകുന്നത് നബിﷺ നിരോധിച്ചത് ഇവിടെ ശ്രദ്ധേയമാണ്. നബിﷺ പറഞ്ഞു: "നിങ്ങളിൽ ഒരാളും കൂട്ടം കൂടികളാകരുത്. (അഥവാ)ഒരാൾ പറയും: 'ഞാൻ ജനപക്ഷത്താണ്, ജനങ്ങൾ നന്മ ചെയ്താൽ ഞാൻ നന്മ ചെയ്യും; അവർ ചീത്തയായാൽ ഞാനും ചീത്ത ചെയ്യും.' എന്നാൽ നിങ്ങൾ നിങ്ങളുടെ കാര്യത്തിൽ മുന്നൊരുക്കം നടത്തണം. ജനങ്ങൾ നന്മ ചെയ്താൽ നിങ്ങളും നന്മയിൽ ആവുക; ജനങ്ങൾ തിന്മയിലാകുമ്പോൾ നിങ്ങൾ അവരുടെ മോശം പ്രവൃത്തിയിൽ നിന്ന് അകന്നു നിൽക്കുക" (തിർമിദി).

എന്നാൽ ഇസ്‌ലാമിക വിരുദ്ധമല്ലാത്ത വിധം ജീവിത ശൈലിയുടെ മാറ്റങ്ങളോടൊപ്പം ഇഴചേരുന്നതിൽ ഇസ്‌ലാമിക വിലക്കുകളില്ല. ഇസ്‌ലാം പ്രായോഗികവും മനുഷ്യ ജീവിതത്തിന്റെ വൈവിധ്യങ്ങളെ നിലനിർത്തുന്നതുമായ ദൈവിക മതമാണ്. ലോകത്തിന്റെ ഏതു കോണിലും ഏതു സമൂഹത്തിലും അവരിൽ ഒരാളായി, എന്നാൽ ഇസ്‌ലാമിക വ്യക്തിത്വത്തോടെ ജീവിക്കുവാൻ പാകത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്. അഥവാ ജീവിക്കുന്ന ചുറ്റുപാടിന്റെ (ഇസ്‌ലാമിക വിരുദ്ധമല്ലാത്ത) ശൈലികളെയും രീതികളെയും വൈവിധ്യങ്ങളെയും ഇസ്‌ലാം അനുവദിക്കുന്നു. അതുകൊണ്ടാണ് തലപ്പാവ് ധരിക്കുന്ന (മക്കയിലെ) വസ്ത്ര രീതി നബി തിരുമേനിﷺയുടെ വസ്ത്ര രീതിയായത്. നിർണിത വസ്ത്രമോ നിറമോ തയ്യൽ രീതിയോ നിഷ്‌കർഷിക്കുന്നതിനു പകരം പൊതു വസ്ത്ര നിയമമാമാണ് ഇസ്‌ലാം പഠിപ്പിച്ചത്. പ്രസ്തുത നിയമം പാലിച്ചു കൊണ്ട് ഏതു നാട്ടിലെ ശൈലി സ്വീകരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. പുരുഷനാണെങ്കിൽ നെരിയാണിക്ക് താഴെ ഇറങ്ങാതിരിക്കുകയും സ്ത്രീയാണെങ്കിൽ ശരീരം മുഴുവനും മറയുന്നതും ശരീരവടിവുകൾ പ്രദർശിപ്പിക്കാത്തതുമാവുക എന്നതാണ് ആ പൊതുനിയമം. എന്നാൽ ഈ ദൈവിക പൊതുനിയമം, നിലനിൽക്കുന്ന ഫാഷനുകൾക്കോ കൃത്രിമമായി നിർമിക്കപ്പെട്ട 'പൊതുബോധ'ത്തിനോ അസ്വീകാര്യമാണെന്നു കരുതി ആ ഫാഷന്റെ ഭാഗമാവാൻ മുസ്‌ലിംകൾക്ക് അനുവാദമില്ല. ഇവിടെയാണ് അനുകരണ ഭ്രമത്തിന്നു തടയിണ പണിയേണ്ടി വരുന്നത്. തുളകൾ നിറഞ്ഞ ജീൻസും മുട്ടിനു മേലെ അവസാനിക്കുന്ന സ്‌പോർട്‌സ് ഡ്രസ്സുകളും മുസ്‌ലിം ആൺകുട്ടിക്കും, മുടി മറയാത്തതും തലമറയ്ക്കുന്ന വസ്ത്രം മാറിടത്തിലേക്ക് ഇറങ്ങി നിൽക്കാത്തതുമായ ഏതു വസ്ത്ര രീതിയും മുസ്‌ലിം പെൺകുട്ടിക്കും സ്വീകരിക്കാവതല്ല.

അത് പോലെ പുരുഷന്റെ താടിയുടെയും മീശയുടെയും കാര്യത്തിലും മതശാസനകളുണ്ട്. അതിനെ ഉൾക്കൊള്ളുവാൻ നമ്മുടെ മക്കളെ നാം പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും വേണം. താടിയും മീശയുമെല്ലാം ന്യൂജെൻ ഫാഷനാകുമ്പോൾ ഉന്നത കാമ്പസുകളിൽ പോലും അത് പ്രിയപ്പെട്ടതായി മാറുന്നു. പക്ഷേ, ഇന്നത്തെ ന്യൂജെൻ താടികളിൽ പലതിലും മയക്കു മരുന്നിന്റെ പൊടി പടലങ്ങൾ കൂടിയുണ്ടെന്നത് നമ്മെ ഭയപെടുത്തുന്നുണ്ട്. ഈയിടെ മയക്കു മരുന്നിന്റെ

അമിതോപയോഗം മൂലം മരണം പിടികൂടിയ ഒരു ഐ.ഐ.ടി ബിരുദധാരിയും മറ്റൊരു കോളേജ് വിദ്യാർഥിയും (രണ്ടും മുസ്‌ലിം കുട്ടികൾ) നല്ല നീളമുള്ള താടിയുള്ളവരായിരുന്നു. ജാതി മത വിത്യാസമില്ലാതെ അവരെ കാണാൻ ചെന്ന കൂട്ടുകാർക്കും താടി ഉണ്ടായിരുന്നുവന്നത് ശ്രദ്ധയിൽപെട്ടു. അന്വേഷിച്ചപ്പോഴാണറിഞ്ഞത് അത് പുതിയ ഫാഷന്റെ ഭാഗം മാത്രമാണ് എന്ന്! സീസണുകളിൽ വന്നുപോകുന്ന സംസ്കാരമല്ല; അല്ലാഹുവിന്റെ താൽപര്യങ്ങളെ പരിഗണിച്ച് പരിപാലിക്കപ്പെടുന്ന ശീലങ്ങളാണ് വേണ്ടത്. നബിﷺ പറഞ്ഞു: 'നിങ്ങൾ ബഹുദൈവ വിശ്വാസികളോട് എതിരാവുക. നിങ്ങൾ മീശ വെട്ടിച്ചുരുക്കുകയും താടി വളർത്തി വിടുകയും ചെയ്യുക' (ബുഖാരി). ഇമാം മുസ്‌ലിമിന്റെ റിപ്പോർട്ടിൽ 'മീശ വെട്ടുകയും താടി ഇടതൂർന്നു വളർത്തുകയും അഗ്നി ആരാധകരോട് എതിരാവുകയും ചെയ്യുക' എന്നുകൂടിയുണ്ട്.

നബിചര്യയെന്ന നിലയ്ക്ക് തക്‌വയുടെ ഭാഗമായി മക്കൾ താടി വളർത്തുന്നതിനെ ആശങ്കയോടെ കാണുന്ന മുസ്‌ലിം രക്ഷിതാക്കളും ഇല്ലാതെയില്ല. താടിയെ തീവ്രവാദത്തിന്റെ അടയാളമായി വ്യാഖ്യാനിക്കുന്നവർ പടച്ചുവിട്ട കൃത്രിമ പുക ശ്വസിച്ചവരാണവർ. നമ്മുടെ മക്കൾ അന്ധമായ അനുകരണങ്ങളോട് സന്ധിയാവാതെ ജീവിക്കുവാൻ ശ്രമിക്കുമ്പോൾ നാം അവർക്ക് ശക്തിയും തണലുമാവുകയാണ് വേണ്ടത്. ഇതുപോലെ ശ്രദ്ധിക്കേണ്ട മറ്റൊരു രംഗമാണ്, മറ്റു മതവിശ്വാസികൾ അവരുടെ മതരീതികളുടെ ഭാഗമായി അംഗീകരിച്ചാചരിക്കുന്ന കാര്യങ്ങൾ അവരോടൊപ്പം തുല്യമായി അനുകരിക്കുകയെന്നത്. കാരണം നബിﷺ അതിനെ വ്യക്തമായി നിരോധിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:'നാം അല്ലാത്തവരോട് സാദൃശ്യപ്പെടാൻ ശ്രമിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ല. നിങ്ങൾ നസ്വാറാക്കളോടും യഹൂദരോടും സാദൃശ്യപ്പെടാവതല്ല' (തിർമിദി).

ഇതുപോലെ വളരാൻ അനുവദിക്കാവതല്ലാത്ത മറ്റൊരു ദുസ്സ്വഭാവമാണ് ആർഭാടവും സുഖലോലുപതയും. ഇവ രണ്ടും സ്വഭാവത്തെ ചീത്തയാക്കുകയും പരലോകത്തെ വിസ്മരിപ്പിക്കുകയും ദൈവസ്മരണയിൽ നിന്ന് മനസ്സിനെ അകറ്റുകയും ചെയ്യും. നബിﷺ പറഞ്ഞതായി മുആദ്ബ്നു ജബൽ ؓ നിവേദനം ചെയ്യുന്നു: 'നിങ്ങൾ സുഖലോലുപതയെ സൂക്ഷിക്കണം. അല്ലാഹുവിന്റെ ദാസന്മാർ സുഖലോലുപന്മാർ ആവുകയില്ല' (ഇമാം അഹ്മദ്).

ഉമർ ؓ പേർഷ്യൻ രാജ്യങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾക്ക് ഇപ്രകാരം എഴുതി അറിയിക്കുമായിരുന്നു: 'നിങ്ങൾ സുഖലോലുപതയെയും ബഹുദൈവാരാധകന്മാരുടെ വേഷവിധാനത്തെയും സൂക്ഷിക്കണം'(ബുഖാരി, മുസ്‌ലിം). ബ്രാൻഡുകളുടെ മാത്രം അടിമയായി മാറുന്ന ശീലത്തെ മക്കളിൽ നാം വളർത്തിക്കൂടാത്തതാണ്. ജീവിതത്തിന്റെ മാറിവരുന്ന സാമ്പത്തിക കാലാവസ്ഥകളിൽ പിടിച്ചുനിൽക്കാൻ കഴിയാതെ ഭാവിയിൽ അവർ കാൽ വഴുതിവീണു പോയെന്ന് വരും. പ്രകടനപരതയിൽ നിന്ന് ഇസ്‌ലാം നമ്മെ അകറ്റി നിർത്തുന്നത് ഇത് കൊണ്ട് കൂടിയാവാം.

മക്കളുടെ സ്വഭാവങ്ങളെ വൈകൃതങ്ങളിലേക്ക് കൈപിടിച്ച് കൊണ്ട് പോകുന്ന മറ്റൊരു പൈശാചികതയാണ് സംഗീതജ്വരം. ഇമാനിന്റെയും ഇസ്‌ലാമിലന്റെയും മറുപക്ഷത്ത് നിൽക്കുന്ന ജാഹിലിയ്യത്തിൽ പെട്ടതായിട്ടാണ് സംഗീതത്തെയും നൃത്തനൃത്യങ്ങളെയുമെല്ലാം പ്രവാചകനും സ്വഹാബികളും ഉത്തമ നൂറ്റാണ്ടുകളിലെ വിശ്വാസികളും മതത്തിൽ അവരുടെ പാത പിന്തുടർന്നരുമെല്ലാം മനസ്സിലാക്കിയത്. പൈശാചിക പ്രവണതകളെ ഉത്തേജിപ്പിക്കുന്ന വൈദുതി തരംഗങ്ങളാണ് സംഗീതങ്ങളും വാദ്യോപകരങ്ങളും. അവയെ വിരോധിച്ച പ്രവാചക ചര്യയെ ധിക്കരിച്ചു കൊണ്ട് അനുവദനീയമായി കാണുന്ന, വരാനിരിക്കുന്ന തലമുറയെ കുറിച്ച് പ്രവാചകൻﷺ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഹാരിസ് ബിൻ അബീ ഉസാമ ؓ യിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻﷺ: 'തീർച്ചയായും അല്ലാഹു എന്നെ കാരുണ്യവും ലോകത്തിനു മാർഗദർശനവുമായിട്ടാണ് നിയോഗിച്ചിട്ടുള്ളത്. വീണകളും വാദ്യോപകരണങ്ങളും അജ്ഞാത കാലത്ത് ആരാധിച്ചിരുന്നതും ക്ഷയിപ്പിക്കാൻ അല്ലാഹു എന്നോട് കൽപിച്ചു' (അഹ്മദ്). ഇമാം ബുഖാരിയും ഇമാം അഹ്മദും റിപ്പോർട്ട് ചെയ്യുന്ന നബിവചനത്തിൽ നമുക്ക് ഇങ്ങനെ കാണാം: അദ്ദേഹം പറഞ്ഞു: 'എന്റെ സമുദായത്തിൽ ഒരു ജനത ഉണ്ടാവും. അവർ വ്യഭിചാരവും പട്ടും മദ്യവും വാദ്യോപകരണങ്ങളും അനുവദനീയമാക്കും.'

ശബ്ദാസ്വാദന ദാഹത്തെ ശമിപ്പിക്കാൻ നല്ല ക്വുർആൻ പാരായണവും സംഗീത മുക്തമായ ഗാനങ്ങളും നമുക്ക് പകരം നൽകാവുന്നതാണല്ലോ.

അല്ലാഹുവിന്റെ പ്രവാചകൻﷺ ഗൗരവമായി നിരോധിച്ച മറ്റൊരു പ്രവണതയാണ് സ്ത്രീ പുരുഷന്മാർ പരസ്പര രൂപ സാദൃശ്യം സ്വീകരിക്കുകയെന്നത്. വേഷ ഭൂഷാദികളിലും മറ്റും ഇന്ന് ഇത് സാർവത്രികമായി പ്രകടമാണ്. ഇബ്നു അബ്ബാസ് ؓ നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ നബിതിരുമേനിﷺ ഇങ്ങനെ പറഞ്ഞതായി കാണാം: 'സ്ത്രീകളോട് സാദൃശ്യപ്പെടാൻ ശ്രമിക്കുന്ന പുരുഷന്മാരെയും പുരുഷന്മാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെയും അല്ലാഹു ശപിച്ചിരിക്കുന്നു' (അഹ്മദ്, അബൂദാവൂദ്).

ചുരുക്കത്തിൽ, മുമ്പ് വിശദീകരിച്ച ഇസ്‌ലാമിക സ്വഭാവ ശീലങ്ങൾ വേരുറപ്പിക്കുകയും ഇവിടെ വിശകലനം ചെയ്ത ദുസ്സ്വഭാവങ്ങൾക്ക് തടയിണ പണിയുകയും ചെയ്യുന്നതിലൂടെയാണ് മക്കളിൽ സ്വഭാവ വളർച്ച സാധ്യമാവുന്നത്. **(തുടരും)**

ഹംസ മദീനി
mail@nerpatham.com

ലേഖനം



# ആത്മസമർപ്പണം വിജയത്തിന്റെ കാതൽ

**ഈ** പ്രപഞ്ചവും അതിലെ സൃഷ്ടിജാലങ്ങളും ഒരു ആകസ്മികതയുടെ ഉൽപന്നങ്ങളല്ലെന്ന് സാമാന്യബുദ്ധിയുള്ള ഏതൊരാളും അംഗീകരിക്കും. ഓരോന്നും കൃത്യമായ ലക്ഷ്യത്തിലും ഉദ്ദേശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണെന്ന് ചിന്തിക്കുന്നവർക്ക് തിരിച്ചറിയാൻ പ്രയാസമില്ല.

തന്നെ സൃഷ്ടിച്ച രക്ഷിതാവിനെ അറിഞ്ഞുൾക്കൊണ്ട് അംഗീകരിക്കുകയും അവന്ന് കീഴ്പെടുകയും ചെയ്യലാണ് മനുഷ്യന്റെ ബാധ്യത. ഈ ബാധ്യത നിറവേറ്റുന്നവൻ മുസ്‌ലിമും അല്ലാത്തവൻ നിഷേധിയുമാണ്. മനുഷ്യനല്ലാത്ത, ദൃശ്യലോകത്തിലെ സൃഷ്ടികളെല്ലാം അല്ലാഹുവിന് കീഴ്പെടുകയും ചെയ്തിരിക്കുന്നു. ബുദ്ധിയും വിവേകവും ചിന്താശേഷിയും നൽകപ്പെട്ട മനുഷ്യനാണ് രക്ഷിതാവിനെ മറക്കുകയും ധിക്കരിക്കുകയും ചെയ്യുന്നത്; അവന്റെ നിയമങ്ങളെയും വിധിവിലക്കുകളെയും ചോദ്യം ചെയ്യുകയോ എതിർക്കുയോ ചെയ്യുന്നത്.

അല്ലാഹു ചോദിക്കുന്നു: "അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും" (ക്വുർആൻ 3:83).

ഇതര സൃഷ്ടിജാലങ്ങൾ സ്രഷ്ടാവിന് കീഴൊതുങ്ങി സമർപ്പിതമായ പോലെ മനുഷ്യനും തന്റെ ജീവിതത്തെ റബ്ബിന് സമർപ്പിക്കണം. ആകാശഭൂമികളും സൂര്യചന്ദ്രനക്ഷത്രാതികളും അവയുടെ പ്രകൃതത്തിനനുസരിച്ച് അല്ലാഹുവിന് കീഴ്പെടുന്നവ(മുസ്‌ലിം)യായി മാറിയിട്ടുണ്ടെങ്കിൽ മനുഷ്യന്റെ പ്രകൃതിക്കും കഴിവിനും ചേർന്ന നിയമങ്ങൾ ഉൾക്കൊണ്ട് മനുഷ്യനും മുസ്‌ലിമാകേണ്ടതുണ്ട്. മനുഷ്യൻ തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യമായ ഈ യാഥാർഥ്യം തിരിച്ചറിയുകയും ഉൾക്കൊള്ളുകയും അത് പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് അല്ലാഹു ക്വുർആനിലൂടെ ആവശ്യപ്പെടുന്നത്.

"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (ക്വുർആൻ 6:162,163).

രക്ഷിതാവിനോടുള്ള ഈ ബാധ്യത നിറവേറ്റുന്നതിലും അങ്ങനെ അവന് കീഴ്പെടുന്നതിലും മറ്റേതൊരു സൃഷ്ടിയെക്കാളും മുമ്പെയാണ് ഞാനുള്ളത് എന്ന് പ്രഖ്യാപിക്കുവാൻ നമുക്കാവണം. നമുക്ക് സ്രഷ്ടാവിനെ മനസ്സിലാക്കാനുള്ള ബുദ്ധിയും അവന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചറിയുവാനും പ്രവർത്തിക്കുവാനുമുള്ള കണ്ണും കാതും ഹൃദയവും മസ്തിഷ്കവും അടക്കമുള്ള എല്ലാം നൽകിയത് അവനാണല്ലോ. അതിനാൽ നാം അവന്റെ മുമ്പിലാണ് കീഴ്പെടേണ്ടത്. അതാണ് നന്ദിയുള്ള അടിമയുടെ അടയാളം.

ഇത് കേവലം നാവുകൊണ്ടുള്ള പ്രഖ്യാപനത്തിൽ ഒതുങ്ങേണ്ടതല്ല. ഹൃദയത്തിലുണ്ടെന്ന് അഭിമാനിക്കുകയും എന്നാൽ പ്രാവർത്തിക രംഗത്ത് നിഴലിക്കാതിരിക്കുകയും ചെയ്യുന്നതുമായിക്കൂടാ. യഥാർഥ മുസ്‌ലിം അല്ലാഹുവിന്റെ കൽപനകളും വിരോധങ്ങളും പാലിക്കുകയും നിയമ പരിധികളെ ലംഘിക്കാതിരിക്കുകയും  ചെയ്ത് തന്റെ ജീവിതത്തിന്റെ ദൗത്യം ഇതാണെന്ന് തിരിച്ചറിഞ്ഞ് മനസ്സംതൃപ്തിയോടെ രക്ഷിതാവിന് സർവം സമർപിക്കുന്നവനാണ്. അല്ലാഹു പറയുന്നു:

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ 24:51).

അല്ലാഹുവിന്റെയും പ്രവാചകന്റെയും വിധി സ്വീകരിക്കുകയും അതിന് കീഴ്പെടുകയും ചെയ്യാൻ വിശ്വാസികളോട് ആഹ്വാനം ചെയ്താൽ ഞങ്ങൾ അതിന് തയ്യാറാണെന്നല്ലാതെ മറ്റൊന്നും അവർക്ക് പറയുവാനുണ്ടാവില്ല. ഭൗതികമായി ചിന്തിക്കുമ്പോൾ അതിൽ നഷ്ടമുണ്ടെന്ന് തോന്നിയേക്കാം. എന്നാൽ ശാശ്വത സുഖജീവിതത്തിനു വേണ്ടി നൈമിഷിക നേട്ടങ്ങളെ വെടിയുവാൻ തയ്യാറാകുന്ന വിശ്വാസിക്ക് അതിൽ നഷ്ടബോധം തോന്നുകയില്ല.

കൈക്കുഞ്ഞുമായി മനുഷ്യവാസമില്ലാത്ത മരുഭൂമിയിലേക്ക് ഭാര്യയെയും കൂട്ടി രക്ഷിതാവിന്റെ കൽപന പ്രാവർത്തികമാക്കുവാൻ ധൃതികാണിച്ച ഇബ്‌റാഹീം നബിﷺയിൽ നമുക്ക് ദർശിക്കാൻ കഴിയുന്നത് സർവവും അല്ലാഹുവിന് സമർപിച്ച മുസ്‌ലിമിനെയാണ്.

"നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോകരക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു" (ക്വുർആൻ 2:131).

മിനായിലെ മലമടക്കുകളിലൂടെ മകന്റെ കയ്യും പിടിച്ച് ധൃതിയിൽ നടക്കുമ്പോൾ ലക്ഷ്യം തെറ്റിക്കാൻ ദുർബോധനമുവാമായി വന്ന പിശാചിനെ കല്ലെറിഞ്ഞാട്ടി, കൈകാലുൾ ബന്ധിച്ച് കണ്ണും മുഖവും മൂടി പൊന്നുമോന്റെ നെറ്റിത്തടം മണ്ണിലേക്ക് ചേർത്ത് വലതു കയ്യിൽ കഠാര ഉയർത്തിയപ്പോൾ, രണ്ട് പേരുടെയും നിഷ്കളങ്കമായ സമർപ്പണമാണ്-ഇസ്‌ലാമാണ്-അവിടെ നാം കാണുന്നത്.

"അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പെടുകയും അവനെ നെറ്റി(ചെന്നി)മേൽ ചെരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ഹേ! ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്" (37:103-105).

നമ്മൾ മുസ്‌ലിംകളാണെന്ന് നാം അവകാശപ്പെടുന്നു; അതിൽ അഭിമാനിക്കുന്നു. നമ്മുടെ ജീവിതം നാം സ്രഷ്ടാവിന് സമർപിച്ചിട്ടുണ്ടോ? അവൻ അനുഗ്രഹമായിത്തന്ന കണ്ണും കാതും നാവും ബുദ്ധിയും ആരോഗ്യവും സമ്പത്തും ജീവിതവും നാം അവന് സമർപ്പിച്ചുവോ? അവ നൽകിയ സ്രഷ്ടാവിനോട് നാം നന്ദി കാണിക്കുന്നുണ്ടോ?

പ്രശ്നം വിശ്വാസ ദാർഢ്യത്തിന്റേത് തന്നെ. വിശ്വാസം ഹൃദയത്തിൽ ആഴ്ന്നിറങ്ങിയപ്പോൾ ത്യാഗത്തിന്റെയും സമർപണത്തിന്റെയും പ്രതീകങ്ങളാവാൻ യഥാർഥ മുഅ്മിനുകൾക്ക് കഴിഞ്ഞിട്ടുണ്ട് . ജീവതിത്തിലെ വലിയ സ്വപ്നമായ വിവാഹ ജീവിത്തിലേക്ക് പ്രവേശിച്ച ആദ്യനാളിൽ തന്നെ, ഒഴിവാകുവാൻ മതിയായ കാരണമുണ്ടായിട്ടും ആരും നിർബന്ധിക്കാതെ തന്നെ ഉഹ്ദിലേക്കുള്ള പടപ്പുറപ്പാടിന് ആഹ്വാനമുണ്ടായപ്പോൾ തന്റെ ജീവിതം ദൈവമാർഗത്തിൽ സമർപിക്കേണ്ട സമയമായെന്ന് സ്വയം മനസ്സിലാക്കുവാനും രണാങ്കണത്തിലേക്ക് പുറപ്പെടുവാനും ഹൻദ്വലത്ത്ബിൻ അബീ ആമിറിന് സാധിച്ചു. ആകാശത്ത് വെച്ച് മലക്കുകളുടെ കരങ്ങളാൽ കുളിപ്പിക്കപ്പെട്ട്, സ്വർഗം ഉറപ്പ് വരുത്തി, 'മലക്കുകൾ കുളിപ്പിച്ചയാൾ' എന്ന ഖ്യാതി നേടാൻ അദ്ദേഹത്തിനായി. "...തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്" എന്ന് ഇബ്‌റാഹീം നബിﷺയോടും ഇസ്മാഈൽ നബിﷺയോടും പറഞ്ഞത് അല്ലാഹു മലക്കുകളുടെ കരങ്ങളിലൂടെ കാണിച്ചു.

സ്വന്തം കൈകൊണ്ട് അധ്വാനിച്ചുണ്ടാക്കിയ ധാരാളം സമ്പത്ത് ഹിജ്‌റയിലൂടെ തന്റെ ജീവിതം അല്ലാഹുവിന് വേണ്ടി സമർപിക്കുവാൻ വേണ്ടി അബൂമുൻദിർ رضي الله عنه മക്കയിൽ ഉപേക്ഷിച്ചപ്പോൾ ന

ബി(സ്വ) പറഞ്ഞു: 'അബൂമുൻദിറിന്റെ കച്ചവടം ലാഭകരമായിരിക്കുന്നു.' "...തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്" എന്ന് ഇബ്‌റാഹീം നബിعليه السلامയോടും ഇസ്മാഈൽ നബിعليه السلامയോടും പറഞ്ഞത് അല്ലാഹു നബിﷺയുടെ നാവിലൂടെ കാണിച്ചു.

'തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു' എന്ന് ആത്മാർഥമായി പറയുവാൻ നമുക്ക് കഴിയണം. മുൻഗാമികൾക്ക് അതിന് കഴിഞ്ഞത് അല്ലാഹുവിനെ അറിഞ്ഞുൾക്കൊണ്ട് വിശ്വസിക്കുവാൻ കഴിഞ്ഞതും അന്ത്യദിനത്തെയും പരലോകത്തെയും പറ്റിയുള്ള ദൃഢമായ ഉറപ്പും ഓർമയുമുണ്ടായിരുന്നതിനാലാണ്.

അല്ലാഹുവിനെ അറിഞ്ഞ്, അവന്റെ മഹത്ത്വം മനസ്സിലാക്കി ആത്മാർഥമായി വിശ്വാസം ഉൾക്കൊണ്ടപ്പോൾ സർവവും അവന്ന് സമർപിക്കുവാനും അവന്റെ ഏത് കൽപനയും സന്തോഷത്തോടെ നിറവേറ്റുവാനും അവർക്ക് കഴിഞ്ഞു. കരുണാനിധിയായ (അർറഹീം) അല്ലാഹുവിനെ തിരിച്ചറിഞ്ഞപ്പോൾ, അവന്റെ കാരുണ്യം നഷ്ടപ്പെട്ടാലുള്ള നിർഭാഗ്യം വ്യക്തമായപ്പോൾ അവന്റെ കാരുണ്യം നേടാൻ പര്യാപത്മായ വഴികൾ അവർ തേടി.

"കാരുണ്യം കാണിക്കുന്നവരോട് പരമകാരുണികൻ കാരുണ്യം കാണിക്കും. നിങ്ങൾ ഭൂമിയിലുള്ളവരോട് ടാരുണ്യം കാണിക്കുവിൻ; (എങ്കിൽ) ആകാശത്തുള്ളവൻ നിങ്ങളോട് കാരുണ്യം കാണിക്കും" എന്ന നബിവചനം അവർ മനസാവാചാകർമണാ ഉൾക്കൊണ്ടു. അത് അവർ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി.

ഏറെ സ്നേഹിക്കുന്നവനായ (അൽവദൂദ്) അല്ലാഹുവിനെ അറിഞ്ഞപ്പോൾ അവന്റെ സ്നേഹത്തിനും പൊരുത്തത്തിനും വേണ്ട കാര്യങ്ങൾ അവർ അന്വേഷിച്ചു

"...നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്..." (ക്വുർആൻ 3:31). ഇത് അക്ഷരാർഥത്തിൽ അവർ ഉൾക്കൊണ്ടു. തങ്ങളുടെ വാക്കും നോക്കും ചലനങ്ങളും അവർ മതശാസനകൾക്ക് വിധേയമായി മാത്രമാക്കി. അല്ലാഹുവിന്റെ പൊരുത്തം മാത്രമുദ്ദേശിച്ച് ചെയ്യേണ്ട മുഴുവൻ കർമങ്ങളും ആത്മാർഥമായും അർപണബോധത്തോടും കൂടി അവർ നിർവഹിച്ചു.

സമ്പത്തിനോട് ഇഷ്ടവും ആവശ്യവുമുണ്ടായിട്ടും അനാഥർക്കും അഗതികൾക്കും ബന്ധനസ്ഥർക്കും വേണ്ടി അവർ അകമിഞ്ഞ് ചെലവഴിച്ചത് സമൂഹത്തിൽ അറിയപ്പെടാനും ആദരിക്കപ്പെടാനും വേണ്ടിയായിരുന്നില്ല; പരലോക വിജയം ആഗ്രഹിച്ച് മാത്രമായിരുന്നു. അല്ലാഹു അവരുടെ ഈ സദ്ഗുണം എടുത്തു പറയുന്നത് കാണുക:

"ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചുപോകുന്നതും ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു" (ക്വുർആൻ 76:8-10).

സമർപണത്തിലൂടെ സുരക്ഷിതമായ ഹൃദയം മാത്രം ശാശ്വത സമാധാനത്തിന്റെ വിലയായി സ്വീകരിക്കുന്ന പരലോകം മുന്നിൽ കണ്ടപ്പോൾ ആ സരണിയിൽ അണിചേരാൻ അവർ സന്നദ്ധരായി.

"അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ" (ക്വുർആൻ 26:88-90).

അങ്ങനെയുള്ള ഹൃദയത്തിന്റെ ഉടമകളായി മാറുവാനാണ് നാം പരിശ്രമിക്കേണ്ടത്. അതിന് ബോധപൂർവമുള്ള പരിശ്രമം അനിവാര്യമാണ്. ●



ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഹദീസ് പാഠം

# ചിരിയിലുമുണ്ട് ചില കാര്യങ്ങൾ

**ആഇശ ؓ പറയുന്നു: "നബി ﷺ ചെറുനാക്ക് കാണുന്നവിധത്തിൽ ചിരിക്കുന്നതായി ഞാൻ കണ്ടിട്ടേയില്ല; അവിടുന്ന് പുഞ്ചിരിതൂകുക മാത്രമാണ് ചെയ്തിരുന്നത്" (ബുഖാരി, മുസ്‌ലിം).**

മനുഷ്യന്റെ സവിശേഷതയാണ് ചിരിയും കരച്ചിലും. സന്തോഷവും സന്താപവുമാണ് ചിരിയിലേക്കും കരച്ചിലിലേക്കും മനുഷ്യനെ നയിക്കുന്നത്. എന്നാൽ എല്ലാ സന്തോഷവും ചിരിപ്പിക്കാറില്ല; എല്ലാ ദുഃഖവും കരയിപ്പിക്കാറുമില്ല. സന്തോഷവും ദുഃഖവും ഹൃദയസ്പർശിയായിരിക്കണം. അപ്പോഴാണ് ചിരിയോ കരച്ചിലോ ഉണ്ടാവുക.

സാദാചിരിയും പുഞ്ചിരിയും പൊട്ടിച്ചിരിയുമുണ്ട്. അവയിൽ തന്നെ അസ്സൽചിരിയും കള്ളച്ചിരിയും പരിഹാസച്ചിരിയുമുണ്ട്. അതുകൊണ്ടുതന്നെ ഒരാളുടെ മനോഭാവത്തെ അളക്കുവാനുള്ള മാനദണ്ഡമാണ് ചിരി. പ്രഗത്ഭ സാഹിത്യകാരനായ ദസ്തയെവ്സ്കി എഴുതി: "ഒരു മനുഷ്യനെ അടുത്തറിയണമെങ്കിൽ, അവന്റെ ആത്മാവിന്റെ അകക്കയങ്ങളിൽ എത്തിനോക്കണമെങ്കിൽ, അവൻ ചിരിക്കുന്നതു മാത്രം നോക്കിയാൽ മതി. അകളങ്കമായും അകമഴിഞ്ഞുമാണ് ചിരിക്കുന്നതെങ്കിൽ അവൻ തീർച്ചയായും നല്ലവനാണ്. മനുഷ്യപ്രകൃതത്തിന്റെ ഏറ്റവും നല്ല അളവുകോലാണ് ചിരി" (മനശ്ശാസ്ത്രം മാസിക 1990 മാർച്ച്).

അതിനാൽ ചിരിക്കും ഇസ്‌ലാമികമായ ചില മര്യാദകളുണ്ടെന്ന് ഇസ്‌ലാം പറയുന്നു. കാപട്യത്തിന്റെയും പരിഹാസത്തിന്റെയും ചിരി ഇസ്‌ലാം അംഗീകരിക്കുന്നില്ല. മറ്റുള്ളവരുടെ ശരീരത്തിനോ സംസാരത്തിനോ വൈകല്യമുണ്ടെങ്കിൽ അതു നോക്കി ചിരിക്കുന്നത് പരിഹാസച്ചിരിയാണ്. മൂസാനബി ؑ ഫിർഔനിന്റെയും പൗരപ്രമുഖരുടെയും അടുത്തുചെന്ന് ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നു പറഞ്ഞപ്പോൾ അവർ പരിഹസിച്ചു ചിരിച്ചതായി ക്വുർആൻ 43:47ൽ പറയുന്നുണ്ട്. ഒരാളോട് മനസ്സിൽ പകവെച്ചുകൊണ്ട്; 'നിന്നെ ഞാൻ കാണിച്ചുതരാ'മെന്ന് ആത്മഗതം ചെയ്തുകൊണ്ട് ചിരിക്കുന്നവരുണ്ട്. അത്തരം ചിരി കള്ളച്ചിരിയാണ്; കാപട്യമാണ്. 'അകത്തു കത്തിയും പുറത്തു പത്തിയും' എന്ന പഴമൊഴി ഇത്തരം സ്വഭാവത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

നബി ﷺ പുഞ്ചിരിതൂകുന്ന പ്രകൃതക്കാരനായിരുന്നു; പൊട്ടിച്ചിരിക്കാറുണ്ടായിരുന്നില്ല എന്നാണ് അവിടത്തെ പത്നി ആഇശ ؓ വെളിപ്പെടുത്തുന്നത്. അപൂർവം ചില സന്ദർഭങ്ങളിൽ അദ്ദേഹം നന്നായി ചിരിച്ചതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. പക്ഷേ, പൊട്ടിച്ചിരിക്കുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആളുകളെ ചിരിപ്പിക്കുവാനായി വഷളൻ തമാശകൾ പറയുകയും എന്നിട്ട് വെറുപ്പ് തോന്നിപ്പിക്കുന്ന രൂപത്തിൽ അത്യുച്ചത്തിൽ പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന ചിലരുണ്ട്. എപ്പോഴും പൊട്ടിച്ചിരിക്കുന്ന 'ചിരിക്കുടുക്ക'കളുമുണ്ട്. അത് മാന്യതയല്ലാത്തതിനാൽ മാന്യന്മാർ അത്തരം സ്വഭാവക്കാരെ ഇഷ്ടപ്പെടില്ല.

നബി ﷺ പറഞ്ഞു: "ഒരു നന്മയെയും നീ നിസ്സാരമായി കാണരുത്; നിന്റെ സഹോദരനെ പ്രസന്നവദനത്തോടെ കണ്ടുമുട്ടുന്നതു പോലും" (മുസ്‌ലിം). ജരീർ ؓ പറയുന്നു: "കാണുമ്പോഴൊക്കെ നബി ﷺ എന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുമായിരുന്നു" (ബുഖാരി). അബ്ദുല്ലാഹിബ്നു ഹാരിസ് ؓ പറയുന്നു: "അല്ലാഹുവിന്റെ ദൂതനെക്കാൾ കൂടുതൽ പുഞ്ചിരി തൂകുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല" (തിർമിദി).

മുഖം മനസ്സിന്റെ കണ്ണാടിയാണെന്നാണ് പഴമൊഴി. മനസ്സിലെ വിചാര വികാരങ്ങളുടെ പ്രതിഫലനങ്ങൾ മുഖത്ത് പ്രകടമാകുമെന്നർഥം. മനസ്സിൽ സ്നേഹവും കാരുണ്യവുമുണ്ടെങ്കിലേ മുഖത്ത് പുഞ്ചിരി വിടരൂ. മനസ്സ് നിർമലമല്ലെങ്കിൽ അതിൽ സ്നേഹമുണ്ടാകില്ല; പകരം വെറുപ്പും വിദ്വേഷവുമാണുണ്ടാവുക. അത്തരം മനസ്സുള്ളവന് എങ്ങനെ ആത്മാർഥമായി പുഞ്ചിരിക്കുവാൻ കഴിയും?

പരിചയമുള്ള ഒരാളെ കണ്ടുമുട്ടിയിട്ട് അങ്ങോട്ട് പുഞ്ചിരിച്ചിട്ടും അയാൾ തിരിച്ച് പുഞ്ചിരിച്ചില്ലെങ്കിൽ അവർ തമ്മിലുള്ള ബന്ധം മുറിയാൻ സാധ്യതയുണ്ട്. അയാൾ ഒരു പക്ഷേ, ചിരിക്കുവാനുള്ള 'മൂഡി'ലായിരിക്കില്ല; അല്ലെങ്കിൽ പെട്ടെന്ന് ആളെ മനസ്സിലാകാത്തതുകൊണ്ടാവാം. അതൊന്നും മറ്റേ വ്യക്തിക്കറിയില്ല. 'എന്നോടൊന്ന് ചിരിക്കുകകൂടി ചെയ്തില്ലല്ലോ' എന്ന സങ്കടത്തിലായിരിക്കും അയാൾ.

അതാണ് പുഞ്ചിരിയുടെ പ്രസക്തി. ആളെ സ്വീകരിക്കുമ്പോൾ, യാത്രയാക്കുമ്പോൾ, സംസാരിക്കുമ്പോൾ... അങ്ങനെ ഉചിതമായ സന്ദർഭങ്ങളിലെല്ലാം പുഞ്ചിരിക്കാം. അകാരണമായും എപ്പോഴുമുള്ള 'ചിരി' മാന്യതയ്ക്കു ചേർന്നതല്ല. ●

നമുക്ക് ചുറ്റും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# തകർന്നടിയുന്ന നോട്ടുകൊട്ടാരം




പ്രഖ്യാപനങ്ങളും പ്രസ്താവനകളും കൊണ്ട് പർവതീകരിച്ച സാമ്പത്തിക പരിഷ്കാരത്തിന്റെ കണ്ണാടി മാളിക അതിവേഗം തകർന്ന് നിലംപരിശാകുന്നതിന്റെ ദുരന്ത സാക്ഷികളായി മാറിയിരിക്കുകയാണ് ഇന്ത്യൻ ജനത. സ്വാതന്ത്ര്യം അർധരാത്രിയിൽ കിട്ടിയതുകൊണ്ടായിരിക്കാം സാമ്പത്തിക പരിഷ്കരണത്തിന്റെ ഇരുട്ടടികളൊക്കെ കടന്നുവന്നത് അർധരാത്രിയിൽ തന്നെയാണ്.

ലോകം ആദരിക്കുന്ന സാമ്പത്തിക വിശാരദൻ ഡോ. മൻമോഹൻസിങ് പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് പക്വമായി കൈകാര്യം ചെയ്ത രാജ്യത്ത്, തീർത്തും ഭീതിജനകമായ സാഹചര്യമാണ് സംജാതമാകുന്നത്. കള്ളപ്പണം കടങ്കഥയാകുമെന്ന് പറഞ്ഞ് തുടങ്ങിയ സാമ്പത്തിക നടപടി കള്ളനോട്ടടിക്കാർ പരസ്പരം കൂട്ടിമുട്ടി നടക്കാനാകാത്ത സ്ഥിതിവിശേഷത്തിലെത്തിച്ചിരിക്കുകയാണ്.

എൺപത് ശതമാനത്തിലധികം പേരും പേപ്പർ കറൻസി ഉപയോഗിക്കുന്ന ഒരു നാട്ടിൽ ഇനി നാം ക്യാഷ്ലെസ്സായി മാറും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ആദ്യത്തെ ഡിജിറ്റൽ ഇരുട്ടടി നോട്ടുനിരോധനത്തിന്റെ പേരിൽ കിട്ടിയത്. ഭൂരിഭാഗം പേരും ക്രയ വിക്രയത്തിനുപയോഗിക്കുന്ന 500, 1000 കറൻസികൾ ഒറ്റയടിക്ക് പിൻവലിച്ചതിന്റെ പ്രത്യാഘാതങ്ങൾ ഇനിയും പുറത്ത് വരാനിരിക്കുന്നതേയുള്ളൂ.

നൂറുകോടി ജനതയുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട പെരുമാറ്റചട്ടങ്ങളും കീഴ്വഴക്കങ്ങളും ഗൗനിക്കാതെയാണ് നോട്ട് നിരോധനം കൊണ്ടുവന്നത്. വേണ്ടത്ര ഗൃഹപാഠം പോലും പ്രഖ്യാപനത്തിന് മുമ്പ് നടന്നിട്ടില്ല എന്നുള്ളതിന്റെ തെളിവാണ് പുതിയ കറൻസികളുടെ അച്ചടിയുടെ 30 ശതമാനം പോലും പ്രസ്തുത സമയത്ത് പൂർത്തിയായിട്ടുണ്ടായിരുന്നില്ല എന്ന വെളിപ്പെടുത്തൽ.

വാജ്പേയി ഭരണകാലത്ത് സാമ്പത്തിക മന്ത്രിയായിരുന്ന മുതിർന്ന ബി.ജെ.പി നേതാവ് യശ്വന്ത് സിൻഹ നടത്തിയ വെളിപ്പെടുത്തലുകളാണ് പുതിയ വിവാദങ്ങൾക്ക് പിറകിൽ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉദ്പാദന നിരക്ക് വളർച്ചയിൽ ഗണ്യമായ പതനം ഉണ്ടായിരിക്കുന്നുവെന്ന പ്രസ്താവനയെ പിന്തുണച്ചുകൊണ്ടാണ് ഏറ്റവും വലിയ ദേശവൽകൃത സാമ്പത്തിക സ്ഥാപനമായ എസ്.ബി.ഐ പുതിയ കണക്കുകൾ പുറത്ത് വിട്ടത്.

'സംഘടിത കൊള്ള', 'നിയമാനുസൃത കവർച്ച' തുടങ്ങിയ വിശേഷണങ്ങൾ നൽകിയാണ് പുതിയ ഇന്ത്യയിലെ സാമ്പത്തിക ശിൽപി ലോക്സഭയിൽ നോട്ട് നിരോധനത്തെ കുറിച്ച് പ്രതികരിച്ചത്. പൊതുവെ മിതഭാഷിയായ സിംഗിന്റെ സംസാരം അതിശയോക്തി കലർന്നത് മാത്രമായിട്ടാണ് പലരും ഗണിച്ചത്. അദ്ദേഹം പറഞ്ഞത് അച്ചട്ട് സത്യമായി പുലർന്നിരിക്കുന്നു. ഒരു രാജ്യം സാമ്പത്തിക തകർച്ചയുടെ കയങ്ങളിലേക്ക് അതിദയനീയമായി കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നതിന്റെ സൂചനകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

നോട്ട് നിരോധനത്തിന്റെ കെടുതികൾ കൊടുമ്പിരി കൊണ്ടിരിക്കുന്ന സമയത്ത് തന്നെയാണ് ജി.എസ്.ടി എന്ന കൊടുംനികുതി നിയമം രാജ്യത്തുടനീളം നടപ്പിലാക്കിയത്. ക്ഷേമരാഷ്ട്രം എന്ന രാഷ്ട്ര ശിൽപികളുടെ സ്വപ്നങ്ങൾ അപ്പാടെ നിരാകരിക്കുന്ന പിടിച്ചുപറിയാണ് ജി.എസ്.ടി. രാജ്യം അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ പൗരന്മാരിൽ നിന്ന് അമിത നികുതി പിടിച്ചുപറിക്കുന്ന ദൃശ്യങ്ങളാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

സാമ്പത്തിക രംഗത്ത് ഇതുപോലെയുള്ള കുത്തഴിഞ്ഞ സ്ഥിതി തുടർന്നാൽ ഇന്ത്യ അധികം വൈകാതെ പട്ടിണിരാജ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. മാറി മാറി വരുന്ന രാഷ്ട്രീയ പാർട്ടികളുടെ ഇംഗിതങ്ങൾക്കനുസരിച്ച് ഒരു രാജ്യത്തിന്റെ സാമ്പത്തിക നയം തീരുമാനിക്കുന്ന അവസ്ഥക്ക് മാറ്റം വന്നിട്ടില്ലെങ്കിൽ ലോകത്തിന് മുന്നിൽ തല ഉയർത്താൻ കഴിയാത്ത ഒരു പറ്റം പൗരന്മാരായി നാം അവശേഷിക്കും.

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244



## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുണ്ടുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Oct 14 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840